www.malankaralibrary.com

ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

# സൺഡെ സ്കൂൾ
# പാഠാവലി

CLASS VIII

(PART II)

★

പൌരസ്ത്യ ഓർത്തഡോക്സ്
സിറിയൻ സൺഡെ സ്കൂൾ
അസ്സോസിയേഷൻ

O.S.S.A.E.

SUFFER LITTLE CHILDREN TO COME UNTO ME

www.malankaralibrary.com

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ
സൺഡേസ്കൂൾ

# പാഠാവലി VIII

(PART –II)

ക്ലാസ്സ് — 8

(ശ്രേഷ്ഠാനുമതിയോടുകൂടി
പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ
സൺഡേസ്കൂൾ അസ്സോസിയേഷൻ വകയായി
പ്രസിദ്ധം ചെയ്യുന്നത്)

(8–ാം പതിപ്പ്– കോപ്പി 6000)

വില 2 രൂപ

അസ്സോസിയേഷൻ മുദ്രയില്ലാത്ത പ്രതി വ്യാജ നിർമ്മിതമാകുന്നു.

www.malankaralibrary.com

# വിഷയവിവരം


| | | |
|---|---|---|
| | | പേജ് |
| 1. | ആദിമസഭാ ചരിത്രം | 3–9 |
| 2. | ആദിമ ക്രൈസ്തവ സഭ അനുഭവിക്കേണ്ടി വന്ന പീഢകൾ | 9–14 |
| 3. | ആദിമ സഭാപിതാക്കന്മാർ | 15–31 |
| 4. | ദയറാ പ്രസ്ഥാനം | 31–35 |
| 5. | പൊതുസുന്നഹദോസുകൾ | 36–60 |
| 6. | പാത്രിയർക്കാ സിംഹാസനങ്ങൾ | 61–69 |
| 7. | ആദിമസഭയിലെ വിശ്വാസാചാരങ്ങൾ | 69–79 |
| 8. | ഏഴുകൂദാശകൾ | 79–84 |
| 9. | വി. കർബാനയുടെ ലഘുപഠനം— നാലാം ഭാഗം | 85–91 |


Printed at the Yamuna Press, Kottayam–4
1981

www.malankaralibrary.com

Biju R. John
KANNANTHURUTHIL
Pariyaram P.O.

# ആദിമ സഭാചരിത്രം

## അദ്ധ്യായം 1

## സഭാസ്ഥാപനം

ദൈവപുത്രനായ യേശുമ്ശിഹാ തിരുസഭയെ സ്ഥാപിച്ചു. ത്രിത്വത്തിൽ രണ്ടാമനായ താൻ നമുക്കും നമ്മുടെ രക്ഷക്കുംവേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി വി. റൂഹായിൽനിന്നും ദൈവമാതാവായ വി. കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കുവേണ്ടി കുരിശിക്കപ്പെട്ട് കഷ്ടമനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്കു കരേറി. തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും, ജീവനുള്ളവരേയും മരിച്ചവരേയും ന്യായംവിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും ആകുന്നുവെന്നു നാം വിശ്വസിച്ചേറ്റുപറയുന്നു. മേൽപറഞ്ഞ ഭാഗത്തുനിന്നും രണ്ടുകാര്യങ്ങൾ വി. സഭയുടെ സ്ഥാപകനെക്കുറിച്ച് നമുക്കു സ്പഷ്ടമായിത്തീരുന്നു.

1. വി. സഭയുടെ സ്ഥാപകൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. അവൻ ഇപ്പോഴും ജീവനുള്ളവനായി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. അവൻ ഇനിയും വരും.

2. 'പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ' എന്നു പറഞ്ഞിരിക്കുന്നതിനാൽ തന്റെ ചരിത്രപരമായ യാഥാർത്ഥ്യത്തെയും കാണുവാൻ സാധിക്കുന്നു. ഈ പീലാത്തോസ് ഒരു നാടുവാഴി (ഗവർണ്ണർ) ആയിരുന്നു. നമ്മുടെ കർത്താവിന്റെ ക്രൂശുമരണകാലത്തെ റോമ്മാസാമ്രാജ്യ ചക്രവർത്തി തീബേര്യോസ് കൈസറായിരുന്നു. തീബേര്യോസിന്റെ വാഴ്ചയുടെ 19–ാം ആണ്ടിൽ (എ. ഡി. 30) പീലാത്തോസ് ഗവർണ്ണറായിരിക്കുമ്പോളത്രെ നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടതു്.

www.malankaralibrary.com



ആകയാൽ വി. സഭയുടെ സ്ഥാപകൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും എന്നും താൻ ചരിത്രപുരുഷൻ എന്നതും കാര്യമായി നാം മനസ്സിലാക്കേണ്ടതാകുന്നു.

മ്ശിഹാ തിരുസഭയെ സ്ഥാപിക്കയും പരിശുദ്ധാത്മാവിന്റെ കൃപകളെ പ്രാപിക്കുന്നതിനുള്ള സർവ്വമാർഗ്ഗങ്ങളും അതിനു പ്രദാനംചെയ്കയും ചെയ്തു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്നു കർത്താവ് വി. പത്രോസിനോടു കല്പിച്ചതിനാൽ താൻ തന്നെയാണ് സഭ സ്ഥാപിച്ചതെന്നും, 'എന്റെ സഭ' എന്നു പറഞ്ഞിരിക്കുന്നതിനാൽ അതിന്മേൽ തനിക്ക് അധികാരവും അവകാശവും ഉണ്ടെന്നും സ്പഷ്ടമാകുന്നു. നമ്മുടെ കർത്താവ് തന്റെ സഭയെ പണിതത് വി. പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസമാകുന്ന അടിസ്ഥാനത്തിന്മേൽ ആകുന്നു. ഈ വി. സഭയെക്കുറിച്ച് മൂന്നു കാര്യങ്ങൾ നാം ഓർത്തിരിക്കണം.

1. വി. സഭ എന്നു പറഞ്ഞാൽ മരിച്ചവരും ജീവനുള്ളവരും മേലാൽ വി. സഭയിൽ ചേരുവാനിരിക്കുന്നവരുമായ വിശ്വാസികളുടെ കൂട്ടമെന്നർത്ഥമാകുന്നു.

2. ദൈവപുത്രനാൽ സ്ഥാപിതമാകയാൽ അത് എന്നേക്കും നിലനിൽക്കുന്നതാകുന്നു. 'അവന്റെ രാജ്യത്തിന് അവസാനമുണ്ടാകയില്ല'.

3. മനുഷ്യവർഗ്ഗത്തിന്മേൽ ആധിപത്യം ചെയ്തിരുന്ന ആദാമ്യപാപത്തെ മുഴുവനായി നീക്കിക്കളഞ്ഞു പാപത്തിന്റെ അടിമയിൽനിന്നു മനുഷ്യവർഗ്ഗത്തെ നമ്മുടെ കർത്താവ് വീണ്ടെടുക്കുകയും ഈ രക്ഷാകരമായ പ്രവൃത്തി തുടരുവാൻ വി. സഭയ്ക്ക് അധികാരം നൽകുകയും ചെയ്തു.

ഇങ്ങനെ അതിവിശുദ്ധമായ തിരുസഭയുടെ ആദ്യകാലത്തെ ചരിത്രം അല്പമായെങ്കിലും നാം ഗ്രഹിച്ചിരിക്കേണ്ടതാണ്.

## പെന്തിക്കോസ്തിയിലെ മഹാ അത്ഭുതം

തിരുസഭയുടെ സ്ഥാപകനായ നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു. അതിനുശേഷം പത്തുദിവസങ്ങൾ വി. ശ്ലീഹാന്മാരും വി. ദൈവമാതാവായ മറിയാമും, നമ്മുടെ കർത്താവിൽ വിശ്വസിച്ചിരുന്ന പലരും ഏകമനസ്സോടെ സദാ പ്രാർത്ഥനയിൽ

ചെലവഴിക്കുകയും നമ്മുടെ കർത്താവിന്റെ വാഗ്ദാനപ്രകാരമുള്ള
വിശുദ്ധ റൂഹായുടെ വരവിനായി പ്രാർത്ഥിച്ചു കാത്തിരിക്കുകയും
ചെയ്തു. ഇവർ പ്രാർത്ഥനയിൽ ഉററിരുന്നതായ സ്ഥലത്തെക്കുറിച്ച്
ഈ അവസരത്തിൽ നാം അറിഞ്ഞിരിക്കേണ്ടതാണ്. ഇത് വിശു
ദ്ധ മർക്കോസിന്റെ ഭവനമായിരുന്നു.

ഈ വിശുദ്ധ മർക്കോസിന്റെ മാതാവിന്റെ പേർ മറിയാം
എന്നായിരുന്നു. അവർക്ക് ഊർശ്ലേമിൽ ഒരു ഭവനമുണ്ടായിരുന്നു.
ഈ ഭവനം നമ്മുടെ കർത്താവിന്റെ പാദസ്പർശനംമൂലം ലോക
പ്രസിദ്ധമായിട്ടുള്ളതാകുന്നു. മ്ശിഹാതമ്പുരാൻ പെസഹാ ഭക്ഷിക്കു
കയും ശിഷ്യന്മാരുടെ പാദങ്ങളെ കഴുകുകയും, തന്റെ ശരീരരക്ത
ങ്ങളാകുന്ന വി. കർബ്ബാന സ്ഥാപിക്കുകയും ചെയ്തത് ഈ ഭവന
ത്തിൽവച്ചായിരുന്നു. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനശേ
ഷം ശ്ളീഹന്മാർ കതകുകൾ അടച്ച് ഈ ഭവനത്തിൽ ഇരിക്കുമ്പോ
ളായിരുന്നു താൻ അവരുടെ നടുവിൽ എഴുന്നെള്ളിയത്. താൻ അ
വരുടെമേൽ ഊതി 'നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾ
വിൻ! ആരുടെ പാപങ്ങൾ നിങ്ങൾ ക്ഷമിക്കുമോ അവ ക്ഷമിക്ക
പ്പെടുകയും 'ആരുടെ പാപങ്ങൾ നിങ്ങൾ പിടിക്കുന്നുവോ അവ
പിടിക്കപ്പെടുകയും ചെയ്യു'മെന്ന് അവരോട് കല്പിച്ച് അവർക്ക്
പുരോഹിത്യാധികാരം പ്രദാനം ചെയ്തതും ഈ ഭവനത്തിൽവച്ചാ
യിരുന്നു. ഇവിടെവച്ചുതന്നെയാണ് യൂദാസ്കറിയോത്തായ്ക്കുപ
കരം വി. മത്തിയാസിനെ തെരഞ്ഞെടുത്തത്. ഇനിയും നാം പ
ഠിക്കാനിരിക്കുന്നപ്രകാരം വി. ശ്ളീഹന്മാരുടെമേൽ വി. റൂഹാ
ഇറങ്ങിയതും ഈ ഭവനത്തിൽവച്ചായിരുന്നു. ഇപ്രകാരം വളരെ
മാഹാത്മ്യമേറിയ ഈ ഭവനത്തിനെ പരിശുദ്ധാത്മലബ്ധിക്കുശേ
ഷം ശ്ളീഹന്മാർ വി. ദൈവമാതാവിന്റെ നാമത്തിലുള്ള ദൈവാ
ലയമായി പ്രതിഷ്ഠിച്ചു. ഇതത്രെ ഒന്നാമത്തെ ക്രൈസ്തവ ദൈവാല
യം. വി. ശ്ളീഹന്മാർ എപ്പോഴും പ്രാർത്ഥനയ്ക്കായി കൂടിയിരു
ന്നത് ഇവിടെയായിരുന്നു. വി. പത്രോസ് കാരാഗൃഹത്തിലാ
യിരുന്നപ്പോൾ ശ്ളീഹന്മാരും, വിശ്വാസികളും തീക്ഷ്ണതയോ
ട് പ്രാർത്ഥിച്ചിരുന്നതും, കാരാഗൃഹത്തിൽനിന്ന് വി. പത്രോസ്
തിരിച്ചുവന്നതും ഈ ഭവനത്തിലാണ്. 5–ാം തുബ്ദേനിൽ 'ഊർ
ശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ളീ
ഹായും സ്വഹദായുമായ നമ്മുടെ കർത്താവിന്റെ സഹോദരൻ വി.
യാക്കോബ് ഇതിനെ എപ്പിസ്കോപ്പൽ സിംഹാസനമാക്കി

www.malankaralibrary.com



ത്തീർത്തു. അതു മുതലുള്ള വി. സഭയുടെ ഊർശ്ലേമിൻെറ മെത്രാപ്പോലീത്തന്മാർ ഇന്നുവരെയും ഈ ഭവനത്തിൽതന്നെ അധിവസിച്ചിരുന്നു. ഇതു് ഇപ്പോഠം മാർ മർക്കോസിൻെറ ദയറ; സെഹിയോൻ മാളിക എന്ന പേരുകളിൽ നമ്മുടെ വി. സുറിയാനി സഭയുടെ അമൂല്യസ്വത്തായി സ്ഥിതിചെയ്യുന്നു.

ഈ അനുഗ്രഹീതഭവനത്തിൽവച്ചാണു് വി. റൂഹാശ്ലീഹന്മാരുടെമേൽ ആവസിച്ചതെന്നു് മുമ്പുപറഞ്ഞുവല്ലാ. ഇടവമാസം 13—ാം തീയതി ഞായറാഴ്ചയാണു് വി. റൂഹാ അവരുടെമേൽ ആവസിച്ചതെന്നു് ബാർ എബ്രായ എന്ന മഹാപണ്ഡിതനായ പിതാവു പറയുന്നുണ്ടു്. ശ്ലീഹന്മാരും വിശ്വാസികളും മാളികയിലിരിക്കുമ്പോഠം ആദ്യമായി ഒരു ശബ്ദം കേഠക്കുകയും പിന്നീടു് വി. റൂഹാ അഗ്നിനാവിൻെറ സാദൃശ്യത്തിൽ ശ്ലീഹന്മാർ ഓരോരുത്തൻെറയുംമേൽ ആവസിക്കുകയും ചെയ്തു. അപ്പോഠം അവരെല്ലാം പ. റൂഹായുടെ ശക്തികൊണ്ടു നിറഞ്ഞു. (അ. പ്ര. 2:4)

നമ്മുടെ കർത്താവിൻെറ സുവിശേഷം ലോകത്തെങ്ങും പ്രചരിപ്പിക്കുവാനും ഏതുവിധ ചുററുപാടുകളിലും ഏതെല്ലാം പ്രയാസങ്ങളും ഞെരുക്കങ്ങളും വന്നാലും ധൈര്യത്തോടുകൂടി അവയെ നേരിടുവാനുള്ള പ്രാപ്തി വി. ശ്ലീഹന്മാർക്കു ലഭിച്ചു. അവരുടെ പ്രവർത്തനത്തിനു് അവർക്കു് സഹായകമായിരിപ്പാൻ തക്കവണ്ണം മൂന്നുവിധ ആയുധങ്ങഠം അവരെ ധരിപ്പിച്ചു.

1. ലോകത്തിലെ സർവ്വ ഭാഷക്കാർക്കും ഗ്രഹിക്കുവാൻ തക്കവണ്ണം അവർക്കു സംസാരിപ്പാൻ പ്രാപ്തികൊടുത്തു. പെന്തിക്കോസ്തിയിലെ വി. ശ്ലീഹന്മാരുടെ പ്രസംഗങ്ങഠം നാനാരാജ്യങ്ങളിൽനിന്നും ആഗതരായിരുന്ന ഏവർക്കും ഗ്രഹിക്കുവാൻ സാധിച്ചു. വി. പത്രോസിൻെറ പ്രസംഗംമൂലം 3000 ആളുകഠം ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് മാമ്മൂദീസാകൈക്കൊണ്ടു.

2. വിശുദ്ധ റൂഹാ ശ്ലീഹന്മാർക്കു ശക്തിയും ധൈര്യവും, കേഠവിക്കാരിൽ മാനസാന്തരമുണ്ടാകത്തക്കവിധം അവരുടെ വചനങ്ങഠംക്കു ശക്തിയും നൽകി. പലരുടെയും ഹൃദയങ്ങളിലേക്കു് അവരുടെ വചനങ്ങഠം തുളച്ചുകയറുകയും 'സഹോദരപുരുഷന്മാരെ ഞങ്ങഠം എന്തുചെയ്യേണ്ടു?' എന്നു ചോദിപ്പാൻ തക്കവണ്ണം കേഠവിക്കാർക്കു മനഃപരിവർത്തനം ഉണ്ടാകുകയും ചെയ്തു.

www.malankaralibrary.com



3. നമ്മുടെ കർത്താവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിപ്പാൻ അവർക്കു ശക്തി ലഭിച്ചു. സുന്ദരം എന്ന ഗോപുരവാതുക്കൽ ഭിക്ഷാടനം ചെയ്തുകൊണ്ടിരുന്ന മുടന്തനെ വിശുദ്ധ പത്രോസും യോഹന്നാനും കൂടി സൗഖ്യമാക്കി ഈ അത്ഭുത സംഭവംമൂലം അനേകർ മ്ശിഹായിൽ വിശ്വസിച്ചു. അന്നുതന്നെ വിശുദ്ധ സഭാംഗങ്ങൾ അയ്യായിരമായി വർദ്ധിച്ചു അ. പ്ര. 4:4).

## VI. സഭ ലോകമെങ്ങും വ്യാപിക്കുന്നത്

നമ്മുടെ കർത്താവിനാൽ സ്ഥാപിതമായ വി. സഭ വി. ശ്ലീഹന്മാരുടെ വിശുദ്ധാത്മശക്തിയോടുകൂടിയ പ്രവർത്തനംമൂലം ലോകമെങ്ങും എത്രയും ക്ഷണത്തിൽ തന്നെ വ്യാപിച്ചുതുടങ്ങി. ശ്ലീഹന്മാർ വിശുദ്ധാത്മ നിയോഗപ്രകാരം ലോകത്തിന്റെ നാനാ ഭാഗങ്ങളിലേയ്ക്കും നമ്മുടെ കർത്താവിന്റെ സുവിശേഷം വഹിച്ചുകൊണ്ടു പുറപ്പെട്ടു.

വിശുദ്ധ പത്രോസ് യറുശലേം, യോപ്പാ ആദിയായ പലസ്തീനിൽപെട്ട പല സ്ഥലത്തും സഭ പ്രചരിപ്പിക്കയും, അന്ത്യോക്യയിൽ സിംഹാസനം സ്ഥാപിക്കയും ചെയ്തു. വിശുദ്ധ യോഹന്നാൻ, എപ്പേസൂസിൽ താമസിച്ചുകൊണ്ട് ചുററുമുള്ള പ്രദേശങ്ങളിൽ സുവിശേഷവെളിച്ചം പരത്തി. അറിയിപ്പുകാരനായ മർക്കോസ് അലക്സന്ത്രിയായിൽ സഭ സ്ഥാപിച്ചു. കർത്താവിന്റെ കല്പനപ്രകാരം തോമ്മാശ്ലീഹാ ഇൻഡ്യയിൽ വരികയും പശ്ചിമതീരത്തും പൂർവ്വതീരത്തും സഭ സ്ഥാപിക്കുകയുണ്ടായി. സുവിശേഷഘോഷണത്തിൽ വിശുദ്ധ പൗലൂസിന്റെ സ്ഥാനം അദ്വിതീയമാണ്. അദ്ദേഹം ഏഷ്യാമൈനറിലും, റോം, കോറിന്ത്, ഫിലിപ്യാ ആദ്യയായ യൂറോപ്യൻ പട്ടണങ്ങളിലും, സ്പെയിൻവരെയും ക്രിസ്തീയഉപദേശം പ്രചരിപ്പിച്ചു. മററ് അപ്പോസ്തലന്മാരും ഇതുപോലെ ഓരോ സ്ഥലങ്ങളിൽ സുവിശേഷഘോഷണം നടത്തി സാക്ഷിമരണം പ്രാപിച്ചതായി വിശ്വസിക്കപ്പെടുന്നു.

മേൽപറഞ്ഞ വിവരങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാവുന്ന കാര്യങ്ങൾ:—

1. നമ്മുടെ കർത്താവിന്റെ ശിഷ്യന്മാർ വിശ്രമം കൂടാതെ പരിശുദ്ധാത്മസഹായത്തോടെ സുവിശേഷഘോഷണം നടത്തി

www.malankaralibrary.com



2. അവരെല്ലാവരും തങ്ങളുടെ കർത്താവിനെപ്രതി അനവധി പീഡകൾ സഹിക്കയും വിശുദ്ധ യൂഹാനോൻ ഒഴികെ മറ്റെല്ലാവരും സാക്ഷിമരണം പ്രാപിക്കയും ചെയ്തു.

3. ശ്ലീഹന്മാരുടെ കാലത്തുതന്നെ അറിയപ്പെട്ടിരുന്ന എല്ലാം ഭൂഖണ്ഡങ്ങളിലും സുവിശേഷത്തിന്റെ വിത്തു വിതയ്ക്കപ്പെട്ടു. ഏഷ്യാ, യൂറോപ്പ്, ആഫ്റിക്കാ എന്നീ ഭൂഖണ്ഡങ്ങളിൽ നമ്മുടെ കർത്താവിന്റെ ജീവിദായകമായ വചനങ്ങൾ ഘോഷിക്കപ്പെട്ടു.

## പുണ്യവാനായ വി. യാക്കൂബ്

5–ാം തുബ്ദേനിൽ 'യെറുശലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും, പുണ്യവാനും ശ്ലീഹായും സഹദായുമായ യാക്കൂബ്' എന്നു പറഞ്ഞിരിക്കുന്ന ദേഹം, വി. ദൈവമാതാവിനു് വിവാഹം നിശ്ചയിക്കപ്പെട്ട വി. യൗസേപ്പിന്റെ ആദ്യഭാര്യയിലെ പുത്രനായിരുന്നു. നമ്മുടെ കർത്താവിന്റെ ഉയർപ്പിനുശേഷം സ്വർഗ്ഗാരോഹണത്തിനു മുമ്പായി നമ്മുടെ കർത്താവു് ഈ വി. യാക്കൂബിനു പ്രത്യക്ഷപ്പെട്ടു (1 കോ 15:7). ശ്ലീഹന്മാർ ഇദ്ദേഹത്തെ ഊർശ്ലേമിന്റെ എപ്പിസ്ക്കോപ്പയായി വാഴിച്ചുനിയമിച്ചു. ഇദ്ദേഹം വളരെ വിശുദ്ധനായിരുന്നു. വീഞ്ഞും മാംസവും ഉപയോഗിക്കയോ മുടി ക്ഷൗരം ചെയ്യിക്കയോ ചെയ്തിരുന്നില്ല. എപ്പോഴും മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചിരുന്നതിനാൽ ഒട്ടകത്തിന്റെ മുട്ടുകൾ പോലെ തഴമ്പുള്ള മുട്ടുകളായിരുന്നു അദ്ദേഹത്തിന്റേതു്. ഇദ്ദേഹം ചെരുപ്പുപോലും ഉപയോഗിച്ചിരുന്നില്ല. ഈ വി. ശുദ്ധന്റെ പ്രാർത്ഥനയാൽ മഴപെയ്യുകയും യഹൂദന്മാർക്കു് ഇദ്ദേഹത്തോടുള്ള ബഹുമാനം വർദ്ധിക്കുകയും ചെയ്തു. പക്ഷെ കാലാന്തരത്തിൽ വി. യാക്കൂബിനോടുള്ള വൈരം അവർക്കു വർദ്ധിക്കയത്രെ ചെയ്തതു്. നമ്മുടെ കർത്താവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസം പരസ്യമായി തള്ളിപ്പറയണമെന്നു് അവർ തന്നെ നിർബന്ധിച്ചു. മരണം വന്നാലും പതറാത്ത വിശുദ്ധനുണ്ടോ അതിനു സമ്മതിക്കുന്നു! അവസാനം ഒരു ദിവസം അവർ അദ്ദേഹത്തെ യറുശലേം ദേവാലയത്തിന്റെ അഗ്രിമസ്ഥാനത്തു നിറുത്തി യേശു ആരെന്നു സാക്ഷിക്കുവാൻ ആവശ്യപ്പെട്ടു. യേശു സാക്ഷാൽ ദൈവപുത്രനെന്നു് അദ്ദേഹം പരസ്യമായി ഉറച്ച സ്വരത്തിൽ വിളിച്ചുപറഞ്ഞു. കോപാന്ധരായ യഹൂദന്മാർ ചാടിക്കയറി വിശുദ്ധനെ താഴെ തള്ളിയിട്ടു. വീണി

www.malankaralibrary.com



ട്ടം അദ്ദേഹം മരിച്ചില്ല. പിന്നെയോ വി. സ്തേഫാനോസിനെപ്പോലെ, തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പക്ഷെ കഠിനകണ്ഠരായ യഹൂദന്മാർ വടികൊണ്ടടിച്ച് അദ്ദേഹത്തെ നിർദ്ദയം കൊന്നുകളഞ്ഞു. ഇതു ക്രി. വ. 62–ൽ ആയിരുന്നു.

വി. യാക്കൂബിന്റെ ലേഖനം വി. പുതിയനിയമത്തിൽ നാം വായിക്കുന്നു. എത്ര ഭക്തിപരമായ രീതിയിൽ അതു് എഴുതപ്പെട്ടിരിക്കുന്നു. ഈ ലേഖനത്തിനു പുറമെ, നമ്മുടെ കർത്താവിന്റെ സഹോദരനായ ഈ വി. യാക്കൂബ് വി. കർബാന അർപ്പിച്ച ക്രമമത്രെ ഒന്നാമത്തേതു്. 'വി യാക്കൂബിന്റെ ക്രമം' എന്നു് അതിനെ വിളിക്കുന്നു. സുറിയാനിഭാഷയിൽ അദ്ദേഹം വി. കർബാന അർപ്പിച്ചു. ഈ ഒന്നാമത്തെ ക്രമം വി. സഭയുടെ സ്വത്താണ്. മറ്റുള്ള സഭകളുടെ കർബാനക്രമങ്ങളുടെ എല്ലാം ഉത്ഭവം ഇതിൽനിന്നാണ്. വി. കർബാന ഇദംപ്രഥമമായി അർപ്പിച്ച സ്ഥലം മർക്കോസിന്റെ ഭവനമാണെന്നു പറയപ്പെടുന്നു.

## ഊർശ്ലേമിന്റെ നാശം

ക്രി. — ശതാബ്ദത്തിലെ ഒരു വലിയ ചരിത്രസംഭവം ഊർശ്ലേമിന്റെ നാശമാണ്. ഊർശ്ലേം മഹത്തായ പാരമ്പര്യമുള്ളൊരു പട്ടണമായിരുന്നു. പഴയനിയമത്തിൽ അതിന്റെ പല സൂചനകളും കാണാം. എന്നാൽ അതേസമയത്തുതന്നെ അതിനു് ഏറ്റവും ചീത്തയായ ഒരു മറുവശവും ഉണ്ടായിരുന്നു. നമ്മുടെ കർത്താവുതന്നെ പറയുന്ന ഭാഗങ്ങൾ കാണുക. 'യറുശലേമേ, യറുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ... നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും' (മത്താ. 23:37–38). യറുശലേം ദേവാലയത്തെക്കുറിച്ച് 'കല്ലിന്മേൽ കല്ല് ശേഷിക്കാത്ത' ഒരു കാലം അതിനു വരുമെന്നും കർത്താവു കല്പിച്ചിരുന്നു. നമ്മുടെ കർത്താവിനെ ക്രൂശിൽ തൂക്കിയതു് ഊർശ്ലേമിൽ! വി. സ്തേപ്പാനോസിനെ കല്ലെറിഞ്ഞു കൊന്നതു് ഊർശലേമിൽ. ഏററം നീതിമാനായ വി. യാക്കൂബിനെ അടിച്ചുകൊന്നതു് ഊർശ്ലേമിൽ! ഹാ! എത്ര നീചമായ പ്രവൃത്തികൾ! അതിനുള്ള ഒരു ശിക്ഷയിതാ ക്രി. 70–ൽ നടക്കുന്നു. എത്ര ഭയങ്കരമായ നാശമാണു് അവർക്കു സംഭവിച്ചതെന്നു് നമുക്കു കാണാം.

www.malankaralibrary.com



വി. പത്രോസിനെയും വി. പൗലോസിനെയും വധിച്ചവനായ നീറോ ചക്രവർത്തിയുടെ വാഴ്ചയുടെ 18–ാം ആണ്ടിൽ ക്രി. 67–ൽ യഹൂദന്മാർ റോമാസാമ്രാജ്യത്തിനെതിരായി മത്സരിച്ചു. അപ്പോൾ നീറോ വെസ്പേഷ്യൻ എന്ന നായകന്റെയും അയാളുടെ പുത്രൻ തീത്തോസിന്റെയും കീഴിൽ ഒരു വലിയ സൈന്യത്തെ യറുശലേമിലേക്കു് അയച്ചു, അവർ പട്ടണം വളഞ്ഞു. വളരെനാൾ പട്ടണം വളഞ്ഞു് റോമൻസൈന്യം താമസിച്ചു. ഊർശ്ലേം പട്ടണവാസികൾ ക്ഷാമംകൊണ്ടു വലഞ്ഞു. സ്വന്തം കുഞ്ഞുങ്ങളെപ്പോലും പാകംചെയ്തു തിന്നുവെന്നു പറയപ്പെടുന്നു. ഏതായാലും ക്രി. 70–ൽ തീത്തോസ് പട്ടണം പിടിച്ചു. അനേകം യഹൂദന്മാരെ കൊന്നൊടുക്കി മനോഹരമായ ഊർശ്ലേം ദേവാലയം നശിപ്പിച്ചു. 'കല്ലിന്മേൽ കല്ലു ശേഷിക്കാതെ' അതു കിളച്ചുമാന്തി! അനേകരെ 99000 എന്നു പറയപ്പെടുന്നു– അടിമകളായി പിടിച്ചുകൊണ്ടുപോയി. പട്ടണത്തിനുള്ളിൽ കുഴിച്ചിടാതെ ശവങ്ങൾ കിടന്നു ചീഞ്ഞുനാറി! മരിച്ചവരുടെ സംഖ്യ ആറുലക്ഷമായിരുന്നുപോൽ നോക്കുക! കുററമില്ലാത്ത രക്തം ചീന്തിയ ഊർശ്ലേമിനുവന്ന നാശങ്ങൾ.

എന്നാൽ ദിവ്യപരിപാലനം കാണുക യറുശലേമിൽ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾ ഒന്നുപോലും നഷ്ടപ്പെട്ടില്ല. അവർ നമ്മുടെ കർത്താവിന്റെ തിരുവചനം അനുസരിച്ചു പ്രവർത്തിച്ചു. അതായതു് ദാനിയേൽ ദീർഘദർശി പറഞ്ഞിരിക്കുന്നതായി 'വിശുദ്ധസ്ഥലത്തു അശുദ്ധ അടയാളം നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ' എന്ന തിരുവചനം അവർ ഓർത്തു. അശുദ്ധലക്ഷണം എന്നതു് കഴുകൻ ആദിയായ റോമ്മാ ദേവന്മാരുടെ ചിത്രങ്ങളെ സംബന്ധിച്ചാണു്. കഴുകന്റെ ചിത്രമുള്ള റോമൻകൊടികൾ തീത്തോസ് പട്ടണത്തിനു ചുററും സ്ഥാപിച്ചുതുടങ്ങിയപ്പോഴേയ്ക്കും ക്രിസ്ത്യാനികൾ പട്ടണംവിട്ടു. അവർ യോർദ്ദാൻ നദീതീരത്തു പെല്ലാപ്പട്ടണത്തിൽ തങ്ങളുടെ എപ്പിസ്കോപ്പന്മാരായ ശെമോനും ഒരുമിച്ചു് താമസിച്ചു. യുദ്ധം അവസാനിച്ചപ്പോൾ അവരിൽ പലരും ഊർശ്ലേമിൽ തിരിച്ചെത്തുകയും നമ്മുടെ കർത്താവു പെസഹാ കഴിച്ച മാർ മർക്കോസിന്റെ ഭവനത്തിന്റെ ചുററുമായുള്ള സെഹിയോൻ പർവ്വതപ്രാന്തങ്ങളിൽ താമസമാക്കുകയും ചെയ്തു. അക്കാലത്തെ ക്രിസ്ത്യാനികൾ വിശ്വാസസ്ഥിരതയോടും

www.malankaralibrary.com



നമ്മുടെ കർത്താവിനുവേണ്ടി ഏതു ത്യാഗവും സഹിപ്പാൻ സന്നദ്ധതയോടുകൂടി വർത്തിച്ചു. അതിനാൽ അവർക്കു് അഭിവൃദ്ധിയുണ്ടാകയും ജാതികളിൽ അനേകർ അവരുടെ നല്ലജീവിതം കണ്ടു് ക്രിസ്തുമതത്തിൽ ചേരുകയും ചെയ്തു.

## അദ്ധ്യായം II

# ആദിമ ക്രൈസ്തവസഭ

# അനുഭവിക്കേണ്ടിവന്ന പീഡകൾ

ആരംഭകാലം മുതൽ വി. സഭ പീഡകൾ ഏററുകൊണ്ടിരുന്നു. 'ലോകം നിങ്ങളെ ദ്വേഷിക്കും' എന്നു നമ്മുടെ കർത്താവുതന്നെ കല്പിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ഈ പീഡകൾകൊണ്ടു് വി. സഭയ്ക്കു് അധഃപതനമല്ല അഭിവൃദ്ധിയാണുണ്ടാകുവാനിടയായതു്.

യഹൂദന്മാരിൽനിന്നുതന്നെ 3 പീഡകൾ ഉണ്ടായി. ഒന്നാമത്തെ പീഡയിൽ ശ്ലീഹന്മാർ തടവിലാക്കപ്പെടുകയും അടിക്കപ്പെടുകയും ചെയ്തു. രണ്ടാമത്തെ പീഡയിൽ വി. സ്തേപ്പാനോസ് കൊല്ലപ്പെട്ടു. ക്രിസ്ത്യാനികൾ പല സ്ഥലങ്ങളിലേയ്ക്കും ചിതറുവാൻ ഇടയായി. മൂന്നാമത്തെ പീഡയിൽ സെബദിപുത്രനായ വി. യാക്കോബ് വാളിനാൽ കൊല്ലപ്പെട്ടു. വി. പത്രോസ് ബന്ധനസ്ഥനാകുകയും ചെയ്തു. ഈ വിധ പീഡകൾ നടത്തിയ യഹൂദന്മാർക്കു് സംഭവിച്ചതു് മുൻ പാഠത്തിൽ നാം കണ്ടുകഴിഞ്ഞു.

ഇനിയും ആദ്യന്തുററാണ്ടുകളിൽ പുറജാതികളിൽനിന്നും വി. സഭയ്ക്കുണ്ടായ പീഡകൾ നമുക്കു പഠിക്കാം.

### ഒന്നാമത്തെ പീഡ

ക്രി. 64-ൽ നീറോ ചക്രവർത്തി പീഡ ആരംഭിച്ചു. റോമ്മാ പട്ടണം ചുട്ടെരിക്കുവാൻ നീറോ തന്റെ വിശ്വസ്തസേവകരോടു് ആജ്ഞാപിച്ചു. അതനുസരിച്ചു് അവർ തീവയ്ക്കുകയും ആറു ദിവസം പട്ടണം കത്തിയെരിഞ്ഞു് നശിക്കയും ചെയ്തു. നീറോ ഭ്രാന്തനെ

www.malankaralibrary.com



പ്പോലെ ഈ കാഴ്ചകണ്ട് സന്തോഷിച്ചുവെന്നാണ പറയുന്നത്. ഈ തീവപ്പ് ക്രിസ്ത്യാനികളുടെമേൽ ചുമത്തി അവരെ പീഡിപ്പിക്കുവാൻ തുടങ്ങി. ക്രിസ്ത്യാനികളെ വെറുത്തിരുന്ന റോമ്മാക്കാർക്ക് ഇതു സന്തോഷമായി. ഭയങ്കരമായ പീഡയായിരുന്നു നീറോ അഴിച്ചുവിട്ടതു്. 'ട്ടാസിററസ്'' എന്ന ഒരു ദൃക്സാക്ഷി അതേപ്പററി എഴുതിയിട്ടുണ്ട്. ക്രിസ്ത്യാനികളെ മൃഗങ്ങളുടെ തുകലിൽ പൊതിഞ്ഞു് കടിച്ചുകീറേണ്ടതിന് നായ്ക്കളുടെ മുമ്പിൽ ഇട്ടു. മററു ചിലരെ അരക്കിൽ മുക്കിയ വസ്ത്രം ധരിപ്പിച്ച് മരങ്ങളിന്മേൽ തൂക്കി രാത്രിയിൽ പന്തംപോലെ കത്തിച്ചു. എന്തിനധികം മനുഷ്യന വിചാരിക്കാൻപോലും നിവൃത്തിയില്ലാത്ത ഭയങ്കരപീഡകൾ നീറോ ചെയ്തു ഈ ദുഷ്ടൻ തൻെറ മാതാവിനെയും ഭാര്യയേയും പുത്രനെയും കൊന്നവനാണ്. ഒന്നാമത്തെ പീഡയിലെ പ്രസിദ്ധ രക്തസാക്ഷികൾ വി. പത്രോസും പൗലൂസും ആണ്. ഭയങ്കരനായ നീറോ അവസാനം ആത്മഹത്യ ചെയ്തു. നോക്കുക– ഒന്നാം നൂററാണ്ടിലെ ക്രിസ്ത്യാനികൾ സഹിച്ച ഭയങ്കരമായ പീഡകൾ.

## രണ്ടാമത്തെ പീഡ

ഈ പീഡ നടത്തിയതു് 'ഡൊമിഷൻ' എന്ന റോമാചക്രവർത്തിയായിരുന്നു. നീറോ ഊർശ്ലേം പിടിക്കാനയച്ച വെസ്പേഷൻെറ പുത്രനും തീത്തോസിൻെറ സഹോദരനുമായിരുന്നു ഡൊമിഷൻ. അയാൾ ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചില്ല. ക്രിസ്തു സർവ്വലോകവും ഭരിപ്പാനിരിക്കുന്നുവെന്നു കേട്ട് ഈ മനുഷ്യൻ ഹേറോദസിനെപ്പോലെ പരിഭ്രമിച്ചു. ക്രിസ്ത്യാനികളെ ഒന്നടങ്കം നശിപ്പിക്കണമെന്നു നിശ്ചയിച്ചു. അങ്ങനെ ക്രി. 95–ൽ രണ്ടാമത്തെ പീഡ ആരംഭിച്ചു. ഈ പീഡയിൽ അനേകം വിശ്വാസികൾ രക്തസാക്ഷികളായിത്തീർന്നു. ഡൊമിഷൻെറ അന്വേഷണത്തിൽ മ്ശിഹായുടെ രാജ്യം, വാഴ്ച മുതലായവയെക്കുറിച്ചു വേണ്ടപോലെ ഗ്രഹിക്കുകയും പീഡ അവസാനിപ്പിക്കുകയും ചെയ്തു. ഈ പീഡകൻ 96–ൽ 'നീർവം' എന്ന ആളാൽ വധിക്കപ്പെട്ടു. ചക്രവർത്തിയായിത്തീർന്ന നീർവാ പീഡ നിർത്തുകയും നാടുകടത്തിയിരുന്നവരെ തിരികെ വരുത്തുകയും പിടിച്ചടക്കിയിരുന്ന സ്വത്തുക്കൾ തിരികെ കൊടുക്കുകയും ചെയ്തു.

പീഡ ഒരു വർഷത്തേയ്ക്കു മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിലും പല ശ്രേഷ്ഠന്മാർ അതിൽ രക്തസാക്ഷികളായി. അവരിൽ പ്രസി

www.malankaralibrary.com



ഝർ പ്ളവ്യോസ്ക്ളീമീസ് അദ്ദേഹത്തിൻെറ ഭാര്യ. ദീവന്നാസ്യോസ്, അറിയോസ്ഫാഗോസ് എന്നിവരാണ്. പ്ളവ്യോസ്ക്ളിമീസ്, വെസ്പേഷൻെറ ഒരു സഹോദരിയുടെ പുത്രനായിരുന്നു. എന്നാൽ നമ്മുടെ കർത്താവിലുള്ള അദ്ദേഹത്തിൻെറയും ഭാര്യയുടെയും ഉച്ചവിശ്വാസം നിമിത്തം ക്രി. 95 ൽ അവർ വധിക്കപ്പെട്ടു. മാർ ദീവന്നാസ്യോസ്, അറിയോസ്ഫാഗോസിൻെറ പ്രധാന ന്യായാധിപനായിരുന്നു. വി. പൗലോസ് അഥേനിയിൽ പ്രസംഗിച്ചപ്പോൾ ഇദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. ഇദ്ദേഹം ജ്യോതിശാസ്ത്രത്തിൽ വലിയ പണ്ഡിതനായിരുന്നുവെന്നും നമ്മുടെ കർത്താവിൻെറ ക്രൂശുമരണകാലത്തുണ്ടായ അന്ധകാരം വിദൂരമായ രാജ്യത്തിരുന്ന ഇദ്ദേഹത്തിനും അനുഭവപ്പെട്ടപ്പോൾ 'ഒന്നുകിൽ പ്രകൃതിയുടെ നാഥൻ കഷ്ടമനുഭവിക്കുന്നു, അല്ലെങ്കിൽ ലോകാന്ത്യമായിരിക്കുന്നു' എന്നു പ്രസ്താവിച്ചുവെന്നും, അഥേനിയിൽ വി. പൗലോസ് പ്രസംഗിച്ചപ്പോൾ ഇദ്ദേഹം ജ്ഞാനസ്നാനമേററുവെന്നുമാണ് പറയപ്പെടുന്നത്. ഇദ്ദേഹത്തെ വി. പൗലോസ് അഥേനിയിലെ ഒന്നാമത്തെ എപ്പിസ്ക്കോപ്പായി വാഴിച്ചു. ഡൊമിഷൻെറ പീഡയിൽ ക്രി. 96 ൽ ഇദ്ദേഹം രക്തസാക്ഷിയായി. വി. യുഹാനോൻ പത്മോസ് ദ്വീപിൽ നാടുകടത്തപ്പെട്ട താമസിക്കുമ്പോൾ ഈ വി. ദീവന്നാസ്യോസ് വി. യുഹാനോൻശ്ളീഹായ്ക്കു ഒരു ആശ്വാസലേഖനമയച്ചു.

ഈ രണ്ടാമത്തെ പീഡകൊണ്ടും വി. സഭയ്ക്കു ക്ഷീണമല്ല, കൂടുതൽ ശക്തിയും വിശ്വാസികൾക്കു കൂടുതൽ ധൈര്യവുമാണുണ്ടായതു്. പീഡയിൽനിന്നു രക്ഷപ്പെടുവാനല്ല ഏതു ക്ലേശവും മതത്തെപ്രതി സഹിപ്പാനുള്ള ആഗ്രഹമാണവർക്കുണ്ടായതു്. അതു നമുക്കും വേണ്ടതല്ലയോ?

## മൂന്നാമത്തെ പീഡ

ക്രി. 98 ൽ റോമാചക്രവർത്തിയായി 'ട്രേജൻ' ആരോഹണം ചെയ്തു. പീഡകൾ മുമ്പും നടന്നെങ്കിലും ക്രിസ്ത്യാനികൾ ഒന്നിനൊന്നു വർദ്ധിച്ചുതന്നെ വന്നു. ഇതിങ്കൽ പരിഭ്രാന്തരായ അധികാരികൾ വിഗ്രഹത്തിനു ബലികഴിക്കാത്ത ക്രിസ്ത്യാനികൾ കൊല്ലപ്പെടുന്നതാണ് എന്നു് ട്രോജനെക്കൊണ്ടു വിളംബരം ഇറക്കിച്ചു, പല സ്ഥലങ്ങളിലും ഭയങ്കരമായ പീഡകൾ നടന്നു. ഒരു റോമൻ നാടുവാഴിയായ 'പ്ളീനി' പോലും ഉത്തമന്മാരായ അക്കാലത്തെ ക്രി

www.malankaralibrary.com



സ്ത്യാനികളെപ്പററി ട്രേജൻ എഴുതിയ ഒരു റിപ്പോർട്ടിൽ പറയുന്നതു് 'വിഗ്രഹസേവ നടത്തുവാൻ അവർ ഇഷ്ടപ്പെടുന്നില്ല എന്നല്ലാതെ യാതൊരു തിന്മയും അവരിൽ കാണുന്നില്ല. അവർ പ്രഭാതത്തിലെഴുന്നേററു് ദൈവത്തെ എന്നപോലെ മ്ശിഹായെ മഹത്വപ്പെടുത്തുകയും പ്രാർത്ഥിക്കയും ചെയ്യുന്നു. വ്യഭിചാരം, അക്രമം, വ്യാജം, എന്നിവയിൽനിന്നെല്ലാം അവർ അകന്നിരിക്കുന്നു.' എത്ര യോഗ്യമായ ജീവിതരീതി! ക്രിസ്ത്യാനികളുടെ ജീവിതം ഈ വിധത്തിൽ വിശുദ്ധമായിരിക്കേണ്ടതിനു് ഇക്കാലത്തും നാം പരിശ്രമിക്കേണ്ടതല്ലയോ? ട്രേജൻെറ പീഡ ഏകദേശം 110 ൽ ഒരുവിധം കുറഞ്ഞു. ഈ പീഡയിൽ നമ്മുടെ കർത്താവിനെപ്രതി രക്തം ചിന്തിയവരിൽ ചിലരെക്കുറിച്ചു് നാം ചിന്തിക്കേണ്ടതാകുന്നു.

മോർ ശർബ്ബീലും സഹോദരി ബാബായും:- ഉറഹായിലെ കാവ്യരുടെ പുരോഹിതവർഗ്ഗത്തിലെ നായകനായിരുന്ന ശർബ്ബീൽ, ഉറഹായിലെ എപ്പിസ്ക്കോപ്പായായ ബർസമിയോ, ശർബ്ബീലിനെയും സഹോദരി ബാബായേയും ക്രിസ്ത്യാനികളാക്കി. സ്ഥലത്തെ നാടുവാഴിയായ ലിസ്യാസ് ഇവരെ പലവിധത്തിൽ പീഡിപ്പിക്കയും, 105 ൽ ശിരഛേദം ചെയ്യുകയുംചെയ്തു. ബർസമിയോ എപ്പിസ്ക്കോപ്പായും നിരവധി പീഡകൾ സഹിച്ചു.

മോർശെമഓൻ; ഊർശ്ലേമിൻെറ നാശമടുക്കാറായപ്പോൾ ക്രിസ്ത്യാനികൾ പട്ടണത്തിൽനിന്നോടി പെല്ലായിൽ മാർശെമഓനോടുകൂടി വസിച്ചു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ മാർശെമഓൻ വി. മാതാവിനു് വിവാഹം നിശ്ചയിക്കപ്പെട്ട വി. യൗസേഫിൻെറ സഹോദരനായ ക്ളേയോഫായുടെ പുത്രനായിരുന്നു. വി. യാക്കോബിൻെറ സാക്ഷിമരണശേഷം ഇദ്ദേഹമാണു് ഊർശ്ലേമിൻെറ എപ്പിസ്ക്കോപ്പായായതു്. സിറിയായിലെ നാടുവാഴി ഇദ്ദേഹത്തെ പിടിച്ചു് പീഡിപ്പിച്ചപ്പോൾ (ക്രി. 66 ൽ) ഇദ്ദേഹത്തിനു 120 വയസ്സു് പ്രായമായിരുന്നു. അവസാനം അദ്ദേഹത്തെ കുരിശിൽ തൂക്കിക്കൊന്നു.

അത്ഭുതകരമായ മറെറാരു സാക്ഷിമരണം 'ഡ്രോസീസി'ൻെറതാണു്. ഈ നാരീരത്നം ട്രേജൻെറ പുത്രിയായിരുന്നു അവൾ നമ്മുടെ കർത്താവിൽ വിശ്വസിക്കുകയും രക്തസാക്ഷികളുടെ മൃതശരീരങ്ങൾ രാത്രിസമയത്തു് ഭക്തിപുരസരം സംസ്ക്കരിക്കുകയും ചെയ്തിരുന്നു. നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിൽനിന്നു് അ

www.malankaralibrary.com



വളെ മാററുവാൻ പിതാവായ ചക്രവർത്തിക്കപോലും സാധിച്ചി ല്ല. (ഇതുപോലെ ദൈവസ്നേഹമുള്ള ബാലികമാർ ഉണ്ടായിരുന്നെ ങ്കിൽ!) ദുഷ്ടനായ ട്രേജൻ അവൻെറ മുമ്പിൽവെച്ചുതന്നെ സ്വന്തം പുത്രിയായ ദ്രോസീസിനെ കൊല്ലിച്ചു! ട്രേജൻെറ സൈന്യത്തിൽ തന്നെ പലരും ക്രിസ്തുവിനെ ഏററുപറഞ്ഞതിനാൽ 1000 പേരെ നാടുകടത്തുകയും. പലരുടേയും ശിരസ്സു ഛേദിക്കകയും ചെയ്തു.

Antonius Pius—ൻെറ കാലത്തും ക്രി; 138–161) ക്രിസ്തുമത പീഡ ഉണ്ടായിരുന്നു. ഇക്കാലത്തു് സാക്ഷിമരണം പ്രാപിച്ചവരിൽ പ്രമുഖൻ യോഹന്നാൻശ്ലീഹായുടെ ശിഷ്യനും സ്മിർന്നായിലെ എപ്പിസ്കോപ്പായുമായിരുന്ന പോളിക്കാർപ്പോസായിരുന്നു. ക്രി സ്തുവിനെ ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടപ്പോഠം,86 വർഷം ഞാൻ ക്രിസ്തുനാഥനെ സേവിച്ചു. അവൻ എനിക്ക യാതൊരു ദോഷവും ചെയ്തില്ല: എന്നെ രക്ഷിച്ച എൻെറ രാജാവിനെ ഞാൻ എങ്ങനെ തള്ളിപ്പറയും' എന്നു പ്രസ്താവിച്ചുകൊണ്ടു് അദ്ദേഹം വീരചരമം പ്രാപിക്കുകയാണു ചെയ്തതു്.

Marcus Aurelius-ൻെറ കാലത്തെ (ക്രി. 161–180) പീഡ, റോം,ആഫ്രിക്ക, ഗോൾ ആദിയായ പ്രദേശങ്ങളിലെല്ലാം വ്യാപി ച്ചു. Justin Martyr എന്ന സിദ്ധൻ ഇക്കാലത്രെ സാക്ഷിമര ണം പ്രാപിച്ചതു്.

DeciusTrjen (ക്രി. 249–251) ക്രിസ്തുമതത്തെത്തന്നെ ഭൂലോക ത്തിൽനിന്നു നിർമ്മൂലമാക്കണമെന്നുള്ള ലാക്കോടുകൂടെയാണു് ഡീ സിയസ് പ്രവർത്തിച്ചതു്. സാമ്രാജ്യവ്യാപകമായ നിലയിൽ ക ഠിനമായ പീഡകളായിരുന്നു ക്രിസ്ത്യാനികൾ സഹിക്കേണ്ടിവന്ന തു്. പുറജാതി ദേവന്മാർക്കു ബലിയർപ്പിക്കണമെന്നും അല്ലാത്തവ രെ കഠിനമായി പീഡിപ്പിക്കമെന്നും അയാൾ ഉത്തരവിട്ടു. അനേ കം എപ്പിസ്കോപ്പന്മാരും വിശ്വാസികളും പീഡിപ്പിക്കപ്പെടുക യും സാക്ഷിമരണം പ്രാപിക്കുകയും ചെയ്തു. അവരിൽ പ്രധാനികൾ അന്ത്യോഖ്യായുടെ എപ്പിസ്കോപ്പാ വി. ഫാബ്യലായും യറുശ ലേമിൻെറ എപ്പിസ്കോപ്പാ വി. അലക്സന്ത്രയോസുമായി രുന്നു.

വലേറിയൻ ചക്രവർത്തിയുടെ പീഡ (ക്രി. 253–60) ഭൂമിക്ക ടിയിലുള്ള ആരാധനാസ്ഥലങ്ങളിൽ സമ്മേളിക്കുന്നതിനെ ഇയാൾ നിരോധിക്കുകയും പുറജാതി ദേവന്മാർക്കും വിഗ്രഹങ്ങൾക്കും ബലി

www.malankaralibrary.com



യർപ്പിക്കണമെന്നു നിർബന്ധിക്കുന്ന ഒരു കല്പന ക്രി. 257 ൽ ഇ യാൾ പ്രസിദ്ധം ചെയ്യുകയും ചെയ്തു. കാർത്തേജിലെ സുപ്രസിദ്ധ മെത്രാപ്പോലീത്തയായിരുന്ന St. Cyprian (പ: കപ്രിയാനോസ്) പിടിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തതു് ഇക്കാലത്തായിരു ന്നു. (ക്രി: 258). അലക്സന്ത്രിയായിലെ മാർ ദീവന്നാസ്യോസും ലിബിയായിലേയ്ക്കു നാടുകടത്തപ്പെട്ടു. ഇതിനെത്തുടർന്നു് ഏതാനും വർഷത്തേയ്ക്കു സഭയ്ക്കു സമാധാനം അനുഭവിപ്പാൻ സാധിച്ചു.

വീണ്ടും ഡയോക്ലീഷ്യന്റെ ഭരണകാലത്തു് പീഡ ഉഗ്രതര മായിരുന്നു. ക്രിസ്തീയ ദേവാലയങ്ങളും ക്രിസ്തുമതഗ്രന്ഥങ്ങളും മുഴു വൻ നശിപ്പിക്കുവാൻ അയാൾ കല്പന പുറപ്പെടുവിച്ചു. അനേകായി രങ്ങളെ കാരാഗൃഹത്തിലടയ്ക്കുകയും കഠിനമായി പീഡിപ്പിക്കുകയും വളരെയധികം പേരെ വധിക്കയും ചെയ്തു. കസ്തന്തീനോസ് ചക്രവർത്തി എ. ഡി 313 ൽ ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം അനു വദിച്ചു പ്രഖ്യാപനം ചെയ്തതുവരെയും (Edict of Milan 313) ഈ പീഡ തുടർന്നുകൊണ്ടിരുന്നു.

313 ലെ കസ്തന്തീനോസ് ചക്രവർത്തിയുടെ മിലാൻ പ്രഖ്യാപ നംമൂലം ക്രിസ്തുമതപീഡ അവസാനിച്ചു. എവിടെയും ദേവാലയ ങ്ങൾ വയ്ക്കുന്നതിനും ആരാധനകൾ നടത്തുന്നതിനും ക്രിസ്ത്യാനികൾ ക്കു് സ്വാതന്ത്ര്യം ലഭിച്ചു ഞായറാഴ്ച ഒരു പൊതു ഒഴിവുദിവസമാ യി പ്രഖ്യാപിക്കപ്പെട്ടു. അനേക നൂററാണ്ടുകൾ യാതനകൾ അനുഭ വിച്ചുകൊണ്ടിരുന്ന ക്രിസ്തുസഭ ഇതോടുകൂടെ സമാധാനമായി ജീവി ക്കുവാൻ തുടങ്ങി.

ക്രിസ്തുമതപീഡമൂലം അനേകം സിദ്ധന്മാർ സാക്ഷിമരണം പ്രാപിക്കുവാൻ ഇടയായി എങ്കിലും പീഡ സഭയെ ക്ഷീണിപ്പിക്കു കയല്ല പ്രത്യുത ശക്തിപ്പെടുത്തുകയാണു ചെയ്തതു്. 'The blood of the martyrs is the seed of the church' എന്ന ആപ്തവാക്യം സഫലീകരിക്കപ്പെട്ടു. പീഡയുടെ കാലത്തു് വിശ്വാസം പരിത്യ ജിച്ച് സാക്ഷിമരണത്തിൽനിന്നു് ഒഴിഞ്ഞുമാറിയവരോടു് സഭ എ ങ്ങനെ പെരുമാറണമെന്നുള്ള വിഷയം സഭാന്തരീക്ഷത്തിൽ കോളി ളക്കങ്ങൾ സൃഷ്ടിച്ചു.

www.malankaralibrary.com

## അദ്ധ്യായം III

# ആദിമസഭാപിതാക്കന്മാർ

## റോമിലെ വി. ക്ലീമീസ്

ഇദ്ദേഹം റോമിലെ ചക്രവർത്തി കുടുംബത്തോടു ബന്ധമുള്ളവനും വലിയ ഗ്രീക്കുഭാഷാപണ്ഡിതനുമായിരുന്നു. ഇദ്ദേഹം ക്രിസ്തുമതത്തിൽ ചേർന്നതു് റോമിൽ വലിയ ഉണർവിനു കാരണമായി. ഇദ്ദേഹം വി. പൗലോസ് ശ്ലീഹായുടെ ശിഷ്യനായിരുന്നു. ക്രി. 92 ൽ ഇദ്ദേഹം റോമിലെ സഭയെ ഭരിക്കുവാനാരംഭിച്ചു. ഇദ്ദേഹത്തിന്റെ നിലയും ജീവിതരീതിയും അനേകരെ – വലിയവരും ചെറിയവരുമായ അനേകരെ – ക്രിസ്തുമതത്തിലേക്കാകർഷിച്ചു. ആലോചനാസംഘം ഇദ്ദേഹത്തിന്റെ പേരിൽ കുററം ചുമത്തി ട്രേജനെ ഏൽപ്പിച്ചു. പീഡകനായ ട്രേജൻ ഈ വിശുദ്ധനെ 'കുറം' എന്ന സ്ഥലത്തു് ഹീനവും കഠിനവുമായ വേലയ്ക്കായി നാടുകടത്തി. അവിടേയ്ക്കു് ഇതുപോലെ നാടുകടത്തപ്പെട്ടിരുന്ന 2000 പേരോടുകൂടെ അദ്ദേഹം കല്ലുവെട്ടുന്ന ജോലിയിൽ കഴിച്ചുകൂട്ടി. ഇങ്ങനെയിരിക്കെ ആ പ്രദേശത്തു് തീരെ വെള്ളം കിട്ടാതെയായി. എന്നാൽ നമ്മുടെ കർത്താവു് അദ്ദേഹത്തിനു പ്രത്യക്ഷപ്പെടുകയും അത്ഭുതകരമായ രീതിയിൽ ജലം ലഭിക്കുകയും ചെയ്തു. ഈ അത്ഭുതംമൂലം ആ ദിഗവാസികളിൽ അനേകർ ക്രിസ്തുമതം സ്വീകരിച്ചു. നോക്കുക. ദൈവഭക്തന്മാർ അവരുടെ പ്രതികൂലപരിതസ്ഥിതികളിൽപോലും ദൈവനാമം മഹത്വപ്പെടുത്തുന്നതു്! ഈ വിവരമറിഞ്ഞപ്പോഠം ട്രേജനുണ്ടായ കോപം ഊഹിക്കാമല്ലോ. അയാഠം തന്റെ ഒരു മന്ത്രിയെ കുറം എന്ന സ്ഥലത്തേയ്ക്കയച്ചു. വി. ക്ലീമ്മീസിനെയും ക്രിസ്ത്യാനികളെയും തെററിക്കുവാൻ, വളരെ ശ്രമിച്ചിട്ടും അയാഠംക്കു സാധിച്ചില്ല. കോപംകൊണ്ടു നിറഞ്ഞ മന്ത്രി, വി. ക്ലീമീസിന്റെ കഴുത്തിൽ ഒരു നങ്കൂരംകെട്ടി സമുദ്രത്തിൽ താഴ്ത്തിക്കളഞ്ഞു.

വി. ക്ലീമീസിന്റെ ഒരു ലേഖനം വി. സഭയ്ക്കു ലഭിച്ചിട്ടുണ്ടു്. കോരിന്തിലെ സഭയ്ക്കു് ക്രി. 97 ൽ എഴുതിയതത്രെ അതു്. അതിൽ സഭയിൽ കലഹവും പിളർപ്പും ഉണ്ടാക്കുന്നവരെ ശാസിച്ചി

www.malankaralibrary.com



രുന്നു. ആചാര്യത്വത്തിന്റെ ഓരോ പദവിയിലുമുള്ളവരുടെ ചുമതലകളും അധികാരങ്ങളും അതിൽ വിവരിച്ചിരുന്നു. അത്മായക്കാർ സഭാനിയമത്തിനനുസരിച്ച് പെരുമാറണമെന്നും അതിൽ പ്രസ്താവിച്ചിരുന്നു. ഈ വിശുദ്ധ ക്ളീമീസിന്റെ നാമത്തിൽ അറിയപ്പെടുന്ന എട്ടു പുസ്തകങ്ങളും ഉണ്ട്. മേല്പട്ടക്കാരുടെ സ്ഥാനാഭിഷേക സമയത്തു മാത്രം ചൊല്ലുന്ന 'പരിശുദ്ധാത്മവിളിയുടെ പ്രാർത്ഥന' രചിച്ചതു് ഈ വിശുദ്ധക്ളീമീസാകുന്നു.

## വി: ഇഗ്നാത്യോസ് നൂറോനോ

നമ്മുടെ കർത്താവു് തന്റെ തൃക്കയ്യിൽ ഒരു ശിശുവിനെ എടുത്തു് താഴ്മയും ഹൃദയവിശുദ്ധിയും മാതൃകയായി കാണിച്ചു. ആ ചെറിയ പൈതൽ ഇദ്ദേഹമായിരുന്നു. പ്രായമായപ്പോൾ ഇദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. ഇദ്ദേഹം അന്ത്യോഖ്യായിൽ എപ്പിസ്ക്കോപ്പാ ആയി ഭരണം നടത്തി. ഇദ്ദേഹം മഹാപരിശുദ്ധനും ശ്രേഷ്ഠനും തത്വജ്ഞാനിയുമായിരുന്നു.

ഡൊമഷ്യന്റെ പീഡനകാലത്തു് ഈ പരിശുദ്ധൻ നിരവധി പീഡകൾ സഹിച്ചു. ഇദ്ദേഹത്തിന്റെ നല്ല മാതൃക വിശ്വാസികൾക്ക് കൂടുതൽ ധൈര്യം കൊടുത്തുകൊണ്ടിരുന്നു. പ്രാർത്ഥന, ഉപവാസം, സൽപ്രവൃത്തികൾ ഇവയിൽ ഇദ്ദേഹം അദ്വിതീയനായിരുന്നു. ഈ നമ്മുടെ വി. പിതാവിനു് ഒരു ദർശനമുണ്ടായി. മാലാഖമാർ ദൈവസന്നിധിയിൽ രണ്ടുകൂട്ടമായി നിന്നു് കീർത്തനം പാടുന്നതായി അദ്ദേഹത്തിനു കാണപ്പെട്ടു. അതേ രീതിയിൽ ഭൗമിക സഭയിൽ അദ്ദേഹമാണ് ഇദംപ്രഥമമായി കീർത്തനങ്ങൾ പാടുവാൻ ഗായകസംഘത്തെ ക്രമീകരിച്ചതു്.

ത്രേജൻ ചക്രവർത്തി പേർഷ്യരുമായി യുദ്ധത്തിനുപോകുന്നവഴി അന്ത്യോഖ്യായിൽകൂടെ കടക്കുവാനിടയായി. അന്ത്യോഖ്യാ അന്നു് റോമാചക്രവർത്തിയുടെ കീഴിലായിരുന്നുവല്ലോ. അന്ത്യോഖ്യായിലെ ക്രിസ്തുമതപ്രചാരത്തെക്കുറിച്ച് ത്രേജൻ കേട്ടിട്ടു് വി. ഇഗ്നാത്തിയോസിനെ വരുത്തി അവിടെയുള്ള ക്രിസ്ത്യാനികളോടുകൂടി അദ്ദേഹം വിഗ്രഹാരാധനയിലേയ്ക്കു തിരിയണമെന്നാവശ്യപ്പെട്ടു. വി. പിതാവു് ഈ പൈശാചികമായ നിർദ്ദേശത്തെ ധൈര്യപൂർവ്വം എതിർത്തു. ഇതിങ്കൽ ക്രുദ്ധനായ ത്രേജൻ ഈ വി. പിതാവിനെ ബന്ധനസ്ഥനാക്കി റോമിൽ കൊണ്ടുപോയി വന്യമൃഗ

www.malankaralibrary.com

Biju K. John



ങ്ങൾക്കു കൊടുക്കുവാൻ ഉത്തരവിട്ടു. വി. ഇഗ്നാത്തിയോസ് നൂറോനോ (തീക്കട്ടത്തവൻ) വളരെ ആഹ്ളാദപൂർവ്വം ഈ വിധിയെ സ്വീകരിച്ചു. ബന്ധിക്കാനായി കൊണ്ടുവന്ന ചങ്ങലയെ അദ്ദേഹം കയ്യിലേന്തി ചുംബിച്ചു. 40 സംവത്സരം താൻ ഭരിച്ച അന്ത്യോഖ്യാ സിംഹാസനത്തോടു യാത്ര പറഞ്ഞു് അദ്ദേഹം സാക്ഷിമരണത്തിനായി ആനന്ദപുരസ്സരം റോമിലേയ്ക്കു ബന്ധനസ്ഥനായി നയിക്കപ്പെട്ടു. പോകുന്നവഴിക്കും വിശ്വാസികളെ ധൈര്യപ്പെടുത്തിക്കൊണ്ടു് യാത്ര തുടർന്നു. കാവൽപടയാളികളോടുകൂടെ വിശുദ്ധൻ 'സ്മർണ്ണാ'യിലെത്തി. അവിടത്തെ എപ്പിസ്കോപ്പാ മാർ യൂഹാനോൻ ശ്ളീഹായുടെ ഉത്തമശിഷ്യനായ 'പോളിക്കാർപ്പ്'' വിശുദ്ധനെ എതിരേററു. അതുപോലെതന്നെ മററു സഭകളും മാനപൂർവ്വം ഉപചരിച്ചനുഗ്രഹം യാചിച്ചു.

സ്മർണ്ണയിൽനിന്നു് അവർക്കു് താൻ ലേഖനങ്ങളയച്ചു. അവയിൽ അവസാനം ഇങ്ങനെ പറയുന്നു. 'ഞാൻ ദൈവസന്നിധിയിലെത്തിച്ചേരുവാൻ നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ ഓർക്കുവിൻ. ഭരിക്കുവാൻ എനിക്കു യോഗ്യതയില്ലാത്ത അന്ത്യോഖ്യാസഭയെ നിങ്ങൾ മറന്നുകളയരുതു്''. റോമിലേയ്ക്കു് എഴുതിയ ലേഖനത്തിൽ താൻ അവിടെ എത്തുമ്പോൾ രക്തസാക്ഷിമരണത്തിനു് അവർ പ്രതിബന്ധമുണ്ടാക്കരുതെന്നു് അപേക്ഷിക്കുന്നു. ഇവയ്ക്കും പുറമെ ഫിലാദൽഫിയാ, സ്മർണ്ണാ എന്നീ സ്ഥലങ്ങളിലെ സഭകൾക്കും ലേഖനങ്ങളെഴുതി. അദ്ദേഹം റോമിൽ എത്തിച്ചേർന്നു. വിശ്വാസികൾ അദ്ദേഹത്തെ സ്വതന്ത്രനാക്കുവാൻ ശ്രമിച്ചെങ്കിലും അദ്ദേഹം സമ്മതിച്ചില്ല. ക്രി. 107 ധനു 20 ാം തീയതി നമ്മുടെ വി. പിതാവു് മാർ ഇഗ്നാത്തിയോസ് നൂറോനോ റോമിൽവച്ചു് സിംഹങ്ങൾക്കു ഭക്ഷണമായിത്തീർന്നു. ഏതാനും കൊല്ലങ്ങൾക്കു ശേഷം അദ്ദേഹത്തിൻെറ തിരുശേഷിപ്പുകൾ അന്ത്യോക്യായിലേയ്ക്കു ആനയിക്കപ്പെട്ടു.

വി. ഇഗ്നാത്യോസിൻെറ ലേഖനങ്ങളിൽ:– വേദവിപരീതികളിൽനിന്നു് സൂക്ഷിച്ചുകൊള്ളണമെന്നും ശ്ളീഹന്മാരുടെ ഉപദേശങ്ങളിൽനിന്നും അകന്നുപോകരുതെന്നും, എപ്പിസ്കോപ്പായെ അനുസരിക്കയും ശ്ളീഹന്മാരോടും ശെമ്മാശ്ശന്മാരോടും യോജിക്കുകയും ചെയ്യുന്നതു് വിശ്വാസഐക്യത്തിനും സത്യോപദേശസംരക്ഷണത്തിനും ആവശ്യമാണെന്നും കാണിച്ചിരുന്നു. വിശ്വാസം,

സഹിഷ്ണത മുതലായ ക്രിസ്തീയഭക്തിക്കാവശ്യമായ സകലവും വി. ഇഗ്നാത്യോസിന്റെ ലേഖനങ്ങളിലുണ്ടെന്ന് വി. പോളികാർപ്പ് സാക്ഷിക്കുന്നു. വി. സഭയ്ക്ക് 'കാതോലികം' എന്ന വിശേഷണം ആദ്യമായി ഉപയോഗിച്ചത് വി. ഇഗ്നാത്തിയോസാണ്. അത് സ്മർണ്ണായിലേയ്ക്കുള്ള ലേഖനത്തിലുമാണ്. ദൈവമാതാവിന്റെ നിത്യകന്യകാവ്രതത്തെക്കുറിച്ചും വി. കുർബാന നമ്മുടെ കർത്താവിന്റെ സാക്ഷാൽ തിരുശരീരരക്തങ്ങളാണെന്നുള്ളതിനെക്കുറിച്ചും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ചും മററും ഈ വിശുദ്ധപിതാവിന്റെ ലേഖനങ്ങളിൽ കാണാവുന്നതാണ്.

## പോളിക്കാർപ്പോസ് (Bishop of Smyrna)

യോഹന്നാൻശ്ലീഹായുടെ ശിഷ്യനും, സ്മിർന്നായിലെ എപ്പിസ്കോപ്പായുമായിരുന്ന പോളിക്കാർപ്പോസ്, ഏഷ്യാമൈനറിൽ, സ്മിർന്നാ എന്ന പട്ടണത്തിൽ ക്രി. 69 ൽ ഭൂജാതനായി.

ഒരു പുറജാതിക്കാരനായിരുന്ന ഇദ്ദേഹം, ചെറുപ്പത്തിൽതന്നെ ക്രിസ്ത്യാനിയായിത്തീരുകയും യോഹന്നാൻശ്ലീഹായുടെ ശിഷ്യനായി ക്രിസ്തീയവിശ്വാസവും പാരമ്പര്യവും നന്നായി പഠിക്കുകയും ചെയ്തു. ഒടുവിൽ വി. യോഹന്നാൻതന്നെ അദ്ദേഹത്തെ സ്മിർന്നായുടെ മേൽപ്പട്ടക്കാരനായി വാഴിച്ചു. ഒരു ഉത്തമ ഇടയനെപ്പോലെ അദ്ദേഹം ജനങ്ങളെ നയിച്ചു. gnostics ന്റെ (ജ്ഞാനമതക്കാരുടെ) ഉപദേശം (മാർക്കിയോൻ ആദിയായവർ പുത്രൻതമ്പുരാന്റെ മനുഷ്യത്വം മായയായിരുന്നു എന്ന ഉപദേശം) പ്രചരിപ്പിച്ചുകൊണ്ടിരുന്ന ഒരവസരമായിരുന്നു അത്. വേദവിപരീതികളോടു തന്റെ ഗുരുവായ യോഹന്നാൻശ്ലീഹാക്കുണ്ടായിരുന്ന വെറുപ്പും തനിക്കുണ്ടായിരുന്നു. ഒരിക്കൽ മാർക്കിയോൻ, പോളിക്കാർപ്പോസിനെ കണ്ടിട്ട് 'എന്നെ അറിയുമോ' എന്നു ചോദിക്കയുണ്ടായി. പോളിക്കാർപ്പോസ് ഉടനെ ഉത്തരമായി 'ഉവ്വ്' ഞാൻ നിന്നെ അറിയും. ആകൽക്കറുസായുടെ കടിഞ്ഞൂൽപുത്രനാണ് എന്നു പറഞ്ഞു.

സഭാംഗങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും പുറജാതികളെ സഭയിലേയ്ക്കു ചേർക്കുന്നതിനും അദ്ദേഹം അക്ഷീണമായി പരിശ്രമിച്ചുകൊണ്ടിരുന്നു. അപ്പോസ്തോലികപാരമ്പര്യം പരിരക്ഷിക്കാൻ അദ്ദേഹം എപ്പോഴും ഉത്സാഹിച്ചു. ക്യംതാപെരുനാൾ ആചരിക്കുന്നതിനെ സംബന്ധിച്ച് പാശ്ചാത്യരും പൗര

www.malankaralibrary.com



സ്ത്യരും ഭിന്നാഭിപ്രായക്കാരായിരുന്നു. സ്മിർന്നാ ആദിയായ ഏഷ്യാമൈനറിലെ സഭകൾ തീയതി—നീസാൻ 14 മുറക്കെ പിടിക്കയും റോം ആദിയായ പാശ്ചാത്യസഭകൾ തീയതി നോക്കാതെ ഞായറാഴ്ച ക്യംതാപെരുന്നാൾ കൊണ്ടാടുകയും ചെയ്തുപോന്നു. ക്രി. 154—ൽ പോളിക്കർപ്പോസ് റോം സന്ദർശിച്ചവേളയിൽ അവിടത്തെ മേൽപ്പട്ടക്കാരനായിരുന്ന ആനിക്കത്തുസുമായി പൗരസ്ത്യ ആചാരത്തെ സാധൂകരിച്ചുകൊണ്ട് ശക്തിയുക്തം വാദപ്രതിവാദം നടത്തി. അവരുടെ സ്നേഹത്തിനു ഭംഗം വരാതെ രണ്ടുപേരും വാദിച്ചു. രണ്ടു കൂട്ടരും നിഖ്യാസുന്നഹദോസുവരെ (എ. ഡി. 325) അവരുടെ ആചാരങ്ങൾ തുടരുകയും ചെയ്തു. പോളിക്കാർപ്പോസ് റോമിൽ വി. കർബാന അണയ്ക്കുകയും തന്റെ പ്രഭാഷണചാതുര്യവും പെരുമാററവിശേഷവും കൊണ്ട് അനേകം വേദവിപരീതികളെ സഭയിലേയ്ക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്തതായി പറയപ്പെടുന്നുണ്ട്.

പോളിക്കാർപ്പോസ് സ്മിർന്നായിൽ മേല്പട്ടക്കാരനായിരിക്കുന്ന അവസരത്തിലായിരുന്നു, തീക്കട്ടത്ത മാർ ഇഗ്നാത്യോസ് (ക്രി. 107) ട്രേജൻ ചക്രവർത്തിയുടെ കല്പനയനുസരിച്ച് ബന്ധിക്കപ്പെട്ട് ദുഷ്ടമൃഗങ്ങൾക്ക് ഇരയാകുന്നതിനുവേണ്ടി റോമിലേയ്ക്ക് ആനയിക്കപ്പെട്ടതു്. പോകുന്നവഴി പോളിക്കാർപ്പോസുമായി സ്മിർന്നായിവച്ചു കൂട്ടിമുട്ടി, പല സാരോപദേശങ്ങളും അദ്ദേഹത്തിനു നല്കി. പിന്നീട് ഒരു ലേഖനവും പോളിക്കാർപ്പോസിനയച്ചുകൊടുത്തു. അന്ത്യോഖ്യാസഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും അതിൽ ആവശ്യപ്പെട്ടിരുന്നു.

സ്മിർന്നായിലെ പീഡ: കൈസറിനെ ആരാധിക്കുകയും ബലിയർപ്പിക്കുകയും ചെയ്യണമെന്ന് അൻതോണിയസ് ചക്രവർത്തി ഉത്തരവായി. പോളിക്കാർപ്പോസിനു് എതിരായി സ്മിർന്നായിലെ കാവ്യരും യഹൂദന്മാരും ഹർജികൾ അയച്ചിരുന്നു. അവരുടെ മതത്തിനു വിപത്താണ് അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും എന്ന് അവർ സങ്കടപ്പെട്ടു, സ്നേഹിതന്മാരുടെ നിർബന്ധമനുസരിച്ച് പീഡയിൽനിന്ന് ഒഴിഞ്ഞുമാറാൻ പോളിക്കാർപ്പോസ് ആദ്യം ഉദ്യമിച്ച് കുറെനാൾ ഒളിവിൽ പാർത്തു. എന്നാൽ ഒടുവിൽ തന്നെ പിടിക്കുവാൻ വന്നവരുടെ കയ്യിൽ സ്വയം ഏല്പിച്ചുകൊടുത്തു. പടയാളികൾ തന്നെ ന്യായാധിപന്റെ സമീപത്തേയ്ക്കു കൊണ്ടുപോയി. ന്യായാധിപന്റെ അടുക്കൽ എത്തിയ

www.malankaralibrary.com



പ്പോൾ തന്നെ ധൈര്യപ്പെടുത്തുന്ന ഒരു ശബ്ദം സ്വർഗ്ഗത്തിൽനിന്നുണ്ടായി. മിശ്ഹായെ തള്ളിപ്പറയിക്കുന്നതിനു് ന്യായാധിപൻ പല ശ്രമങ്ങളും നടത്തി. പോളിക്കാർപ്പോസിൻെറ മറുപടി സുപ്രസിദ്ധമത്രെ. '86 വർഷം ഞാൻ അവനെ സേവിച്ചു അവനിൽനിന്നു് യാതൊരു ദോഷവും എനിക്കുണ്ടായില്ല. ഞാൻ എങ്ങനെ എൻെറ രക്ഷകനായ രാജാവിനെ ദൂഷിച്ചുപറയും' എന്നായിരുന്നു. തീച്ചൂളയിൽ അദ്ദേഹത്തെ ദഹിപ്പിക്കുവാൻ വിധിയുണ്ടായി. പക്ഷെ അദ്ദേഹത്തിൻെറ ചുററും അഗ്നി ഒരു കടംപോലെ നിന്നതേയുള്ളു. യാതൊരു ഉപദ്രവും ചെയ്തില്ല. സൗരഭ്യവാസന അവിടെനിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ വാൾകൊണ്ടു് അദ്ദേഹത്തെ കുത്തുകയും രക്തംകൊണ്ടു് തീ കെടുകയും ചെയ്തു, തിരുശേഷിപ്പുകൾ ക്രിസ്ത്യാനികൾക്കു കൊടുക്കാതെ ദഹിപ്പിക്കയത്രെ ചെയ്തതു്. സ്മിർന്നാക്കാർ രഹസ്യത്തിൽ അദ്ദേഹത്തിൻെറ അസ്ഥികൾ എടുത്തു് ഒരു സ്ഥലത്തു് സംസ്കരിക്കുകയും ആണ്ടുതോറും അവിടെ അദ്ദേഹത്തിൻെറ ഓർമ്മ കഴിക്കുകയും ചെയ്തിരുന്നു. ഈ സംഭവം നടന്നതു് ക്രി. 155 ൽ ആയിരുന്നു. പോളിക്കാർപ്പോസ് അപ്പോസ്തോല കാലത്തോടെ സഭയെ സംബന്ധിച്ച ശൃംഗലയിലെ അവസാന കണ്ണിയായിരുന്നു.

## ഇറാനിയോസ് (Irenaeus ക്രി. 125_202)

ഇദ്ദേഹം പോളിക്കാർപ്പോസിൻെറ ശിഷ്യനും (Gaul) ഫ്രൻസിൽ ഗോളിൽ പെട്ട ലിയോൺസ് (Lyons)– ലെ എപ്പിസ്ക്കോപ്പായുമായിരുന്നു. അദ്ദേഹം സ്മിർന്നാ സ്വദേശിയത്രെ ബാല്യത്തിലെ പോളിക്കാർപ്പോസുമായി പരിചയപ്പെടുകയും അദ്ദേഹത്തിൻെറ ശിഷ്യപദം സ്വീകരിച്ചു് വേദശാസ്ത്രം അഭ്യസിക്കയും ചെയ്തു. പിന്നീടു് കശ്ശീശാപട്ടം സ്വീകരിച്ചു് ഏതാനും വർഷം ലേവോദീനാ ഇടവക ഭരിച്ചുവന്നു ഇക്കാലത്തു ഗോളിൽപെട്ട ലിയോൺസ് സഭ ഭരിച്ചുവന്നതു് 80 വയസ്സു് എത്തിയിരുന്ന പോത്തീനോസ് എന്ന മേല്പട്ടക്കാരനായിരുന്നു. ഇദ്ദേഹത്തെ ഇടവക ഭരണത്തിൽ സഹായിക്കാൻ പണ്ഡിതനായ ഇറാനിയോസ് നിയമിക്കപ്പെട്ടു. പോത്തീനോസ് ശത്രുക്കളാൽ പീഡിപ്പിക്കപ്പെട്ടു് ജയിലിൽ കിടന്നു മരിച്ചപ്പോൾ ഇറാനിയോസ് തൽസ്ഥാനത്തു് എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു.

വേദശാസ്ത്രപരമായി അനേക ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടു

www.malankaralibrary.com



ണ്ട്. ക്യംതാ പെരുനാറം ആചരണത്തെ സംബന്ധിച്ചുള്ള വാദത്തിൽ പോളിക്കാർപ്പോസ്, റോം സന്ദർശിച്ച വേളയിൽ ഇറാനിയോസും കൂടെ ഉണ്ടായിരുന്നു. പാശ്ചാത്യ പൗരസ്ത്യസഭകൾ ആചാരത്തിൽ ഭിന്നിച്ചിരുന്നെങ്കിലും സ്നേഹത്തിലും സൗഹാർദ്ദത്തിലും തുടർന്നുപോകുന്നതിനു ഇറാനിയോസിന്റെ എഴുത്തുകളും ഇടപെടലും വളരെ സഹായിച്ചു. ഇറാനിയോസ് എപ്പോഴും ഒരു സമാധാനപ്രിയനായിരുന്നു.

റോമാസഭയുടെ സ്ഥാപകൻ പത്രോസ്—പൗലോസ് ശ്ലീഹന്മാരാണെന്നാണ് ഇറാനിയോസിന്റെ അഭിപ്രായം റോമിലെ മേല്പട്ടക്കാരുടെ ലിസ്റ്റ് ഇറാനിയോസ് നൽകുന്നുണ്ട്. അതിൽ ക്ലീമീസിനു നാലാം സ്ഥാനമാണു നൽകുന്നതു്. പത്രോസ്: പൗലോസ്, ക്ലീറോസ്, ക്ലീമീസ്, കോറിന്ത്യാസഭയിലെ ഭിന്നത തീർക്കുന്നതിനു ഈ ക്ലീമീസ് എഴുതിയിട്ടുള്ള ലേഖനം വിലയേറിയ ഒരു ഗ്രന്ഥമായി സഭ ഗണിച്ചുവരുന്നു.

വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ഏതാനും ഗ്രന്ഥങ്ങളെ സംബന്ധിച്ച് അദ്ദേഹം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായിയുടെ സുവിശേഷം എബ്രായഭാഷയിൽ മത്തായി എഴുതിയെന്നും വി. പത്രോസിന്റെ പരിഭാഷകനായ മർക്കോസ് പത്രോസിന്റെ ഉപദേശവും, വി. പൗലോസിന്റെ കൂട്ടുകാരനായ ലൂക്കോസ് പൗലോസിന്റെ ഉപദേശവും കൂട്ടിച്ചേർത്തു് പുസ്തകമാക്കിയെന്നും വി. യോഹന്നാൻ എഫേസൂസിൽ വച്ച് സുവിശേഷം രചിച്ചു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 1 പത്രോസ്, 1 യോഹന്നാൻ എന്നീ ലേഖനങ്ങളെക്കുറിച്ചും, യോഹന്നാന്റെ വെളിപാടിനെക്കുറിച്ചും ഗ്രീക്കുഭാഷയിലുള്ള സെപ്റ്റജിന്റ് (LXX) പഴയ നിയമത്തെക്കുറിച്ചും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

വേദവിപരീതികളെ ഖണ്ഡിച്ചുള്ള തന്റെ ഗ്രന്ഥങ്ങളിൽ ഒന്നിൽ, അതായതു് തന്റെ സഹപാഠിയായിരുന്ന ഫ്ളോറിനോസിനു് അയച്ച ലേഖനത്തിൽ, ബാല്യത്തിൽ അവർ ഒരുമിച്ച് പോളിക്കാർപ്പോസിന്റെ പാദപീഠത്തിലിരുന്നു പഠിച്ച വിവരവും എങ്ങനെ യോഹന്നാൻ ശ്ലീഹായിൽനിന്നും മറ്റു് അപ്പോസ്തോലന്മാരിൽനിന്നും പോളിക്കാർപ്പോസിനു ലഭിച്ച അറിവും പാരമ്പര്യവും അവർ മനസ്സിലാക്കിയെന്നും വേദവിപരീതികളോടു് എത്ര മാത്രം വെറുപ്പും പോളിക്കാർപ്പോസിനുണ്ടായിരുന്നു എന്നും മറ്റും

www.malankaralibrary.com



അതിൽ വിവരിച്ച്, ഫ്ളോറിനോസിനെ മനസ്സ തിരിക്കാൻ ഇറാനിയോസ് ഉത്സാഹിച്ചു. വലിയ ഫലമുണ്ടായില്ല. പാരമ്പര്യങ്ങളെ പ്രധാനമായി അടിസ്ഥാനമാക്കിയായിരുന്ന അദ്ദേഹത്തിന്റെ വാദങ്ങളെല്ലാം.

സേവേറിയോസ് ചക്രവത്തിയുടെ കാലത്ത് ലിവയോൻസ് പട്ടണത്തിലുണ്ടായ പീഡയിൽ അനേകർ വധിക്കപ്പെട്ട കൂട്ടത്തിൽ ഏ. ഡി 202-ൽ ഇറാനിയോസ് ശിരഛേദം ചെയ്യപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു.

## പ: യുസ്തീനോസ് (Justin Martyr)

ഏ. ഡി. (100–165)

യുസ്തിനോസ് 1–ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ പലസ്തീൻ നാട്ടിൽ Flavla Neapolis എന്ന പട്ടണത്തിൽ ഒരു പുറജാതി കുടുംബത്തിൽ Priscus ന്റെ മകനായി ജനിച്ചു ചെറുപ്പം മുതലെ വിദ്യാഭ്യാസത്തിൽ വളരെ തല്പരനായിരുന്നതിനാൽ പല ഗ്രീക്ക തത്വചിന്തകന്മാരെ സമീപിക്കുകയും പല വിദ്യാലയങ്ങളിൽ പഠിക്കുകയുംചെയ്തു. സത്യം ഗ്രഹിക്കണമെന്നായിരുന്ന അഭിലാഷം. സത്യം അന്വേഷിച്ച് ചിന്തിച്ച് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ വൃദ്ധനായ ഒരു ക്രിസ്ത്യീയഭക്തനെ കണ്ടുമുട്ടിയതായി പറയപ്പെടുന്നു. അതൊരു ദൈവദൂതനായിരുന്നെന്നാണ വിശ്വസിക്കപ്പെടുന്നത്. തത്വജ്ഞാനത്തിൽനിന്നും യഥാത്ഥ ജ്ഞാനം ലഭിക്കുന്നതല്ലെന്നും യഥാർത്ഥ ജ്ഞാനത്തിനുവേണ്ടി എബ്രായ പ്രവചനങ്ങൾ വായിക്കണമെന്നും അതുവഴി സത്യം വെളിപ്പെടുത്താൻ പ്രത്യേകം പ്രാത്ഥിക്കണമെന്നും ആ ദിവ്യപുരുഷൻ ഉപദേശിച്ചു. അതനുസരിച്ചു വേദപുസ്തകം വായിക്കാൻ തുടങ്ങിയതിന്റെ ഫലമായി ഒരു ക്രിസ്ത്യാനിയായിത്തീർന്നു. യഥാത്ഥ തത്വജ്ഞാനം അടങ്ങിയതും മനുഷ്യന്റെ ആവശ്യങ്ങൾക്ക പററിയതും ക്രിസ്തുമതം മാത്രമാണെന്ന് അദ്ദേഹം പില്ക്കാലത്തു സാക്ഷിച്ചു. അദ്ദേഹത്തിന്റെ നവീനാശയങ്ങൾ പ്രചരിപ്പിക്കുന്നതിന് അദ്ദേഹം ചുററിസഞ്ചരിച്ചു പ്രസംഗങ്ങൾ നടത്തി. പുസ്തകങ്ങൾ രചിച്ചു. തന്റെ അഗാധമായ ജ്ഞാനവും പാണ്ഡിത്യവും അനേക ക്രൈസ്തവരെ ക്രിസ്തുസഭയിലേക്ക് ആകർഷിച്ചു. ചക്രവർത്തിമാരുടെയും സാമാന്യജനങ്ങളുടെയും സ്നേഹവും ബഹുമാനവും അദ്ദേഹം ആർജ്ജിച്ചു. എഫേസൂസിലും റോമിലും ഓരോ സ്കൂളുകൾ സ്ഥാപിച്ച് തന്റെ തത്വചിന്ത പ്രചരിപ്പിച്ചു. ക്രിസ്തീയാദർശങ്ങളും സിദ്ധാന്തങ്ങളും ഗ്രീക്ക തത്വ

www.malankaralibrary.com



ചിന്തയുമായി ചേർത്തിണക്കി ക്രിസ്തീയ ഉപദേശങ്ങളോടു മേന്മ അദ്ദേഹം വെളിപ്പെടുത്തി. യോഹന്നാന്റെ സുവിശേഷത്തിൽ പറയപ്പെടുന്ന Logos അഥവാ വചനം എങ്ങനെ ദൈവം, അല്ലെങ്കിൽ ദൈവപുത്രൻ ആയി എന്നു വ്യാഖ്യാനിച്ചു മനസ്സിലാക്കി.

ക്രിസ്ത്യാനികളെ അകാരണമായും അക്രമമായും പീഡിപ്പിക്കുന്നതിനെ സംബന്ധിച്ച് റോമൻ ചക്രവർത്തിമാരുടെപേർക്ക് എഴുതുകയും അതനുസരിച്ച് ആസ്യയിലെ പീഡ അവസാനിപ്പിക്കാൻ രാജാവ് കല്പന ഇടുകയും ചെയ്തു.

വേദവിപരീതിയായ മാർക്കിയാനുമായി വാദപ്രതിവാദങ്ങൾ നടത്തുകയും അവനെതിരായി പുസ്തകങ്ങൾ രചിക്കയും ചെയ്തിട്ടുണ്ട്. യുസ്തിനോസിന്റെ കൃതികളെല്ലാം വിശ്വാസപരമായി അമൂല്യഗ്രന്ഥങ്ങളത്രെ. രണ്ടാം നൂറ്റാണ്ടിലെ സഭയുടെ വിശ്വാസാചാരങ്ങൾ ഗ്രഹിക്കുന്നതിനു അവ വളരെ പ്രയോജനകരങ്ങളത്രെ. വി. കർബാനയുടെ അനുഷ്ഠാനത്തെപ്പററി അദ്ദേഹം ഒരിടത്തു പറയുന്നതു് സഭാദ്ധ്യക്ഷൻ, ഒരുക്കപ്പെട്ട അപ്പവും വെള്ളം കലർത്തിയ വീഞ്ഞും കയ്യിലെടുത്തു വാഴ്ത്തി, അനുഗ്രഹിക്കുന്നു. അതു വിശുദ്ധാത്മാവുമൂലം പ്രാത്ഥനയാൽ ശുദ്ധീകരിക്കപ്പെടുന്നു. അപ്പോൾ അതു വെറും അപ്പവും വീഞ്ഞുമല്ല, പിന്നെയോ മനുഷ്യാവതാരംചെയ്ത യേശുമിശിഹായുടെ ശരീര രക്തങ്ങളാണ്.

വീണ്ടും ഞായറാഴ്ച ആചരണത്തെ സംബന്ധിച്ച് Apology എന്ന ഗ്രന്ഥം chr 67—ൽ അദ്ദേഹം ഇപ്രകാരം പറയുന്നു:—

'ഞായറാഴ്ച ദിവസം, പട്ടണത്തിലും ഗ്രാമത്തിലും ഉള്ളവർ ഒരിടത്തു സമ്മേളിക്കുന്നു. സുവിശേഷങ്ങളും പ്രവചനങ്ങളും ഗ്രന്ഥങ്ങളും സമയം അനുവദിക്കുന്നതുപോലെ വായിക്കുന്നു. വായന കഴിഞ്ഞശേഷം അദ്ധ്യക്ഷൻ വായിച്ച ഭാഗത്തെ അടിസ്ഥാനപ്പെടുത്തി പ്രസംഗിക്കുകയും നല്ല കാര്യങ്ങളെ അനുകരിപ്പാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് എഴുനേററു് പ്രാത്ഥന നടത്തുകയും വി. കർബാന അനുഷ്ഠിക്കുകയും ചെയ്യുന്നു. എല്ലാവരും അതിൽ പങ്കുകൊള്ളുന്നു. സന്നിഹിതരാകാത്തവർക്ക് ശെമ്മാശന്മാർ വീട്ടിൽ കൊണ്ടുചെന്ന് കർബാന കൊടുക്കുകയും ചെയ്യുന്നു. മാമോദീസായെക്കുറിച്ചും Apology—ൽ ചില പ്രസ്താവനകളുണ്ട്.

www.malankaralibrary.com



മാമോദീസാമൂലം വീണ്ടും ജനനം നടക്കുന്നു എന്നും പിതാവു-പുത്ര-പരിശുദ്ധാത്മ നാമത്തിൽ മാമോദീസാ നടത്തപ്പെട്ടു എന്നും സ്വാഭാവിക ജനനം നാം അറിയാതെ നടക്കുന്നപ്രകാരം വീണ്ടും ജനനം നാം അറിയാതെ നടക്കാമെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. മാമോദീസായ്ക്കു് Illumination (പ്രകാശം) എന്നും പേരുണ്ടു്. അതു നമ്മിലുള്ള അന്ധകാരത്തെ മാററി ആത്മാവിനു പ്രകാശത്തെ നൽകുന്നു. പാപങ്ങൾക്കു് മോചനവും ലഭിക്കുന്നു. അദ്ധ്യാ. 65- ശിശു സ്നാനം 2-ാം നൂററാണ്ടിൽ പ്രചാരത്തിലിരുന്നതായി അദ്ദേഹത്തിന്റെ പുസ്തകത്തിൽനിന്നും തെളിയുന്നുണ്ടു്.

പീഡകൾക്കെതിരായി അദ്ദേഹം വാദപ്രതിവാദങ്ങൾ നടത്തി. പീഡകൾ ചില സ്ഥലങ്ങളിൽ നിർത്തലാക്കാൻ കഴിഞ്ഞെങ്കിലും ഒരു ഗ്രീക്കു തത്വജ്ഞാനിയായ Cresceus-ന്റെ അസൂയയ്ക്കു് അദ്ദേഹം പാത്രീഭൂതനാകുകയും വധിക്കപ്പെടുകയുമാണുണ്ടായതു്. റസ്റ്റിക്കുസ് എന്ന ഭരണാധിപൻ റോമിൽവച്ചു് 165-ൽ മറേറതാനും ക്രിസ്തുഭക്തന്മാരോടൊരുമിച്ചു് അദ്ദേഹത്തെ വധിച്ചു. ഇങ്ങനെ ഒരു വലിയ ക്രിസ്തീയ തത്വജ്ഞാനി സഭയ്ക്കു നഷ്ടപ്പെട്ടു.

## ക്ളീമ്മീസ് (Clement of Alexandria)

അലക്സന്ത്രിയാ പട്ടണം ഏതൻസ് പോലെ സുപ്രസിദ്ധമായ വിദ്യാഭ്യാസകേന്ദ്രമായിരുന്നു. ആദ്യകാലത്തു് അറിസ്റ്റോട്ടിൽ, പ്ളേറേറാ ആദിയായ ഗ്രീക്കു് തത്വജ്ഞാനികളുടെ ഗ്രന്ഥങ്ങളത്രെ അവിടെ പഠിപ്പിച്ചുകൊണ്ടിരുന്നതു്. എന്നാൽ കാലാന്തരത്തിൽ അതു് ഒരു ക്രിസ്തീയ വിദ്യാലയം അഥവാ സർവ്വകലാശാലയായി രൂപാന്തരപ്പെട്ടു. സുപ്രസിദ്ധ വേദശാസ്ത്രജ്ഞനായിരുന്ന പൻറീനസ് അതിന്റെ ഭരണാധിപനും ഉപദേഷ്ടാവും ആയതിനോടുകൂടെ അതിന്റെ പ്രസിദ്ധി അനേകമടങ്ങു വർദ്ധിക്കയും അനേകരെ അവിടേക്കു് ആകർഷിക്കയും ചെയ്യാൻ സാധിച്ചു. ഈ പൻറീനസത്രെ സുവിശേഷപ്രചരണാർത്ഥം 180-ാമാണ്ടോടുകൂടെ ഇൻഡ്യ സന്ദർശിക്കുകയും എബ്രായഭാഷയിലുണ്ടായിരുന്ന മത്തായിയുടെ സുവിശേഷം കണ്ടുമുട്ടുകയും കൊണ്ടുപോകുകയും ചെയ്തു. പൻറീനസിന്റെ ശിഷ്യന്മാരിൽ ഏററവും പ്രസിദ്ധനായിരുന്നതു് അലക്സന്ത്രിയായിലെ ക്ളീമീസായിരുന്നു.

അദ്ദേഹം ജനിച്ചതു് അഥേനയിലെ ഒരു കാവ്യകുടുംബത്തിലായിരുന്നു. ഗ്രീക്കു് തത്വജ്ഞാനത്തിൽ അദ്ദേഹം അസാമാന്യ

www.malankaralibrary.com



പാണ്ഡിത്യം സമ്പാദിച്ചിരുന്നു. പിന്നീട് ക്രിസ്ത്യാനിയായി ത്തീർന്നു്, പൻെറീനസിൻെറ പാദപീഠത്തിൽ ക്രിസ്തുമത സിദ്ധാന്തങ്ങൾ അഭ്യസിക്കുകയും ചെയ്തു. അലക്സന്ത്രിയായിലെ മേല്പട്ടക്കാരനായിരുന്ന ദമത്രയോസിൽനിന്നു് കശ്ശീശാപട്ടം അദ്ദേഹം സ്വീകരിച്ചു. കുറെ അധികനാൾ അലക്സന്ത്രിയായിലെ പാഠശാലയിൽ അദ്ദേഹം ഒരു പ്രശസ്തഅദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ജ്ഞാനമതക്കാർക്കു് (gnostics) എതിരായി ശക്തിയോടെ അദ്ദേഹം പോരാടി. യഥാർത്ഥ ജ്ഞാനം വിശ്വാസത്തിന്മേൽ അധിഷ്ഠിതമായിരിക്കണമെന്നു ക്ലീമീസ് പഠിപ്പിച്ചു. അനേക വേദവിപരീതികൾ സത്യവിശ്വാസത്തിലേക്കു തിരിച്ചുവരുന്നതിനിടയായി. ആദിമസഭയുടെ വിശ്വാസാചാരങ്ങൾ ഗ്രഹിക്കുന്നതിനു് ക്ലീമീസിൻെറ കൃതികൾ ഏററം സഹായകരമാണെന്നു് ചരിത്രകാരന്മാർ സാക്ഷിക്കുന്നു.

സേവേറോസ് കൈസറിൻെറ പീഡ നിമിത്തമായി അലക്സന്ത്രിയാ വിദ്യാലയം കുറെ കാലത്തേക്കു് അടച്ചിടേണ്ടതായി വന്നു. ക്ലീമീസ് കപ്പദോക്യായിലേക്കു് ഓടിപ്പോയി. തൻെറ ശിഷ്യനായിരുന്ന മാർ അലക്സന്ത്രിയോസ് എപ്പിസ്ക്കോപ്പായോടുകൂടെ താമസിച്ചു് അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നു. വേദ വ്യാഖ്യാനത്തിലും തത്വശാസ്ത്രത്തിലും അതിനിപുണനായിരുന്ന അദ്ദേഹം ക്രി. 220–നോടുകൂടെ കാലഗതി പ്രാപിച്ചു. അദ്ദേഹത്തിൻെറ ചില കൃതികളെല്ലാം ഇന്നും അവശേഷിക്കുന്നുണ്ടു്.

## ഒറിഗാനോസ് (Origen എ. ഡി. 185–253)

അലക്സന്ത്രിയായിലെ സുപ്രസിദ്ധമായിരുന്ന വേദശാസ്ത്രസ്കൂളിൻെറ അധിപനും, വിവിധ വിഷയങ്ങളെ ആസ്പദമാക്കി 3000–ൽ പരം കൃതികൾ രചിച്ചിട്ടുള്ള ദേഹവുമായ വി. ഒറിഗാനോസ്, ലെയോനിഡസിൻെറ പുത്രനായി ക്രി. 185–ൽ അലക്സന്ത്രിയായിൽ ഭൂജാതം ചെയ്തു. കുടുംബത്തിൽ സഹോദരി സഹോദരന്മാരായി വേറെ ആറു പേരുണ്ടായിരുന്നു. പിതാവിൻെറ സംരക്ഷണയിൽ ആദ്യം വിദ്യാഭ്യാസം ലഭിച്ചു. സാമാന്യവിദ്യാഭ്യാസത്തിനുശേഷം ഗ്രീക്കു തത്വശാസ്ത്രവും അദ്ദേഹം അഭ്യസിച്ചു. ക്ലീമീസിൻെറ ശിഷ്യനായി വേദശാസ്ത്രവും പഠിച്ചു. Severes ചക്രവർത്തിയുടെ പീഡസ്സധീനനായി തൻെറ പിതാവു് വധിക്കപ്പെടുകയാൽ ഒറിഗാനോസും മാതാവും വളരെയധികം കുടുംബഭാരം

www.malankaralibrary.com



അനുഭവിക്കേണ്ടിവന്നു. ധനികയായ ഒരു ഭക്ത വിധവ ഇവരെ ധനപരമായി വളരെ സഹായിച്ചുകൊണ്ടിരുന്നു. തന്റെ മാതാവിൽനിന്നു് എബ്രായഭാഷയും അദ്ദേഹം വശമാക്കി. അദ്ദേഹത്തിന്റെ അസാമാന്യപാണ്ഡിത്യം പ്രസിദ്ധമായപ്പോൾ സ്വജാതീയരിൽനിന്നും വിജാതീയരിൽനിന്നും സ്ത്രീപുരുഷഭേദമെന്യേ ധാരാളം പേർ തന്റെ ശിഷ്യഗണത്തിൽപ്പെട്ടു വിദ്യ അഭ്യസിപ്പാൻതുടങ്ങി.

ഒരു യഥാർത്ഥ സന്യാസവൃത്തി സ്വീകരിച്ചിരുന്ന അദ്ദേഹം സുവിശേഷം നിമിത്തം 'തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കുന്ന ഷണ്ഡന്മാരുണ്ടു്' എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി ഷണ്ഡനായിത്തീർന്നു. തന്റെ അസാമാന്യപാണ്ഡിത്യം മനസ്സിലാക്കിയ അലക്സന്ത്രിയായിലെ മേല്പട്ടക്കാരൻ ഡെമിട്രയസ് ഇദ്ദേഹത്തെ എ. ഡി. 204–ൽ തന്റെ 17–ാമത്തെ വയസ്സിൽ ക്ലീമീസിന്റെ പിൻഗാമിയായി അലക്സന്ത്രിയാ സ്കൂളിന്റെ അധിപനും ഉപദേഷ്ടാവും ആയി നിയമിച്ചു. ധാരാളംപേർ തന്റെ ജ്ഞാനം കേൾപ്പാനും പഠിപ്പാനും സ്കൂളിൽ ചേർന്നു. ക്രിസ്തീയ ഉപദേശങ്ങൾ ഗ്രേക്ക തത്വശാസ്ത്രത്തിൽക്കൂടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നതിനും വേദപുസ്തകമൂലഭാഷയായ ഗ്രീക്ക്, എബ്രായ എന്നീ ഭാഷകൾ നല്ലവണ്ണം വശമായിരുന്നതിനാൽ വേദഭാഗങ്ങൾ ശരിയായി വ്യാഖ്യാനിക്കുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു് അത്ഭുതാവഹമായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധി ലോകമെങ്ങും വ്യാപിച്ചു. അറേബ്യായിലെ ഭരണാധിപൻ അദ്ദേഹത്തെ അറേബ്യായിലേക്കു ക്ഷണിക്കുകയും ഏതാനും നാൾ അവിടെ പോയി ജനങ്ങളെ സത്യോപദേശം പഠിപ്പിക്കുകയുംചെയ്തു.

അലക്സന്ത്രിയായിൽ പീഡയുണ്ടായ സമയത്തും ക്രി. 16–ൽ അദ്ദേഹം പലസ്തീൻനാട്ടിലേക്കു പോയി. യറുശലേമിലെ മെത്രാപ്പോലീത്താ അലക്സാണ്ടർ അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിച്ചു. തന്റെ ജനങ്ങളെ വേദശാസ്ത്രം പഠിപ്പിക്കുവാൻ നിയമിച്ചു. കൈസറിയായിലും ഏതാനും വർഷം അദ്ദേഹം താമസിച്ചു. അവിടത്തെ മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരം വേദപഠന ക്ലാസ്സ് നടത്തിക്കൊണ്ടിരുന്നു. ഇദ്ദേഹം യറുശലേമിലെത്തിയപ്പോൾ അവിടത്തെ മെത്രാപ്പോലീത്താ ഇദ്ദേഹത്തിനു കശ്ശീശാ (പട്ടക്കാരൻ) സ്ഥാനം നൽകി. ഇതു തന്റെ മേല്പട്ടക്കാരനായിരുന്ന ദെമിത്രിയോസിൽ അസൂയയും അസുഖവും ജനിപ്പിച്ചു. സ്വയം ഷണ്ഡനാക്കി എന്നും, അലക്സന്ത്രിയാ അതൃത്തി വിട്ടുപോയി

www.malankaralibrary.com



പട്ടമേററു എന്നും കാരണം പറഞ്ഞ് അദ്ദേഹം ഓറിഗാനോസിനെ 250—ൽ മുടക്കി, മുടക്കിയശേഷം അദ്ദേഹം കൈസറിയായിൽ താമസമാക്കി അവിടത്തെ വിദ്യാലയത്തിൻെറ മേൽനോട്ടം വഹിച്ചു. പിന്നീട് അന്ത്യോഖ്യായിലും കപ്പദോക്യായിലെ കൈസറിയായിലും താമസിച്ചുകൊണ്ട് വേദവിപരീതികൾക്ക് എതിരായും പുറജാതിക്കാർക്ക് എതിരായും പ്രസംഗങ്ങൾ നടത്തുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരു പുറജാതിക്കാരനും എപ്പിക്കൂറിയൻ തത്വചിന്തകനുമായ കെൽസോസിനെതിരായി ഒരു പുസ്തകം രചിച്ചിട്ടുണ്ട്. വേദപുസ്തകത്തിലുള്ള എല്ലാ പുസ്തകങ്ങൾക്കും അദ്ദേഹം വ്യാഖ്യാനം എഴുതിയിട്ടുണ്ട്. വേദപുസ്തകതർജ്ജമകളിലും പകർത്തിയെഴുത്തിലും വന്നിട്ടുള്ള തെററുകൾ അദ്ദേഹം തിരുത്തുകയുംചെയ്തിട്ടുണ്ട്.

ഓറിഗാനോസ് എഴുതിയ നൂറിലധികം ഗ്രന്ഥങ്ങൾ ചരിത്രകാരനായ യൂസേബിയസ് ശേഖരിച്ച് കൈസറിയായിൽ സൂക്ഷിച്ചിട്ടുണ്ട്. ഓറിജൻെറ അഭിപ്രായഗതികൾ ചിലതു് ഓർത്തഡോക്സ് വിശ്വാസത്തിനെതിരാണെന്ന് പിൽക്കാലത്ത് ചില പിതാക്കന്മാർ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ പല ഗ്രന്ഥങ്ങളും നഷ്ടപ്പെട്ടിരിക്കയാൽ ഇക്കാര്യങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്‌വാൻ ഇപ്പോൾ പ്രയാസമുണ്ട്. യഥാർത്ഥമായ തപോനിഷ്ഠകൾ പാലിച്ചുകൊണ്ട് ദൈവത്തിനും സഭയ്ക്കും വേണ്ടി ജീവിതാർപ്പണം ചെയ്ത പണ്ഡിതാഗ്രേസരനായിരുന്ന ഒറിഗാനോസ്, Decius—ൻെറ പീഡയുടെ കാലത്ത് 250—ൽ കാരാഗൃഹബന്ധിതനായിത്തീർന്നു. സൂർ പട്ടണത്തിലെ കാരാഗൃഹവാസകാലത്ത് പല കഷ്ടതകൾ സഹിക്കേണ്ടിവന്നു. 255—ൽ തൻെറ 69—ാമത്തെ വയസ്സിൽ പീഡയുടെ ഫലമായി അദ്ദേഹം പരലോകപ്രാപ്തനായി. അത്ഭുതപ്രവർത്തകനായി അറിയപ്പെട്ടിരുന്ന മാർ ഗ്രീഗോറിയോസ് അദ്ദേഹത്തിൻെറ പ്രസിദ്ധശിഷ്യന്മാരിൽ ഒരുവനാണ്. (Mar Gregorios the wonder worker)

---

## vi. കുപ്രിയാനോസ്, (St. Cyprian)

(കാർത്തേജിലെ മെത്രാപ്പോലീത്താ 248–258)

ആദിമസഭയിൽ പ്രഗത്ഭമേല്പട്ടക്കാരനായിരുന്ന വലിയ മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ് എന്നിവരെപ്പോലെ

www.malankaralibrary.com



കാർത്തേജിലെ മെത്രാപ്പോലീത്തായായിരുന്ന മാർ കപ്രീയാനോസ് എല്ലാ നിലയിലും ഏററം പ്രഗത്ഭമതിയായ ഒരാളായിരുന്ന ഇദ്ദേഹം. കാർത്തേജിൽ ഒരു പ്രധാന പുറജാതികടുംബത്തിൽ ഭൂജാതം ചെയ്തു. തർക്കശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അതിനിപുണനായിരുന്നു. കാർത്തേജു വിദ്യാലയത്തിൽ തത്വശാസ്ത്രം പഠിപ്പിക്കുന്നതിനും ഇദ്ദേഹം നിയമിക്കപ്പെട്ടു. തന്റെ ഗുരുവായ തെർത്തുല്യനെപ്പോലെ ആദ്യം ഒരു അഭിഭാഷകനായിരുന്നു എന്നും പറയപ്പെടുന്നു. ക്രിസ്തീയഉപദേശം പഠിച്ച് മാമോദീസാ സ്വീകരിച്ച് ഒരു ക്രിസ്ത്യാനിയായിത്തീരുകയും, ഇദ്ദേഹത്തിന്റെ പാണ്ഡിത്യവും ദൈവഭക്തിയും കണ്ട് ഇദ്ദേഹത്തെ പിന്നീട് കശ്ശീശാ ആക്കുകയുംചെയ്തു. കാർത്തേജിലെ എപ്പിസ്‌ക്കോപ്പാ കാലംചെയ്തപ്പോൾ ഇദ്ദേഹത്തെ അവിടത്തെ എപ്പിസ്‌ക്കോപ്പയായി 248—ൽ വാഴിച്ചു. എ. ഡി. 250—ൽ Decius ചക്രവർത്തി സഭയെ കഠിനമായ പീഡയ്ക്കു വിധേയമാക്കിയപ്പോൾ കപ്രീയാനോസ് കുറേനാൾ ഒളിവിൽ താമസിച്ചു. പീഡ തീർന്നപ്പോൾ 251—ൽ തിരെ്യ വന്ന് ഭദ്രാസന ചുമതല ഏറെറടുത്തു.

അക്കാലത്ത് പാശ്ചാത്യ പൗരസ്ത്യ സഭകളെ തമ്മിൽ ഭിന്നിപ്പിച്ച ഒരു വാദവിഷയം വേദവിപരീതികളുടെ മാമോദീസായായിരുന്നു. വേദവിപരീതികളെ സഭയിൽ ചേർക്കുമ്പോൾ അവരെ വീണ്ടും മാമോദീസാ മുക്കണമോ വേണ്ടയോ എന്നുള്ളതായിരുന്ന പ്രശ്നം. അന്ത്യോഖ്യാ, അലക്സാന്ത്രിയാ, ഏഷ്യമൈനർ ആദിയായ പൗരസ്ത്യദേശങ്ങളിൽ വേദവിപരീതികളെ വീണ്ടും മാമോദീസാ നടത്തിയാണ് സഭയോടു ചേർത്തുവന്നത്. വി. കപ്രിയാനോസും ആ പക്ഷക്കാരനായിരുന്നു. എന്നാൽ റോമ്മാസഭ ഈ നടപടിക്ക് എതിരായിരുന്നു. വീണ്ടും മാമോദീസാ മുക്കാതെ പ്രാത്ഥന മാത്രം കഴിച്ച് അവരെ സ്വീകരിക്കുന്ന പതിവായിരുന്ന അവർക്കുള്ളതു. റോമ്മായിലെ എപ്പിസ്‌ക്കോപ്പായായിരുന്ന സ്റ്റോഫാനോസ് 254—ാമാണ്ട് വേദവിപരീതികളുടെ മാമോദീസാ ശരിയാണെന്നു പ്രഖ്യാപനം ചെയ്തു. കാർത്തേജിലെ മാർ കപ്രിയാനോസ് ഈ വിവരം അറിഞ്ഞു 255—ൽ ഒരു സുന്നഹദോസ് കാർത്തേജിൽ വിളിച്ചുകൂട്ടി. 97 ബിഷപ്പന്മാർ അതിൽ സംബന്ധിച്ചിരുന്നു. പൗരസ്ത്യസഭകളുടെ നടപടികളെ അവർ അംഗീകരിക്കുകയാണ ചെയ്തതു. വി. കപ്രിയാനോസ് ഇങ്ങനെ സമത്ഥിച്ചു. വി. മാമോദീസാ ഏകമാകയാൽ സഭയിലേക്കുവരുന്ന വേദവിപരീതികളെ വീണ്ടും മാമോദീസാ മുക്കുവാൻ പാടില്ലെന്നു ചിലർ പ

www.malankaralibrary.com



റയുന്നു. ഏക മാമ്മോദീസാ എന്നു പറയുന്നതു് കാതോലിക സഭയിലെ ഏക മാമോദീസായെ സംബന്ധിച്ചാണെന്നു് അവർ ഗ്രഹിക്കുന്നില്ല. വേദവിപരീതികളിൽ നിന്നുമാമോദീസാ സ്വീകരിച്ചവർ രണ്ടാമതും ഏല്ക്കയല്ല. പിന്നെയോ മാമോദീസാ അവർ ആദ്യമായി യഥാർത്ഥത്തിൽ സ്വീകരിക്കയാണു്. എന്തെന്നാൽ യാതൊന്നും ഇല്ലാത്തിടത്തുനിന്നു വല്ലതും എടുക്കുവാൻ ഒരുത്തനും സാദ്ധ്യമല്ല. വേദവിപരീതികളുടെ മാമോദീസാ, മാമോദീസാ അല്ലെന്നുള്ള നിഗമനമാണു് വി. കപ്രിയാനോസിനുള്ളതു്. 256-ൽ വേറൊരു സുന്നഹദോസും വി. കപ്രിയാനോസു് കാർത്തേജിൽ വിളിച്ചുകൂട്ടി. മുൻതീരുമാനം ഉറപ്പിച്ചു ഈ തീരുമാനം മാർ സ്തേഫാനോസിന്റെ പേർക്കു് എഴുതി അയച്ചു. അദ്ദേഹം അതിനെ നിഷേധിക്കുക മാത്രമല്ല, ദൂതുമായി ചെന്നയാളെ അപമാനിച്ചയയ്ക്കുകയും ചെയ്തു. ആഫ്രിക്കൻ എപ്പിസ്ക്കോപ്പന്മാരെ സഭാബന്ധത്തിൽനിന്നു് ഛേദിച്ചുകളയുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. വി. കപ്രിയാനോസും കൂട്ടരും ഈ ഭീഷണികളെ തൃണവൽഗണിച്ചുകൊണ്ടു് പഴയ വിശ്വാസത്തിൽ തന്നെ തുടർന്നുകൊണ്ടിരുന്നു. അലക്സാന്ത്രിയായിലെ മാർ ദീവന്നാസ്യോസ് കൈസറിയായിലെ മാർഫർമില്യനോസ് ആദിയായവർ മാർ സ്തേഫാനോസിന്റെ ധിക്കാരപരമായ പ്രവൃത്തികളെ ശാസിച്ചു ലേഖനങ്ങൾ അയച്ചു. ഫെർമില്യാനോസിന്റെ കത്തിൽ മാർ സ്തേഫാനോസ് മര്യാദലംഘനക്കാരനും സ്ക്കറിയോത്തായുമാണെന്നു് സംബോധനചെയ്തശേഷം അനേകം സഭകളുമായുള്ള കൂട്ടായ്മയിൽനിന്നു നിങ്ങൾ സ്വയം നിങ്ങളെ വേർതിരിച്ചതായ നിങ്ങളുടെ പ്രമാദം മ്ലേച്ഛതരമാണു്. ഇതുമൂലം നിങ്ങൾ സഭാതലത്തിൽനിന്നു് നിങ്ങളെ ഇതരനാക്കിത്തീർത്തിരിക്കുന്നു എന്ന സംഗതി വിസ്മരിക്കരുതു്. സഭയുടെ ഐക്യബോധത്തെ ആരുപേക്ഷിക്കുന്നുവോ അവനത്രെ സഭയിൽനിന്നും യഥാർത്ഥത്തിൽ ശീശ്മക്കാരൻ എന്നെല്ലാം എഴുതിയിരുന്നു. വേദവിപരീതികളുടെ മാമോദീസാ സംബന്ധിച്ച വാദം അവസാനം തീർച്ചചെയ്ത സമാധാനം ഉണ്ടാക്കിയതു് 325-ൽ കൂടിയ നിഖ്യാ സുന്നഹദോസത്രെ.

പുത്രൻ തമ്പുരാന്റെ ദൈവത്വം നിഷേധിക്കുന്നവരായ അറിയോസുകാർ പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചവരായ മക്കദോന്യർ ആദിയായവരുടെ മാമോദീസാ ശരിയല്ലെന്നും അവർ സഭയിലേയ്ക്കു വരുമ്പോൾ വീണ്ടും മാമോദീസാ മുക്കണമെന്നും

www.malankaralibrary.com



മററുള്ള ചിലരെ മൂറോൻ അഭിഷേകം ചെയ്താൽ മതിയെന്നും, ചിലരെക്കൊണ്ടു വിശ്വാസം ഏററുപറയിച്ചു സ്വീകരിക്കാമെന്നുമായിരുന്നു നിഖ്യാ തീരുമാനം. (എട്ടാമ കാനോൻ)

കപ്രിയാനോസിന്റെ കാലത്തു് സഭയെ അലട്ടിക്കൊണ്ടിരുന്ന വേറൊരു പ്രശ്നം, പീഡയുടെ കാലത്തു് വിശ്വാസം ത്യജിക്കയും പുറജാതിവിഗ്രഹങ്ങൾക്കു ബലിയർപ്പിക്കയും ചെയ്തു് പീഡ ഒഴിഞ്ഞുമാറിയവരെ സംബന്ധിച്ചായിരുന്നു. യാതൊരു കാരണവശാലും അവരെ സഭയോടു ചേർക്കരുതെന്നു് തീവ്രവാദികൾ വാദിച്ചിരുന്നു. രക്തസാക്ഷികളുടെ ശുപാർശക്കത്തുകളുമായി പലർ തിരികെ സഭയിലേയ്ക്കു വന്നു. Decins ചക്രവർത്തിയുടെ കഠിനമായ പീഡയ്ക്കുശേഷമാണു് ഇക്കൂട്ടർ (The Lapsed) അധികമായി കാണപ്പെട്ടതു്. രക്തസാക്ഷികളോടുള്ള ഭക്തിബഹുമാനം നിമിത്തം അവരുടെ ശുപാർശകൾ ഒരിക്കലും നിരസിപ്പാൻ പാടില്ലെന്നു് വേറൊരു കൂട്ടർ വാദിച്ചു. കപ്രിയാനോസ് മേല്പട്ടസ്ഥാനം പ്രാപിച്ച നാൾമുതൽ തന്നോടു് എതിർത്തു തൽസ്ഥാനത്തുനിന്നു് തന്നെ നീക്കംചെയ്യുന്നതിനു സർവ്വാത്മനാ ശ്രമിച്ചുകൊണ്ടിരുന്ന Novatus ഇവരുടെ നേതാവായിരുന്നു. ബുദ്ധിമാനും നയതന്ത്രജ്ഞനുമായ വി. കപ്രിയാനോസ് രക്തസാക്ഷികളുടെ ശുപാർശകൾ (Libelli Pacis) സ്വീകരിക്കുകയും അതേസമയത്തു തിരിച്ചുവരുന്നവരുടെ അനുതാപം പരമാർത്ഥമായിട്ടുള്ളതാണെന്നു ബോധ്യപ്പെടുന്നവരെ, കൂട്ടിനടത്തുന്നതിനു് ഓരോ സ്ഥലത്തേയും എപ്പിസ്കോപ്പന്മാർക്കു് എഴുതി അയയ്ക്കുകയും ചെയ്തു. ഇതു സംബന്ധിച്ചു് ഒരു സുന്നഹദോസ് കാർത്തേജിൽ വിളിച്ചുകൂട്ടി കപ്രിയാനോസിന്റെ അഭിപ്രായം തന്നെ എല്ലാവരും അംഗീകരിച്ചു. ഓരോ കാര്യങ്ങളെക്കുറിച്ചും സുദൃഢമായ അഭിപ്രായം കപ്രിയാനോസിനുണ്ടായിരുന്നെങ്കിലും ആരുടെമേലും അതു കെട്ടിഏല്പിക്കുവാൻ അദ്ദേഹം ഉദ്യമിച്ചിരുന്നില്ല. സഹോദരമെത്രാന്മാരെയും ജനങ്ങളെയും ആദ്യമായി തൃപ്തിപ്പെടുത്തുവാനദ്ദേഹം ശ്രമിച്ചിരുന്നു. ഒരു Synodical ഭരണരീതിയാണു് അദ്ദേഹം അവലംബിച്ചിരുന്നതു്.

ന. ഭ, സഭയുടെ അധികാരം, പൗരോഹിത്യം എപ്പിസ്കോപ്പന്മാരുടെ അധികാരം ആദിയായ വിഷയങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉപദേശം പ. ഇഗ്നാത്യോസ് നൂറോനോയുടെ അഭിപ്രായത്തോടു് സാമ്യമുള്ളതും ഏററം ആദരണീയങ്ങളുമായിരുന്നു.

www.malankaralibrary.com



'സഭയില്ലാത്തവൻ ക്രിസ്ത്യാനിയെയല്ല. സഭയേയും എപ്പിസ്ക്കോപ്പായേയും അനുസരിക്കാത്തവൻ കോറഹിനെപ്പോലെ ശിക്ഷാർഹനായിരിക്കും. എപ്പിസ്ക്കോപ്പാ ആട്ടിൻകൂട്ടത്തിന്റെ അപ്പോസ്തലനത്രെ തുടർച്ചയായുള്ള അപ്പോസ്തോലിക കൈവെപ്പിന്റെ (Apostolic Succession) ആവശ്യവും അദ്ദേഹം ഊന്നിപ്പറയുമായിരുന്നു. ശ്ലീഹന്മാരുടെയും ആദിമസഭയുടെയും ഉപദേശത്തെയും ആചാരങ്ങളെയും അടിസ്ഥാനപ്പെടുത്തിയുള്ള പഠിപ്പിക്കലായിരുന്നു അദ്ദേഹം എപ്പോഴും നൽകിക്കൊണ്ടിരുന്നത്. ഓരോ വിഷയത്തെ സംബന്ധിച്ചും കുപ്രിയാനോസിന്റെ അഭിപ്രായം അക്കാലത്തെ ഓരോ സഭാവിഭാഗവും തേടുമായിരുന്നു എന്നുള്ളതിൽനിന്നു തന്നെ സഭയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനം നമുക്കു ഗ്രഹിക്കാവുന്നതാകുന്നു. ഇത്ര സമുന്നതമായ സ്ഥാനം അലങ്കരിച്ചിരുന്ന ഈ വിശ്വാസവീരൻ, ക്രി. 258-ൽ ഡയോക്ലാഷ്യൻ ചക്രവർത്തിയുടെ പീഡയുടെ ഫലമായി സാക്ഷിമരണം പ്രാപിച്ചു. അദ്ദേഹത്തെ ഗളച്ഛേദം ചെയ്തപ്പോൾ ഭക്തജനം ചുറ്റുമായി നിന്ന് ചിന്തപ്പെട്ട രക്തം തൂവാലയിൽ പുരട്ടി ഭക്തിയോടെ സൂക്ഷിച്ചുവന്നു. ഇദ്ദേഹം അനേകം ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. അവയിൽനിന്നെല്ലാം അദ്ദേഹത്തിന്റെ അചഞ്ചലമായ മതഭക്തി, അഗാധമായ ജ്ഞാനം, ഭരണപാടവം ആദിയായവ നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്.

## അദ്ധ്യായം IV

## ദയറാപ്രസ്ഥാനം (Monastic Orders)

ദയറാപ്രസ്ഥാനം എക്കാലത്തും ക്രിസ്തീയസഭയുടെ വളർച്ചയെ ഗണ്യമായ നിലയിൽ സഹായിച്ചിട്ടുള്ള ഒരു ഘടകമാണ്. ലോകഇമ്പങ്ങളെയെല്ലാം ത്യജിച്ച്, തങ്ങളുടെ ജീവിതത്തെ മുഴുവനായി ദൈവതിരുനാമമഹത്വത്തിനായി സമർപ്പിച്ചു പ്രാർത്ഥനയിലും, ധ്യാനത്തിലും, ദൈവികവേലയിലും സമയം മുഴുവൻ ചെലവഴിക്കുന്നവരുടെ സമൂഹത്തിനാകുന്നു, സന്യാസാശ്രമം അഥവാ ദയറാ എന്നു പറയുന്നത്. ഇങ്ങനെയുള്ള പ്രസ്ഥാനം ആദ്യമായി ഉടലെടുത്തത് മിസ്രയേമിൽ (ഈജിപ്പിൽ) ആകുന്നു. അതിന്റെ സ്ഥാപകൻ പ. അന്തോനിയോസ് (St. Antony) അത്രെ.

www.malankaralibrary.com



## അന്തോനിയോസ്

മിസ്രയിമ്മിൽ കോമ എന്ന ഗ്രാമത്തിൽ ക്രി. 261-ൽ ജാതനായി. തന്റെ മാതാപിതാക്കന്മാർ ഏററം ഭക്തന്മാരായിരുന്നതിനാൽ, അന്തോനിയോസും ചെറുപ്പംമുതലെ ഭക്തിമാർഗ്ഗങ്ങളിൽ പരിശീലിക്കപ്പെട്ടുപോന്നു. 18-ാമത്തെ വയസ്സിൽ മാതാപിതാക്കൾ മരിച്ചുപോകയാൽ അന്തോനിയോസ് ഒരു വലിയ പിതൃസ്വത്തിനു അവകാശിയായിത്തീർന്നു. ഒരു ദിവസം ദേവാലയത്തിൽ വി. കർബാനയിൽ സംബന്ധിച്ചുകൊണ്ടിരുന്നപ്പോൾ വായിച്ചുകേട്ട സുവിശേഷഭാഗം 'നീ പൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നപക്ഷം നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുക്കുക; എന്നാൽ സ്വർഗ്ഗത്തിൽനിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്കുക' (ലൂക്കോ. 18:22) എന്നു നമ്മുടെ കർത്താവു ധനവാനായ ഒരു മനുഷ്യനോടു കല്പിച്ച ഭാഗമായിരുന്നു. ഇതിനെക്കുറിച്ച് അന്തോനിയോസ് കൂടുതലായി ചിന്തിക്കയും ആ മാർഗ്ഗം സ്വീകരിപ്പാൻ തീരുമാനിക്കയും ചെയ്തു. തന്റെ സ്വത്തിൽ ഒരംശം സഹോദരിക്കുവേണ്ടി മാററിവച്ചശേഷം ബാക്കി മുഴുവനും വിററു ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്തിട്ടു സന്യാസവൃത്തിയിലേക്കു പ്രവേശിച്ചു നീലനദിയുടെ സമീപത്തുള്ള വനാന്തരങ്ങളിൽ പോയി ഉഗ്രമായ തപസ്സാരംഭിച്ചു. രാത്രിയിലും പകലും പ്രാർത്ഥനയിലും ധ്യാനത്തിലും വേദവായനയിലും കഴിച്ചുകൂട്ടി. ദിവസം ഒരു നേരം മാത്രം—വൈകിട്ട് വെള്ളവും റൊട്ടിക്കഷണങ്ങളും മാത്രം—ഭക്ഷിച്ചു ജീവിക്കുക സർവ്വസാധാരണമായിരുന്നു. നോമ്പുകാലങ്ങളിൽ പല ദിവസം ഭക്ഷണംകൂടാതെ ജീവിക്കാനും ഈ തപോധീരനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല എന്നു കേൾക്കുമ്പോൾ നാം അത്ഭുതസ്തബ്ധരായിപ്പോകും; അദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളും പ്രസിദ്ധമായി. ധാരാളം ആളുകൾ തന്റെ ഉപദേശം കേൾക്കുവാനും, രോഗശാന്തി പ്രാപിപ്പാനും സമീപിച്ചുകൊണ്ടിരുന്നു. തന്റെ പ്രശസ്തി ലോകവ്യാപകമായതോടുകൂടി അനേകർ തന്നെ അനുസരിപ്പാനും അനുഗമിപ്പാനും തുടങ്ങി.

തന്റെ പ്രാർത്ഥനയും ധ്യാനവും തടസ്സപ്പെടുത്തുന്ന പല പരീക്ഷകൾ പിശാചിൽനിന്ന് ഉണ്ടായിക്കൊണ്ടിരുന്നതായും അവയോടെല്ലാം സുധീരം അദ്ദേഹം പോരാടി വിജയിച്ചതായും പറയപ്പെടുന്നുണ്ട്. ദുഷ്ടമൃഗങ്ങളെപ്പോലും തന്റെ പ്രാത്ഥനാശക്തിയാൽ സാന്ത്വനപ്പെടുത്താറുണ്ടായിരുന്നു പോൽ.

www.malankaralibrary.com



ഡയോക്ലീഷൻ ചക്രവർത്തിയുടെ പീഡയുടെ കാലത്ത് അനേകം ക്രിസ്ത്യാനികൾ വധിക്കപ്പെട്ടതായറിഞ്ഞ് അദ്ദേഹം ഗ്രാമപ്രദേശങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ജനങ്ങളെ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു.

അറിയോസിന്റെ വേദവിപരീതം അലക്സന്ത്രിയാ പട്ടണത്തിൽ പ്രബലപ്പെട്ട അവസരത്തിൽ, അന്തോണിയോസ് പ. അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം പട്ടണത്തിൽചെന്നു സത്യവിശ്വാസത്തിനുവേണ്ടി ധീരധീരം പോരാടി. തന്റെ അത്ഭുതപ്രവൃത്തിയും അഗാധമായ ജ്ഞാനവും സംഭാഷണചാതുര്യവും ചഞ്ചലഹൃദയരായിരുന്ന അനേകരെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനു പര്യാപ്തമായി ഭവിച്ചു. ഒരിക്കൽ കസ്തന്തീനോസ് ചക്രവർത്തി ഇദ്ദേഹത്തിനു് ഒരെഴുത്തയച്ചു. അതിനെ സംബന്ധിച്ച് തന്റെ ശിഷ്യന്മാരിൽ ചിലർ പുകഴ്ത്തിയായി സംസാരിച്ചപ്പോൾ ഈ പരിശുദ്ധൻ പ്രസ്താവിച്ചത് 'ചക്രവർത്തിയും മരണമുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിത്യനായ ദൈവം നമുക്കായി നിയമങ്ങൾ എഴുതിത്തരികയും നമ്മുടെ രക്ഷയ്ക്ക് ഏകജാതനെ അയയ്ക്കുകയും ചെയ്തിരിക്കുമ്പോൾ രാജാവിന്റെ കത്ത് എന്തുള്ള' എന്നായിരുന്നു. ഒരു യഥാർത്ഥ ത്യാഗിവര്യന്റെ ലക്ഷണമത്രെ ഇതു്.

അന്തോനിയോസിന്റെ അഗാധമായ ഭക്തിയും അത്ഭുതസിദ്ധികളും അനേകരെ തന്നിലേയ്ക്ക് ആകർഷിച്ചു. തന്റെ ശിഷ്യഗണത്തിൽ പെട്ടവരായി ബഹുസഹസ്രം സന്യാസിമാർ വനാന്തരങ്ങളിൽ പലയിടങ്ങളിലായി അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ താമസമുറപ്പിച്ചു തപസ്സുചെയ്വാൻ തുടങ്ങി. താപസശ്രേഷ്ഠനായ മാർ അന്തോനിയോസ് തന്റെ 20-ാമത്തെ വയസ്സിൽ ആരംഭിച്ച തപോനിഷ്ഠകൾ യാതൊരു കോട്ടവും തട്ടാതെ 85 വർഷം 105-ാം വയസ്സിൽ ഈ ലോകവാസം വെടിയുന്നതുവരെയും പാലിച്ചുകൊണ്ടിരുന്നു. മോശയെപ്പോലെയും മററു പ്രവാചകന്മാരെപ്പോലെയും ദിവ്യദർശനം അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹം തന്റെ അവസാന നിമിഷത്തെപ്പററി മുൻകൂട്ടി ഗ്രഹിച്ചു. തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ചു, അനാർഭാടമായും, രഹസ്യമായും തന്നെ സംസ്ക്കരിക്കണമെന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകി. ക്രി. 36[illegible]-ൽ തന്റെ ദിവ്യരക്ഷകന്റെ സന്നിധിയിലേയ്ക്ക് ആ ദിവ്യപുരുഷൻ യാത്രയായി.

www.malankaralibrary.com



നമ്മുടെ സഭയിൽപ്പെട്ട റമ്പാന്മാർ അന്തോനിയോസ് ഓർഡറിൽ സന്യാസവൃത്തി നടത്തുന്നവരെത്ര. നസ്രായ നേർച്ചക്കാരെപ്പോലെ ലോകഇമ്പങ്ങളെല്ലാം പരിത്യജിച്ച് സർവ്വോപരി കർത്താവിനെ സ്നേഹിപ്പാൻ വ്രതമെടുത്തിട്ടുള്ളവരാകുന്നു ദയറായക്കാർ.

## പാക്കൂമിയോസ്

ഏകാന്തവാസം ചെയ്തുകൊണ്ടിരുന്ന ദയറായക്കാരെ സംഘടിപ്പിച്ച് അവർക്കുവേണ്ടി നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയ ഒരു താപസശ്രേഷ്ഠനത്രെ പാക്കമിയോസ്. നീലനദിയുടെ സമീപത്തായി ഒരു ദ്വീപിൽ താബിനീ (Thabennesi) എന്നു വിളിക്കപ്പെടുന്ന ഒരു സന്യാസിമഠം അദ്ദേഹം സ്ഥാപിച്ചു ഒരുസമയത്തു 50,000 ദയറാക്കാരോളം അദ്ദേഹത്തിന്റെ കീഴിൽ അഭ്യസനം നടത്തിക്കൊണ്ടിരുന്നു. ദാരിദ്ര്യം, വിശുദ്ധി, പരിപൂർണ്ണ അനുസരണം (Poverty, Chastity, Obedience) ഇവ മൂന്നുമായിരുന്നു അവരുടെ പ്രധാന ആദർശം. ദരിദ്രരേയും ആശ്രമസ്ഥരേയുമുദ്ദേശിച്ച് കൈകൊണ്ടു ദിവസവും അദ്ധ്വാനം ചെയ്ക, നിരന്തരമായ പ്രാർത്ഥന, ധ്യാനം, ഉപവാസം ഇവ നടത്തുക എന്നീ കാര്യങ്ങളിൽ അവർ അതീവ താല്പര്യമുള്ളവരായിരുന്നു.

ആശ്രമസ്ഥാനത്തിനു നേതൃത്വം നൽകിയ വേറൊരു സിദ്ധനായിരുന്നു വി. മക്കാറിയോസ്. അദ്ദേഹവും ആഫ്റിക്കൻ വനാന്തരങ്ങളിലായിരുന്നു ആശ്രമം സ്ഥാപിച്ചതു്. 4–ാം ശതാബ്ദത്തിൽ സ്ഥാപിതമായ പല ആശ്രമങ്ങളും ഈജിപ്തിൽ ഇപ്പോഴും കാണ്മാനുണ്ടു്.

## മാർ ബസേലിയോസിന്റെ ആശ്രമ പ്രസ്ഥാനം (St. Basil's Order)

ആശ്രമപ്രസ്ഥാനത്തിനുവേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി അതു സഭയ്ക്കു കൂടുതൽ പ്രയോജനപ്രദമാക്കിത്തീർത്ത ഒരു മഹാശയനും പരിശുദ്ധനുമായിരുന്നു 1 ാം ശതാബ്ദത്തിന്റെ ഉത്തരാർത്ഥത്തിൽ ജീവിച്ചിരുന്ന കപ്പദോക്യയിലെ മെത്രാപ്പോലീത്തായായ വലിയ മാർ ബസേലിയോസ്. (St. Basil) അദ്ദേഹം മിസ്രയിമിൽ അന്തോനിയോസ് ആശ്രമത്തിൽ പോയി ഏതാനും വർഷം താമസിച്ചു വേണ്ട പരിശീലനം കഴിക്കയും പിന്നീടു സ്വന്ത ഭദ്രാ

www.malankaralibrary.com



സനമായ കപ്പദോക്യയിൽ ആശ്രമങ്ങൾ സ്ഥാപിക്കുകയുമാണ ചെ
യ്തതു്. പുരുഷന്മാർക്കും സ്ത്രീകൾക്കും വേറെവേറെ ആശ്രമങ്ങൾ
അദ്ദേഹം സ്ഥാപിച്ചു.

— ബസേലിയോസ് ആശ്രമങ്ങൾക്കുണ്ടായിരുന്ന പ്രത്യേക ധ്യാ
നം, പ്രാർത്ഥന, ഉപവാസം എന്നിവക്കു പുറമെ, ആശ്രമസ്ഥന്മാർ
ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കണമെന്ന നിർബ
ന്ധമുണ്ടായിരുന്നു എന്നുള്ളതാണു്. (Contemplative and active
life) രാത്രിസമയം പ്രാർത്ഥനയിലും പകൽ പുണ്യപ്രവൃത്തികളി
ലും സമയം ചെലവഴിച്ചു് ക്രിസ്തുനാഥന്റെ മാതൃകയെ അനുകരി
ക്കുകയായിരുന്നു അദ്ദേഹം ചെയ്തുവന്നതു്. ബസേലിയോസിന്റെ
ആശ്രമങ്ങളെ അനുകരിച്ചും നിയമസംഹിതകൾ സ്വീകരിച്ചും അ
നേക സന്യാശ്രമങ്ങൾ യൂറോപ്പിലും ലോകത്തിന്റെ ഇതരഭാഗങ്ങ
ളിലും പിൽക്കാലത്തുണ്ടായിട്ടുണ്ടു്. പലസ്തീൻനാട്ടിലും, ഉറഹാ,
പേർഷ്യാ, അറേബ്യ ആദിയായ ദേശങ്ങളിലും ആദ്യനൂററാണ്ടുക
ളിൽതന്നെ, സന്യാസിമഠങ്ങൾ സ്ഥാപിക്കപ്പെട്ടു. പുരുഷന്മാർ
ക്കുതന്നെയല്ല, സ്ത്രീകൾക്കും അങ്ങനെയുള്ള സ്ഥാപനങ്ങൾ ധാരാ
ളമായി ഉയർന്നുവരുന്നു.

ആശ്രമപ്രസ്ഥാനം സഭയ്ക്കു് എപ്പോഴും ശക്തികേന്ദ്രങ്ങളായിട്ടാ
ണിരുന്നിട്ടുള്ളതു്. ത്യാഗവര്യന്മാരായ മിഷ്യനറിമാർ, പ്രഗത്ഭരാ
യ സഭാപിതാക്കന്മാർ, വേദശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ,
സർവ്വസംഗപരിത്യാഗികളായ താപസ്സന്മാർ ആദിയായവരെ സ
ഭയ്ക്കു പ്രദാനംചെയ്ത ആശ്രമപ്രസ്ഥാനം, സഭയ്ക്കു ചെയ്തിട്ടുള്ള നിസ്തു
ലമായ സേവനം ഒരുനാളും വിസ്മരിക്കത്തക്കതല്ല. വേദവിപ
രീതികളെ തകർത്തു് സത്യവിശ്വാസത്തിൽ സഭയെ ഉറപ്പിക്കു
ന്നതിലും ജീവകാരുണ്യപ്രവൃത്തികളിലും അവർ കാണിച്ചിട്ടുള്ള
ശുഷ്ക്കാന്തി ലോകത്തിനെന്നും ഒരു മാതൃകയായിരിക്കുന്നതാ
ണു്. അച്ചടി കണ്ടുപിടിക്കുന്നതിനുമുമ്പു് വേദഗ്രന്ഥങ്ങൾ പകർ
ത്തിയെഴുതി പ്രചരിപ്പിക്കുന്നതിലും അവർ അതീവതൽപരരായി
രുന്നു. ആദിമനൂററാണ്ടുകളിൽ മാത്രമല്ല, ഇന്നും ഏതൊരു സഭ
യിൽ ദയറാപ്രസ്ഥാനം ശക്തിപ്പെട്ടിരിക്കുന്നുവോ അത്രയ്ക്കു് ആ
സഭയ്ക്കു് ജീവനും ആത്മീയചൈതന്യവും ഉണ്ടായിരിക്കുമെന്നുള്ള
തിനു് സംശയമില്ല.

---

www.malankaralibrary.com

# അദ്ധ്യായം V

## പൊതു സുന്നഹദോസുകൾ

ഏതുകാലത്തും, ഏതൊരുവന്റെയും വിഷമതകൾക്ക ഉടനുടൻ തക്ക ഖണ്ഡിതമായ മറുപടി കൊടുക്കുവാനും, ഓരോ കാലത്തും ഉത്ഭവിക്കുന്ന തെററായ ഉപദേശങ്ങളെ നിഷേധിച്ച് ശരിയായതിനെ കാണിച്ചുതരുന്നതിനും, തിരുവെഴുത്തുകളിലെ ഗഹനമായ ഭാഗങ്ങളുടെ ശരിയായ വ്യാഖ്യാനമെന്തെന്നു പറഞ്ഞുതരുന്നതിനും തക്ക ത്രാണിയുള്ള, ഒരു ജീവനുള്ള, അധികാരമാണ് മ്ശിഹാ തന്റെ സഭയ്ക്കു നൽകിയിട്ടുള്ളത്. ഈദൃശമായ ഒരധികാരം അപരിത്യാജ്യമാണെന്നു യുക്തികൊണ്ടു പോലും നമുക്കു ഗ്രഹിക്കാം. അതിനുംപുറമെ ഇതിന്റെ അഭാവത്തിൽ വിവിധ പ്രോട്ടസ്റ്റന്റുസഭകളിൽ നാം കണ്ടുവരുന്ന ഭിന്നതകളിൽനിന്നും ഇതിന്റെ ആവശ്യകത സ്പഷ്ടമാകുന്നതാണ്. ഈ അധികാരം ഉപയോഗിച്ചുകൊണ്ടാണ് സത്യത്തിന്റെ തൂണാകുന്ന വി. സഭ പുരാതനകാലം മുതൽ സദാ സത്യത്തെ ആദരിച്ചു സംരക്ഷിക്കുവാൻശ്രമിക്കുകയും, പൊതുസുന്നഹദോസുകൾ വിളിച്ചുകൂട്ടി അതതുകാലങ്ങളിൽ ഉണ്ടായിട്ടുള്ള വേദവിപരീതോപദേശങ്ങളെയും പാഷണ്ഡതത്വങ്ങളെയും ശപിച്ച് വിശ്വാസസത്യങ്ങളെ മേലാൽ തർക്കത്തിനു വഴിയുണ്ടാകാതിരിക്കത്തക്കവണ്ണം വിശദീകരിച്ച് ഉറപ്പിക്കയും, തന്റെ വിശ്വസ്തമക്കളുടെ ഗുണത്തെ പരിഗണിച്ച് വേദവിപരീതികളെ അതിന്റെ മടിയിൽനിന്നും ബഹിഷ്കരിച്ചുതള്ളുകയുംചെയ്തിട്ടുള്ളത്. ഈ ഉദ്ദേശത്തോടുകൂടിയായ പരിശുദ്ധ പൊതുസുന്നഹദോസുകളെക്കുറിച്ചും പ്രസ്തുത പൊതുസുന്നഹദോസുകൾ നിശ്ചയിച്ചുറപ്പിച്ച സത്യവിശ്വാസത്തെ നിലനിർത്തുവാൻ ഭയങ്കരമായ പീഡകൾ സഹിച്ച പരിശുദ്ധ പിതാക്കന്മാരെക്കുറിച്ചും വേണ്ടപോലെ അറിഞ്ഞിരിക്കേണ്ടതു് സഭാംഗങ്ങളുടെ ചുമതലയാണ്. പൊതു സുന്നഹദോസുകൾ മൂന്നാണ്. അവ നിഖ്യാ, കുസ്തന്തീനോപ്പോലീസ് എഫേസൂസ് എന്നീ മൂന്നു സ്ഥലങ്ങളിൽവച്ചു കൂടിയവയുമാണ്. അവയ്ക്കുശേഷം റോമാസഭയിൽ പൊതുസുന്നഹദോസ് എന്ന പേരിൽ പിന്നെയും പതിനാറോളം കൂട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അന്ത്യോഖ്യാ, അലക്സന്ത്ര്യാ, കുസ്തന്തീനോപ്പോലീസ് എന്നീ മൂന്നു പാത്രിയർക്കാ സിംഹാസനങ്ങളിലെ യഥാർത്ഥ പിൻഗാമി

www.malankaralibrary.com



കൾ അവയിൽ ഹാജരില്ലായിരുന്നു. (റോമായിൽ സ്ഥിരതാമസ
ക്കാരായ പാത്രിയർക്കാനാമധാരികളാണുള്ളത്).

അതിനുംപുറമെ യഥാർത്ഥ ക്രിസ്ത്യാനി വിശ്വസിക്കേണ്ട വിശ്വാസപ്രമാണത്തിൽ ഒന്നും കൂട്ടിച്ചേർക്കുവാൻ അവർക്ക് ഇതുവരെ സാധിച്ചിട്ടില്ല. 9-ാം നൂററാണ്ടിൽ വി. റൂഹായുടെ പുറപ്പാടിനെക്കുറിച്ച് 'പുത്രനിൽ നിന്നും' എന്നുകൂടി വിശ്വാസപ്രമാണത്തിൽ അവർ കൂട്ടിച്ചേർത്തു. ആ കൂട്ടിച്ചേർക്കൽ ഇന്നും ഭൂമുഖത്ത് പാശ്ചാത്യസഭകൾ മാത്രമെ ഉപയോഗിക്കുന്നുള്ളു. ആകയാൽ സത്യസഭയുടെ വിശ്വാസപ്രമാണം ക്രോഡീകരിച്ച നിഖ്യ, കുസ്തന്തീനോപ്പോലീസ് എപ്പേസൂസ് എന്നീ മൂന്നു മാത്രമാകുന്നു പൊതുസുന്നഹദോസുകൾ. നാം സുറിയാനിസഭ മാത്രമല്ല, അർമ്മീനിയൻസഭ, ഈഗുപ്ത്യായസഭ, എത്യോപ്യൻസഭ എന്നീ സഭകളും മേല്പറഞ്ഞ 3 പൊതുസുന്നഹദോസുകൾ മാത്രം സ്വീകരിക്കുന്നു. ഗ്രീക്ക് (ഓർത്തഡോക്സ്) സഭ, കൽക്കിദോൻ മുതലായി 7 പൊതുസുന്നഹദോസുകൾ സ്വീകരിക്കുന്നവരാണ്.

സഭയെ മുഴുവനായി ബാധിക്കുന്നതും അലങ്കോലപ്പെടുത്തുന്നതുമായ വേദവിപരീതോപദേശങ്ങളെ ശപിച്ചുനിഷേധിക്കുന്നതിനായി കൂടിയവയാണ് പൊതുസുന്നഹദോസുകൾ. എന്നാൽ ഓരോ പ്രദേശത്തെയും സംബന്ധിക്കുന്ന ചില കാര്യങ്ങൾക്കായിട്ടും, അതതുപ്രദേശത്തിന്റെ മേലധികാരിയുടെ ആജ്ഞാനുസരണവും കൂടിയിട്ടുള്ള സുന്നഹദോസുകൾക്ക് പ്രാദേശികസുന്നഹദോസുകൾ എന്നു പേർ പറയുന്നു. നിഖ്യായിലെ പൊതുസുന്നഹദോസിനു മുമ്പായും ഏവംവിധമായ പ്രാദേശികസുന്നഹദോസുകൾ കൂടിയിട്ടുണ്ട്. അവയെക്കുറിച്ച് ചുരുക്കമായി പിന്നാലെ പ്രസ്താവിക്കുന്നതാണ്.

## ഒന്നാമത്തെ പൊതുസുന്നഹദോസ്

### നിഖ്യാ 325

ശ്ലീഹന്മാരുടെ കാലം മുതൽക്കുതന്നെ സത്യവിശ്വാസത്തിനെതിരായി ചില നൂതനഉപദേശങ്ങൾ പലപ്പോഴും പലരും ആവിർഭവിപ്പിച്ചുകൊണ്ടിരുന്നു. അവയിൽ പലതും ആരംഭത്തിൽതന്നെ നിശ്ശേഷം നശിപ്പിക്കപ്പെടുകയാൽ സഭയ്ക്കു വലിയ ഉപദ്രവം അതുമൂലം ഉണ്ടാകുവാൻ ഇടയായില്ല. സഭയുടെ നാഥനായ മ്ശിഹായുടെ ശക്തിയാൽ, അവരുടെ പേരുകൾപോലും ഇന്നു വിസ്മരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ 4-ാം നൂററാണ്ടിലുണ്ടായ അറിയോസി

www.malankaralibrary.com



ൻെറ വേദവിപരീതം കുറെക്കാലത്തേയ്ക്ക് സഭയെ ഇളക്കിമറിച്ചു കൊണ്ടിരുന്നു.

അറിയോസ് അലക്സന്ത്ര്യാസഭയിലെ ഒരു പട്ടക്കാരനും ഒരു പണ്ഡിതനുമായിരുന്നു. എന്നാൽ അയാളുടെ പാണ്ഡിത്യത്തെ ദൈവത്തിൻെറ സത്യത്തിനെതിരായി വിനിയോഗിക്കുവാനാണ് അയാൾ ശ്രമിച്ചത്. അറിയോസിൻെറ വേദവിപരീതം താഴെപ്പറയും പ്രകാരമാണ്.

പിതാവിൻെറ പുത്രൻ എന്നു പറയുന്നതിൽനിന്നുതന്നെ പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നത് സ്പഷ്ടമാണെന്നും, ആകയാൽ പുത്രൻ ഒരു സൃഷ്ടി മാത്രമാണെന്നും, സൃഷ്ടാവല്ലെന്നും, തന്മൂലം പിതാവിനോടു സമനല്ലെന്നും, പിതാവിനെപ്പോലെ അനാദ്യന്തനല്ലെന്നും, പിതാവു മുമ്പനും പുത്രൻ പിമ്പനുമാണെന്നും, പിതാവായ ദൈവം സകല സൃഷ്ടികളെയും സൃഷ്ടിക്കുന്നതിനുമുമ്പായി പുത്രനെ സൃഷ്ടിച്ചുവെന്നും, പുത്രനെക്കൊണ്ട് സകലത്തേയും സൃഷ്ടിച്ചുവെന്നും, പുത്രൻ എടുത്ത ശരീരം ആത്മാവില്ലാത്തതായിരുന്നു എന്നും മററുമായിരുന്നു അറിയോസിൻെറ വാദം. പിതാവിനും പുത്രനും വി. റൂഹായ്ക്കും സ്തുതി എന്ന സ്തുതിവാക്യത്തെ വി. റൂഹായാൽ പുത്രൻമൂലം പിതാവിനു സ്തുതി എന്ന് വ്യത്യാസപ്പെടുത്തി പഠിപ്പിക്കയും പ്രയോഗിക്കയും ചെയ്തുതുടങ്ങി. ചെറിയ ചെറിയ കവിതകൾ വഴിയായും ഉപന്യാസങ്ങൾ വഴിയായും പ്രസംഗംമൂലവും ഈ നിഷിദ്ധമായ ഉപദേശത്തെ ജനതാമദ്ധ്യത്തിൽ അയാൾ പ്രചരിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ യേശുമിശിഹാ സത്യദൈവം അല്ല എന്നു സ്ഥാപിക്കാനാണ് അറിയോസ് പരിശ്രമിച്ചത്.

അലക്സന്ത്ര്യായുടെ പാത്രിയർക്കീസായിരുന്ന വി. പത്രോസ് അറിയോസിനെ മുടക്കുകയും അയാളുടെ ഉപദേശത്തെ ശപിക്കുകയും ചെയ്തു എങ്കിലും പിന്നെയും അറിയോസ് അയാളുടെ പാഷണ്ഡോപദേശം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. വി. പത്രോസിൻെറ പിൻഗാമിയായ അലക്സന്ത്രയോസ് 321-ൽ അലക്സന്ത്ര്യായിൽ ഒരു പ്രാദേശികസുന്നഹദോസ് വിളിച്ചുകൂട്ടുകയും നൂറിൽപരം മെത്രാന്മാർ സംബന്ധിച്ചിരുന്ന പ്രസ്തുത സുന്നഹദോസ് അറിയോസിനെ വീണ്ടും 'മഹറോൻ' ചൊല്ലുകയും അയാളെയും അനുയായികളെയും മുടക്കി സഭയിൽനിന്നും ബഹിഷ്കരിക്കയും ചെയ്തു. അറിയോസ് അവിടെയും അവസാനിപ്പിച്ചില്ല. അറിയോസി

www.malankaralibrary.com



ൻെറ അഭിപ്രായക്കാർ നാലുകമനാലം വർദ്ധിച്ചു. തന്മൂലം സഭയിൽ
കലാപങ്ങളും ഉണ്ടായിത്തുടങ്ങി.

അക്കാലത്തു് റോമാസാമ്രാജ്യാധിപൻ കുസ്തന്തീനോസ് ചക്ര
വർത്തിയായിരുന്നു. ഇദ്ദേഹത്തിനാണ് ക്രൂശിൻെറ രൂപം വെ
ളിപ്പെടുത്തുകയും, ക്രൂശിനാൽ സംരക്ഷിതനായി ശത്രുവിനെ പ
രാജിതനാക്കുവാൻ സാദ്ധ്യമാകുകയും ചെയ്‌വാൻ ഭാഗ്യമുണ്ടായ
തു്. ഇദ്ദേഹത്തിൻെറ മാതാവായ ഹെലനിരാജ്ഞിയാണ് യെറൂ
ശലേമിൽ ആഗതയായി നമ്മുടെ കർത്താവിൻെറ ക്രൂശു് കണ്ടെ
ടുത്തതു്. സഭയിലെ ഭിന്നതയും കലാപവും രാജ്യമാകെ വ്യാപി
ച്ചിരുന്നതിനാൽ സമാധാനത്തിനുവേണ്ടി അദ്ദേഹം പല ശ്രമങ്ങ
ളും ചെയ്തെങ്കിലും വിഫലമാകയാൽ പ്രധാന സിംഹാസനങ്ങളുടെ
മേലദ്ധ്യക്ഷന്മാരുടെ അഭിപ്രായത്തോടെ ഒരു സാർവ്വത്രിക സുന്ന
ഹദോസ് വിളിച്ചുകൂട്ടുവാൻ അദ്ദേഹം നിശ്ചയിച്ചു തദനുസരണം
ക്രി. 325–ൽ അദ്ദേഹം തൻെറ സാമ്രാജ്യസീമയിലുള്ള സർവ്വ എ
പ്പിസ്കോപ്പന്മാരും സുന്നഹദോസിനായി നിഖ്യായിൽ ആഗത
രാകുവാനുള്ള എഴുത്തുകൾ പ്രധാന മേലദ്ധ്യക്ഷന്മാർ വഴിയായി
അയച്ചു. അപ്രകാരം ക്രി. 325–ൽ ഏഷ്യാമൈനറിൽ ബിഥി
ന്യായിലെ പ്രധാനനഗരമായ നിഖ്യായിൽ ഒന്നാമത്തെ സാർവ്വ
ത്രിക സുന്നഹദോസ് ആരംഭിച്ചു.

## സുന്നഹദോസിൽ 318 പിതാക്കന്മാർ സന്നിഹിതരായിരുന്നു.

അന്ത്യോഖ്യായിലെ മോർ ഒസ്താത്തിയോസും അലക്സന്ത്ര്യാ
യിലെ മോർ അലക്സന്ത്രയോസും അവരിൽ പ്രധാനികളായിരു
ന്നു. റോമാസിംഹാസനത്തിലെ മെത്രാൻ സന്നിഹിതനായിരു
ന്നില്ലെങ്കിലും പ്രതിനിധികളെ അയച്ചിരുന്നു. യറൂശലേമിലെ
വി. മക്കോറിയോസും സന്നിഹിതനായിരുന്നുവെന്നതും പ്രസ്താവ്യ
മത്രെ. ആഗതരായ 318 പിതാക്കന്മാരിൽ പലരും ക്രൈസ്തവമ
തത്തിനും വിശ്വാസത്തിനുംവേണ്ടി പീഡകളേററവരും, അംഗ
വൈകല്യങ്ങൾപോലും സംഭവിച്ചവരുമായിരുന്നു. പ്രസ്തുത സുന്ന
ഹദോസിൽ അദ്ധ്യക്ഷം വഹിച്ചതു് കൊർഡോവായിലെ ഹോ
സിയസ് മെത്രാനാണെന്നു് പാശ്ചാത്യരേഖകളും അന്ത്യോഖ്യായു
ടെ മോർ ഒസ്താത്തിയോസാണെന്നു് പൗരസ്ത്യരേഖകളും പ്രതിപാ
ദിക്കുന്നു. ഹോസിയസ് മെത്രാൻ സുന്നഹദോസിൽ സംബന്ധി

ച്ചിരുന്നു. ചില സന്ദർഭങ്ങളിൽ അദ്ദേഹം ആദ്ധ്യക്ഷം വഹിച്ചിട്ടുണ്ടായിരിക്കാം.

അറിയോന്യവേദവിപരീതത്തിനെതിരായി ധീരധീരം പോരാടിയവരിൽ പ്രഥമഗണനനീയൻ പ. അത്താനാസ്യോസ് ആയിരുന്നു. നിഖ്യസൂന്നഹദോസിനു സഭാചരിത്രത്തിലും ഉപദേശസത്യത്തിലും ശാശ്വതമായ ഒരു സ്ഥാനം സമ്പാദിച്ചുകൊടുത്തതു് അദ്ദേഹമായിരുന്നു- സത്യവിശ്വാസത്തിനുവേണ്ടി അദ്ദേഹം സഹിച്ച ത്യാഗങ്ങൾ അവർണ്ണനീയമാണു്. നിഖ്യാസൂന്നഹദോസിൽ അദ്ദേഹം സംബന്ധിക്കുമ്പോൾ കേവലം 27 വയസ്സു മാത്രമുള്ള ഒരു ശെമ്മാശ്ശനായിരുന്നു. അലക്സന്ത്ര്യാമേലദ്ധ്യക്ഷനായ വി. അലക്സന്ത്രോസിന്റെ സെക്രട്ടറിയുമായിരുന്നു.

## സൂന്നഹദോസ് നടപടികൾ

ക്രി. 325 ജൂൺമാസം 8-ാം തീയതി സൂന്നഹദോസ് ആരംഭിച്ചു. യോഗാരംഭദിവസം ചക്രവർത്തിയും യോഗത്തിൽ ആഗതനായിരുന്നു. യോഗനടപടികൾ ആരംഭിക്കേണ്ടതിലേയ്ക്കു് യോഗോദ്ദേശ്യം ഇന്നതാണെന്നു് അന്ത്യോക്യായുടെ മോർ ഒസ്താത്യോസ് ആദ്യമായി പ്രസ്താവിച്ചു. പ്രസ്തുത ആലോചനയിലേയ്ക്കു് പ്രവേശിക്കുന്നതിനുമുമ്പായി ചക്രവർത്തി, സന്നിഹിതരായിരുന്ന മെത്രാന്മാരോടായി ഒരു ചെറുപ്രസംഗം ചെയ്തു.

നാലു കാര്യങ്ങളാണു് സൂന്നഹദോസ് ആലോചിച്ചു തീരുമാനിച്ചതു്. 1) വിശ്വാസത്തെപ്പറ്റിയുള്ളതു്. 2) മാമോദീസായെക്കുറിച്ചു്. 3) പെസഹാപ്പെരുന്നാൾ ആഘോഷിക്കുന്നതിനെക്കുറിച്ചു്. 4) മെലിത്തൂസ് ശീശ്മ സംബന്ധിച്ചു്.

### 1. വിശ്വാസസംബന്ധമായ വിഷയം

അറിയോസ്, സൂന്നഹദോസിൽ വിളിക്കപ്പെട്ടു. അയാളുടെ വേദവിപരീതത്തെക്കുറിച്ചു് ചോദ്യം ചെയ്തപ്പോൾ തനിക്കു് വിജയം നിശ്ചയമാണെന്നുള്ള ഗർവോടെ അറിയോസ്,—യേശുമിശിഹാ പിതാവിനെക്കാൾ പിമ്പനാണെന്നും, സൃഷ്ടിയാണെന്നും, നിത്യനല്ലെന്നും, ചുരുക്കിപ്പറഞ്ഞാൽ താൻ ദൈവമല്ലെന്നും സ്ഥാപിക്കുവാൻ ശ്രമിച്ചു. ഈ പരസ്യമായ ദൈവദൂഷണത്തിൽ എല്ലാവരും ദുസ്സഹമായ ദുഃഖത്തിനു് വശംവദരായി. തങ്ങളുടെ ദിവ്യ

www.malankaralibrary.com



നാഥനായ മിശിഹായ്ക്കുവേണ്ടി അവർ സഹിച്ച മുറിവുകളും അംഗ
ഭംഗങ്ങളും കാണിച്ചുകൊണ്ട് അവർ തീവ്രമായി അറിയോസി
നെതിരായി വാദിച്ചു. ശ്ലീഹന്മാരുടെ കാലം മുതൽക്കുള്ള സത്യ
വിശ്വാസം അവർ സ്പഷ്ടമായി കാണിച്ചു. ശ്ലീഹന്മാരാൽ എഴു
തപ്പെട്ട കൃതികളിൽ നിന്നുതന്നെ അവരുടെ വാദത്തെ അവർ സ്ഥാ
പിച്ചു. അറിയോസും അനുയായികളും വേദവിപരീതികളാണെ
ന്നുതന്നെ അവർ തീരുമാനിച്ചു. സത്യമായി വിശ്വസിക്കേണ്ടതു്
യേശുമിശിഹാ സാക്ഷാൽ ദൈവമാണെന്നും, സാരാംശത്തിൽ പി
താവിനോടു സമനാണെന്നും, താൻ പ്രകാശത്തിൽനിന്നുള്ള പ്രകാ
ശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും
സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് ഭേദം
കൂടാതെ സമത്വമുള്ളവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവ
നും ആണെന്നും അവർ തീരുമാനിച്ചു. അറിയോസിനെയും കൂട്ടരെ
യും ശപിച്ച് വി. സഭയിൽനിന്നും ബഹിഷ്കരിച്ചു.
സത്യവിശ്വാസപരമായി പുത്രൻതമ്പുരാനെക്കുറിച്ച് സ്പ
ഷ്ടമായി പ്രസ്താവിക്കുവാൻ അത്താനാസ്യോസ് ശെമ്മാശ്ശൻ
നിർദ്ദേശിച്ച പദം 'ഹോമോ ഊസിയോസ്'' (Homo Ousios)
എന്നാണ്. അതായതു് (പിതാവിനോടു്) 'ഏകസാരാംശമുള്ള
വൻ' പിതാവിനോട് ഏകസാരാംശമായിരിക്കുന്നവൻ ഒരുതര
ത്തിലും പിതാവിനെക്കാൾ കുറവുള്ളവനല്ലല്ലോ. എന്നാൽ കൈ
സറിയായിലെ യൗസേബിയോസ്, ഹോമോയ് ഊസിയോസ്
(Homoi Ousios) എന്ന പദം നിർദ്ദേശിച്ചു. അതായതു് 'സാരാം
ശത്തിൽ പിതാവിനെപ്പോലെയുള്ളവൻ' എന്നത്രെ അതിന്റെ
അർത്ഥം. വിശുദ്ധ അത്താനാസ്യോസ് ശക്തിയുക്തം എതിർത്തു്
അതിനെ ഖണ്ഡിച്ചു. അപ്രകാരം പുത്രൻതമ്പുരാനെക്കുറിച്ചുള്ള വി
ശ്വാസപ്രമാണഭാഗം നിഖ്യായിൽവച്ച് പൂർണ്ണമാക്കപ്പെട്ടു. അ
തിനുംപുറമെ പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെ
ന്നോ, തന്റെ ജനനത്തിനുമുൻപ് താൻ സ്ഥിതിചെയ്തിരുന്നില്ലെ
ന്നോ, താൻ ഇല്ലായ്മയിൽനിന്നും സൃഷ്ടിക്കപ്പെട്ടുവെന്നോ പി
താവിൽനിന്നും വ്യത്യാസപ്പെട്ട സാരാംശത്തോടു കൂടിയവനാണെ
ന്നോ മാററങ്ങൾക്ക് വിധേയനാണെന്നോ പറയുന്നവനെ വി. സഭ
ശപിക്കുന്നുവെന്നും സൂന്നഹദോസ് നിശ്ചയിക്കയുണ്ടായി.

## 2. മാമോദീസായെപ്പററി

വേദവിപരീതികളുടെ മാമോദീസായെ സംബന്ധിച്ച് പാ
ശ്ചാത്യസഭകളും പൗരസ്ത്യസഭകളും തമ്മിലുണ്ടായിരുന്ന അഭിപ്രായ

www.malankaralibrary.com



ഭിന്നതകളെ സംബന്ധിച്ചും വി. കപ്രിയാനോസും റോമ്മാമെത്രാനം തമ്മിൽ നടത്തിയ വാദപ്രതിവാദത്തെ സംബന്ധിച്ചും നാം മുമ്പ കണ്ടതാണ്. അതിന് ഒരു അന്ത്യതീരുമാനമാണ് സുന്നഹദോസ് ചെയ്തത്.

തൽസംബന്ധമായ തീരുമാനം ഇത്തരത്തിലായിരുന്നു:– 'ശ്മീശ്ത്തായക്കാരൻ (Samosatha) പൗലെയുടെ അനുയായികളിൽനിന്നും (മ്ശിഹായുടെ ദൈവത്വത്തെ നിഷേധിക്കുന്നവർ) അറിയോസുകാരിൽനിന്നും മററുമായി വരുന്നവരെ വി. സഭയിൽ സ്വീകരിക്കുമ്പോൾ മാമോദീസാ മുക്കേണ്ടതാകുന്നു. എന്തെന്നാൽ അവർ പ. ത്രിത്വത്തിലുള്ള വിശ്വാസവും വേണ്ടത്തക്ക ന്യായമായ മററു കാര്യങ്ങളും കൂടാതെയാണ് മാമോദീസാ നടത്തിയിട്ടുള്ളത്. എന്നാൽ വി. സഭയിൽ മാമോദീസാ ഏററതിനുശേഷം വേദവിപരീതികളായിത്തീർന്നവരെ തിരിച്ചെടുക്കുമ്പോൾ വീണ്ടും മാമോദീസാ മുക്കേണ്ട ആവശ്യമില്ല.

### 3. പെസഹാആഘോഷത്തെപ്പററി

ഈ വിഷയവും മുൻകാലങ്ങളിൽ പല അഭിപ്രായഭിന്നതകൾക്കും കാരണമാക്കിയിരുന്നു. നീസോൻ മാസം 14–ാംതീയതി കർത്താവിൻെറ മരണദിവസമായിരുന്നതിനാൽ, ആഴ്ചയിൽ ഏതു ദിവസം അതു വന്നാലും അന്ന് സ്ക്കീപ്പസായുടെ ഓർമ്മയും അതിൻെറ 3–ാംദിവസം ഉയർപ്പുപെരുനാളും ആഘോഷിക്കണമെന്ന് ഒരു വിഭാഗവും, അതല്ല, വെള്ളിയാഴ്ച സ്ക്കീപ്പാ സായുടെയും, ഞായറാഴ്ച ഉയിർപ്പിൻെറയും ഓർമ്മ കഴിക്കണമെന്ന് മറുഭാഗവും വാദിച്ചിരുന്നു. നിഖ്യാസുന്നഹദോസ് ഏതൽസംബന്ധമായി തീരുമാനിച്ചത്, വസന്തകാലത്തെ സമരാത്രി കഴിഞ്ഞു വരുന്ന പൗർണ്ണമിക്കു ശേഷമുള്ള ആദ്യഞായറാഴ്ചയാണ് ഉയിർപ്പുപെരുനാൾ ആഘോഷിക്കേണ്ടതെന്നും അതനുസരിച്ച് പെസഹാപ്പെരുനാൾ ആഘോഷിക്കണമെന്നുമായിരുന്നു.

### 4. മെലിത്തൂസ് ശീശ്മ

അലക്സന്ത്ര്യാസഭയിൽ ഒരു കുഴപ്പമുണ്ടായി. അവിടെ അസ്യൂത്തിലെ എപ്പിസ്ക്കോപ്പായായ മെലിത്തൂസ് അവൻെറ മേലധികാരിയായ അലക്സന്ത്ര്യായുടെ പത്രോസ് പാത്രിയർക്കീസിനോട് എതിരായി ധിക്കാരമായി ഓരോ ഇടവകയിലും കയറി തന്നിഷ്ടമായി പട്ടം കൊടുക്കുകയും മെത്രാന്മാരെ വാഴിക്കുകപോലും ചെയ്തു. ഇക്കാരണത്താൽ മെലിത്തൂസിനെ വിശുദ്ധ

www.malankaralibrary.com



പത്രോസ് പാത്രിയർക്കീസ് മുടക്കി. ഇതു സംബന്ധിച്ച് സുന്നഹദോസ് മെലിത്തൂസിനെ കുററപ്പെടുത്തുകയും അയാൾക്ക് 'എപ്പിസ്കോപ്പാ' എന്ന ബഹുമാനനാമമല്ലാതെ, ഒരുത്തർക്കും പട്ടം കൊടുക്കുവാനോ സ്ഥലംമാററുവാനോ അധികാരമില്ലാതെ പ്രവർത്തനരഹിതനായിരിക്കണമെന്നും നിശ്ചയിച്ചു.

## സുന്നഹദോസിനു ശേഷം

നിഖ്യാ സുന്നഹദോസിൽവച്ച് അറിയോസും സഹചരന്മാരും പരാജിതരായെങ്കിലും സത്യത്തിൻെറ ശത്രുവായ സാത്താൻ പിന്നെയും കലാപങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. സുന്നഹദോസിനു ശേഷം നാടു കടത്തപ്പെട്ട അറിയോസും സഹപ്രവർത്തകരും കുസ്തന്തീനോസ് ചക്രവർത്തിയുടെ സഹോദരിയും അറിയോസ്പക്ഷക്കാരിയുമായ കോൺസ്റ്റന്ത്യായുടെ നിർബ്ബന്ധപൂർവ്വമായ പ്രേരണമൂലം തിരിയെ വിളിക്കപ്പെട്ടു. ഇവർ തങ്ങളുടെ വേദവിപരീതോപദേശത്തെ ഈജിപ്തിലും പൗരസ്ത്യദേശങ്ങളിലും പ്രബലീകരിക്കുവാൻ ഉത്സാഹിച്ചുവന്നു. ഇവർ കൈസറിയായിലെ യൂസേബിയോസിനെയും വശത്താക്കിക്കൊണ്ട് അന്ത്യോഖ്യായുടെ പാത്രിയർക്കീസും മഹാശാസ്ത്രജ്ഞനും പുണ്യാത്മാവുമെന്ന് സർവ്വസമ്മതനുമായ മോർ എസ്താത്തേവോസിനെ സ്ഥാനഭ്രഷ്ടനാക്കി.

അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഭ്രഷ്ടനാക്കിയതുപോലെ അലക്സന്ത്ര്യാ പാത്രിയർക്കീസിനെ ഭ്രഷ്ടനാക്കുവാൻ അവർ നിശ്ചയിച്ചു. റോമ്മാ പാത്രിയർക്കീസ് സുന്നഹദോസിൽ ആഗതനാകുകയോ, അറിയോസുകാരെ ശക്തിയായി എതിർക്കുകയോ ചെയ്യിട്ടില്ലാതിരുന്നതിനാൽ അദ്ദേഹത്തോട് അറിയോസിനും കൂട്ടർക്കും വലിയ വിരോധമില്ലായിരുന്നു. തന്നെ ശക്തിയായി എതിർത്ത അന്ത്യോഖ്യാ, അലക്സന്ത്ര്യാ പാത്രിയർക്കീസന്മാരുടെ നേരെയാണ് അറിയോസിൻെറ വൈരാഗ്യം മുഴുവൻ ജ്വലിച്ചതു്. ക്രി. 326—ൽ വി. അത്താനാസ്യോസ് അലക്സന്ത്ര്യാ പാത്രിയർക്കീസായെന്നു നാം മുമ്പുതന്നെ കണ്ടതാണല്ലോ. വി. അത്താനാസ്യോസിനെതിരായും കുതന്ത്രങ്ങൾ അവർ പ്രയോഗിച്ചു. അദ്ദേഹത്തെ ത്രീവ്യ് എന്ന സ്ഥലത്തേയ്ക്കു നാടുകടത്തി.

എതിരാളികൾ ഇല്ലാതായപ്പോൾ അറിയോസും കൂട്ടരും ആഹ്ളാദംകൊണ്ടു മതിമറന്നു. അറിയോസിൻെറ കക്ഷിക്കാർ അയാ

www.malankaralibrary.com



ളെ കസ്സന്തീനോപോലീസിലെ ഭദ്രാസനദേവാലയത്തിൽ കയററി ദേവാലയം കൈവശപ്പെടുത്തുവാനും കമ്മം നടത്തുവാനും നിശ്ചയിച്ചു. എന്നാൽ സത്യവിശ്വാസിയായിരുന്ന കസ്സന്തീനോപോലീസ് മെത്രാനായ അലക്സന്ത്രോസ്, അറിയോസിനെ അതിനനുവദിച്ചില്ലെങ്കിലും അവർ അതിനുവേണ്ട സർവ ഒരുക്കങ്ങളും ചെയ്തു. വിശ്വാസിയായ മെത്രാൻ, ദൈവതിരുസന്നിധിയിൽ തൻെറ നിസ്സഹായവസ്ഥ ബോധിപ്പിച്ചു. എന്തിനധികം? ആഡംബരസമന്വിതനായി ദേവാലയത്തിൽ പ്രവേശിക്കുവാൻ വന്ന അറിയോസ് മാർഗ്ഗമദ്ധ്യേ വയററിൽ ശക്തിയായ വേദന തോന്നുകയാൽ ഒരു മറപ്പുരയിൽ കയറി; അവിടെവെച്ച് ഉദരം പൊട്ടി കുടലുകൾ പുറത്തുചാടി മരിച്ചുപോയി. അക്രമമായി ദേവാലയത്തിൽ കയറുവാൻ മുതിർന്ന ശപിക്കപ്പെട്ടവൻെറ അന്ത്യം അതികഷ്ടമായ രീതിയിൽ നികൃഷ്ടമായ ഒരു മറപ്പുരയിൽവച്ച്! ജനമെല്ലാം ചക്രവർത്തിപോലും സംഭ്രമിച്ചു. തനിക്കുവേണ്ടി പ്രാത്ഥിക്കണമെന്നു ചക്രവർത്തി അന്തോനിയോസ് എന്ന താപസശ്രേഷ്ഠനു് എഴുതിയപേക്ഷിച്ചു. വി. അത്താനാസ്യോസിനെ തിരികെ വിളിക്കുവാൻ വിശുദ്ധൻ ആവശ്യപ്പെട്ടു. മഹാരോഗബാധിതനായ കസ്സന്തീനോസ്, വി. അത്താനാസ്യോസിനെ തിരികെ വിളിച്ചു. 337 ൽ മഹാനായ കസ്സന്തീനോസ് ചക്രവർത്തി മരിച്ചു.

കസ്സന്തീനോസിൻെറ കാലശേഷം അദ്ദേഹത്തിൻെറ പുത്രന്മാരായ കസ്സന്തീൻ, കസ്സന്തീയസ്, കോൺസ്റ്റാൻസ് എന്നീ മൂവർ മൂന്നു വിഭാഗങ്ങളിലായി റോമ്മാസാമ്രാജ്യത്തെ ഭരിച്ചു. 338 ൽ വി. അത്താനാസ്യോസ് അലക്സന്ത്രിയായിൽ തിരിച്ചെത്തി ഭരണം തുടങ്ങിയെങ്കിലും രണ്ടു വർഷത്തിനകം അദ്ദേഹം വീണ്ടും സ്ഥലം വിടേണ്ടതായിവന്നു. 349 ൽ വീണ്ടും കോൺസ്റ്റാൻസ് ചക്രവർത്തിയുടെ അനുകൂല്യത്താൽ അലക്സന്ത്രിയായിലെത്തി 5 വർഷം സമാധാനത്തോടെ ഭരിച്ചു. പിന്നീടും അദ്ദേഹം പലപ്പോഴും നാടുകടത്തപ്പെടുകയും ക്ലേശങ്ങൾ അനുഭവിക്കുകയും അവസാനം 373 ൽ തൻെറ സ്നേഹിതനായ പത്രോസിനെ അലക്സന്ത്ര്യാ സിംഹാസനാധിപനായി വാഴിച്ചുകൊണ്ടു കാലധമ്മം പ്രാപിക്കുകയും ചെയ്തു.

സത്യവിശ്വാസത്തിനുവേണ്ടി ധീരധീരം പോരാടിയ വി. അത്താനാസ്യോസ്, അദ്ദേഹത്തിൻെറ മെത്രാന്മാരിൽ തന്നെ പലരും അറിയോസ് പക്ഷക്കാരായി തീർന്നിട്ടും, ചഞ്ചലനാകാതെ

www.malankaralibrary.com



നിലനിന്ന പ്രവർത്തിച്ചു. എല്ലാവരും തനിക്കെതിരാണെന്നും അ
ദ്ദേഹത്തെ എതിർക്കുന്നുവെന്നും സ്നേഹിതന്മാർ ഒരിക്കൽ പറഞ്ഞ
പ്പോൾ 'ഞാൻ ലോകത്തോട് എതിർക്കുന്നു' (Athanasius Contra
Mundum) എന്നു് സുധീരം പ്രതിവചിക്കയത്രെ ചെയ്തതു്. കപ്പ
ദോക്യായിലെ പ. പിതാക്കന്മാരായ ബസ്സേലിയോസ്, ഗ്രീഗോ
റിയോസ് ആദിയായവരുടെ ഉപദേശങ്ങൾ, ഗ്രന്ഥങ്ങൾ എന്നിവ
വഴിയായി അറിയോസുകക്ഷി പിന്നീട് ക്ഷയോന്മുഖമാകുകയും
നിഖ്യാവിശ്വാസം പ്രബലപ്പെടുകയും ചെയ്തു.

## കുസ്തന്തീനോപോലീസ് സുന്നഹദോസ്

## (ക്രി. 381)

അറിയോസിന്റെ വേദവിപരീതം മിക്കവാറും നാമാവശേ
ഷമായി. എന്നാൽ സമാധാനത്തോടെ അധികകാലം നിൽക്കു
വാൻ തിന്മയുടെ അധിപനായ സാത്താൻ സമ്മതിച്ചില്ല. അറി
യോസിന്റെ വേദവിപരീതം പുത്രൻ തമ്പുരാൻ പിതാവിനോട്
സമനല്ലെന്നായിരുന്നുവല്ലോ. എന്നാൽ കുസ്തന്തീനോപോലീസി
ലെ മെത്രാനായിരുന്ന മക്കദോനിയോസ്, വി. റൂഹാ പിതാവി
നോട് സമനല്ല എന്നൊരു വേദവിപരീതം പ്രചരിപ്പിക്കുവാൻ
തുടങ്ങി. ഇതിനെ ശപിച്ചു് തള്ളുവാനും സത്യവിശ്വാസം ഉറപ്പി
ക്കുവാനുമായി കൂടിയതാണു് കുസ്തന്തീനോപോലീസിലെ പൊതുസു
ന്നഹദോസ്. ഇതു് 381 ൽ കുസ്തന്തീനോ പോലീസിൽവച്ചു് നട
ത്തപ്പെട്ടു.

ഒരു സത്യവിശ്വാസിയായിരുന്ന മഹാനായ തേവോദോ
സ്യോസ് ചക്രവർത്തിയാണു് പ്രസ്തുത സുന്നഹദോസിനുവേണ്ട
സജ്ജീകരണങ്ങൾ ചെയ്തതു്. നിഖ്യായിൽ നാം കണ്ടതുപോലെ
ഇവിടെയും അന്ത്യോഖ്യാപാത്രിയർക്കീസാണു് ആദ്ധ്യക്ഷം വഹി
ച്ചതു്. വി. മിലിത്തോസ് ആയിരുന്ന അക്കാലത്തെ അന്ത്യോഖ്യാ
പാത്രിയർക്കീസ്. ഒരു നൂററിഅൻപതു എപ്പിസ്കോപ്പന്മാർ അ
തിൽ സന്നിഹിതരായിരുന്നു. എന്നാൽ റോമാപാത്രിയാർക്കീ
സോ പ്രതിനിധികളോ അവിടെ ഇല്ലായിരുന്നു, ഇങ്ങനെയെല്ലാ
മായിരുന്നിട്ടും കുസ്തന്തീനോപോലീസ് സുന്നഹദോസിനെ റോമ്മാ
ആദ്യം സാർവത്രികസുന്നഹദോസായി സമ്മതിച്ചില്ലെങ്കിലും അ
ധികം താമസിയാതെ സമ്മതിക്കുവാൻ നിർബന്ധിതരായിത്തീർ
ന്നു. സുന്നഹദോസ് ആരംഭിച്ചു് അധികനാൾ കഴിയുന്നതിനുമുൻ

www.malankaralibrary.com



പ്പ് അദ്ധ്യക്ഷനായിരുന്ന വി. മിലിത്തോസ് കാലം ചെയ്തു. പകരം അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത് നാസിയാൻസിലെ വി. ഗ്രീഗോറിയോസ് ആയിരുന്നു. എന്നാൽ അദ്ദേഹം നാൻസിലെ മെത്രാനായിരുന്നശേഷം കുസ്തന്തീനോപോലീസ് മെത്രാനായതിനാൽ അലക്സന്ത്രിയായിലെ മോർ തീമോത്തേവോസിനും മെസ്രയിമിൽനിന്നും വന്ന മറ്റ് എപ്പിസ്ക്കോപ്പന്മാർക്കും അത് പൂർവ്വികപതിവിനു വിരുദ്ധമാണെന്നു തോന്നുകയാൽ അതേപ്പറ്റി അവർ അഭിപ്രായപ്പെടുകയും ചെയ്തു. പരിശുദ്ധനായ ഗ്രീഗോറിയോസ് 'ഈ സ്ഥാനം കിട്ടണമെന്നു ഞാൻ ആശിച്ചില്ല. അതിനുവേണ്ടി പ്രയാസപ്പെട്ടിട്ടുമില്ല' എന്നു സൗമ്യമായി പ്രവചിച്ചുകൊണ്ട് അദ്ദേഹത്തിനു പ്രിയതരമായിരുന്ന ദയറാജീവിതത്തിലേക്കു സന്തോഷസമേതം പിൻവാങ്ങി. അദ്ദേഹത്തിനു പകരമായി വി. നക്താറിയോസിനെ തെരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസ് തുടർന്നു നടത്തി. വി. നക്താറിയോസിന്റെ തെരഞ്ഞെടുപ്പിൽ വി. ഗ്രീഗോറിയോസ് സന്തുഷ്ടനായി. എന്തെന്നാൽ അവർ തമ്മിൽ ആത്മമിത്രങ്ങളായിരുന്നു.

സുന്നഹദോസ് പ്രഥമമായി നിഖ്യാവിശ്വാസപ്രമാണം സ്ഥിരപ്പെടുത്തുകയും പിന്നീട് മക്കദോനിയോസിന്റെ വേദവിപരീതത്തെക്കുറിച്ച് പര്യാലോചിക്കുകയും അത് അബദ്ധോപദേശമാണെന്നു തീരുമാനിച്ച് ശപിച്ചു തള്ളുകയും ചെയ്തു. മക്കദോനിയോസിനെ തള്ളിയതിനുശേഷം വി. റൂഹാ ദൈവമാണെന്നും പിതാവിനോടും പുത്രനോടും ഏകസാരാംശമുള്ളവനാകുന്നുവെന്നും വിശദീകരിച്ചു നിശ്ചയിച്ചു. 'സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്നും പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള (ഏക റൂഹായിലും) എന്നഭാഗം നിഖ്യാ വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തി.

ഇതിലെ മൂന്നാം കാനോൻ പ്രാധാന്യം അർഹിക്കുന്നു. അതിപ്രകാരമാണ്— 'റോമ്മായുടെ മെത്രാൻ കഴിഞ്ഞാൽ അടുത്ത ബഹുമാന്യസ്ഥാനം കുസ്തന്തീനോപ്പോലീസ് മെത്രാനായിരിക്കട്ടെ. എന്തെന്നാൽ ഈ പട്ടണം പുതിയ റോമ്മായാണല്ലോ.' ഇതിനുമുമ്പുണ്ടായിരുന്ന സ്ഥിതി, റോമ്മാ, അന്ത്യോഖ്യാ. അലക്സന്ത്ര്യാ എന്നീ ക്രമത്തിലായിരുന്നു. കുസ്തന്തീനോസ് സുന്നഹദോസിൽവച്ച്

www.malankaralibrary.com



മാത്രമാണ് കസ്തന്തീനോസ് ഒരു പാത്രിയർക്കാസിംഹാസനമാ
യി തീർന്നതെന്നുള്ളതു് പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്.

സുന്നഹദോസിനുശേഷം മക്കദോനിയോസിനെ നാടുകടത്തുക
യും, വേദവിപരീതികളുടെ കൈവശത്തിലിരുന്ന പള്ളികൾ
സത്യവിശ്വാസികൾക്കു ലഭിക്കുകയും ചെയ്തു. ഇങ്ങനെ സഭ സ
മാധാനത്തോടെ പുരോഗമിച്ചു.

## എഫേസൂസ് സുന്നഹദോസ്
## (ക്രി. 431)

കസ്തന്തീനോസ് പാത്രിയർക്കീസായിരുന്ന നെസ്തോറിന്റെ
വേദവിപരീതമാണ് പ്രസ്തുത സുന്നഹദോസിനു കാരണമായതു്.
നെസ്തോർ, സിറിയാ ദേശീയനും അന്ത്യോഖ്യായിൽ വിദ്യാഭ്യാ
സം നടത്തിയിട്ടുള്ളവനുമായിരുന്നു. ദയറാജീവിതത്തിൽ നിഷ്ഠയു
ള്ളവനും സമർത്ഥനുമായ ഒരു പട്ടക്കാരനായി അന്ത്യോഖ്യായിൽ
നെസ്തോർ സേവനം അനുഷ്ഠിച്ചു. വിശ്വാസപാലനത്തിനുള്ള ഔൽ
സുക്യം, മതവൈരാഗ്യം എന്നിവയിൽ ഇദ്ദേഹം അദ്വിതീയനാ
യിരുന്നതിനാൽ നാനാഭാഗങ്ങളിലും പ്രസിദ്ധനായി. ക്രി. 428 ൽ
ഇദ്ദേഹം കസ്തന്തീനോപോലീസ് പാത്രിയർക്കീസായി അവരോ
ധിക്കപ്പെട്ടു. അറിയോസ് മക്കദോനിയോസ് മുതലായ വേദവി
പരീതികളുടെ അനുയായികളോടു് ഇദ്ദേഹം നിർദ്ദാക്ഷിണ്യം പെ
രുമാറി. മേൽപ്പറഞ്ഞ വേദവിപരീതികളുടെ പിന്നാലെ പോകു
ന്ന ഒരു കടുത്ത വേദവിപരീതിയായിത്തീരും നെസ്തോറെന്നു് അ
ക്കാലത്തു് ആർക്കും ഓർക്കുവാൻപോലും സാദ്ധ്യമല്ലായിരുന്നു.

എന്നാൽ ഇദ്ദേഹത്തിന്റെ ഒരു പ്രധാനിയായ അനസ്താസി
യോസ് എന്ന വൈദികൻ കസ്തന്തീനോപോലീസിലെ ഭദ്രാസന
ദേവാലയത്തിൽ ഒരു നവീനോപദേശം പരസ്യമായി പ്രകടിപ്പി
ച്ചു. ആളുകൾ ക്ഷുഭിതരായെങ്കിലും നെസ്തോർ അബദ്ധോപദേശ
ത്തെ പിൻതാങ്ങുവാനാണു് നിശ്ചയിച്ചതു്. വേദവിപരീതം താ
ഴെ ചേർക്കുന്നവിധമാണ്.

'വി. മറിയാമിനെ ദൈവമാതാവെന്നു് സംബോധനചെയ്യു
വാൻ പാടില്ല. കാരണം, അവൾ കേവലം ഒരു മനുഷ്യസ്ത്രീയാണ്.
ദൈവത്തിനു് ഒരു മാതാവുണ്ടാകുവാനോ ദൈവത്തെ ഒരു മനുഷ്യ
സ്ത്രീക്കു പ്രസവിപ്പാനോ സാദ്ധ്യമല്ല, മറിയാം പ്രസവിച്ചതു് സാ

www.malankaralibrary.com



ധാരണ മനുഷ്യനായ യേശുവിനെയാണ് ദൈവത്തെയല്ല. യേശുവിൽ പിന്നീട് ദൈവത്വം വന്നു, അങ്ങനെ ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നീ വ്യത്യസ്തങ്ങളായ രണ്ടുസ്വഭാവങ്ങളും യേശുവിൽ ഉണ്ടായിരുന്നു. ഒരു ആലയത്തിൽ എന്നതുപോലെ ദൈവത്വം യേശുവിൽ വസിക്കുകയായിരുന്നു. ദൈവം ജനിക്കുകയോ കഷ്ടപ്പെടുകയോ ചെയ്‌വാൻ നിവൃത്തിയില്ല. ദൈവത്വം കഷ്ടമനുഭവിച്ചില്ല. മനുഷ്യത്വം മാത്രമാണ്, ക്രൂശുമരണം സഹിച്ചത്.' ഈ വാദങ്ങൾ സ്ഥാപിക്കുന്നതിനായി വി. മറിയാമിനെക്കുറിച്ച് അക്കാലംവരെ ഉപയോഗിച്ചിരുന്ന ദൈവമാതാവ് എന്ന സംജ്ഞ അയാൾ നീക്കിക്കളയുകയും, അതിനുപുറമെ ദൈവമേ! നീ പരിശുദ്ധനാകുന്നു..., എന്നാദിയായ സ്തുതിപ്പിൽനിന്നും 'ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ' എന്ന ഭാഗം മാററിക്കളയുകയും ചെയ്തു. രണ്ടോ മൂന്നോ മാസം, പ്രായമുള്ള ശിശുവിനെ ദൈവമെന്നവണ്ണം ആരാധിക്കുവാൻ തനിക്ക് സമ്മതമില്ലെന്നും അദ്ദേഹം പ്രസംഗിച്ചു. ജനങ്ങളുടെയിടയിൽ ക്ഷോഭം വർദ്ധിച്ചു. ദൈവാലയങ്ങളും തെരുവീഥികളും കലഹകേന്ദ്രങ്ങളായി പരിണമിച്ചു. അപ്പോൾ നെസ്തോർ ഒരു സംഘം വിളിച്ചുകൂട്ടി, തന്റെ ഉപദേശത്തെ എതിർക്കുന്ന എല്ലാവരേയും മുടക്കി നെസ്തോറിയൻ വേദവിപരീതം കൂടുതൽ പ്രചരിപ്പിച്ചു. അലക്സന്ത്രിയായിലെ പാർത്രിർക്കീസായിരുന്ന വി. കൂറിലോസ് സത്യത്തിന്റെ നേതാവായി രംഗപ്രവേശനം ചെയ്തു. അഗാധപണ്ഡിതനായ ഇദ്ദേഹം പൂർവ്വപിതാക്കന്മാരുടെ എഴുത്തുകളിൽനിന്നും പ്രത്യേകിച്ച് വി. അത്താനാസ്യോസ്, വി ബസ്സേലിയോസ്, ഗ്രീഗോറിയോസ്, ഈയാവാനീസ് എന്നിവരുടെ കൃതികളിൽനിന്നും നിരവധി ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് നെസ്തോറിന്റെ ഉപദേശം പൈശാചികമാണെന്നു തെളിയിക്കുന്ന ലേഖനം പ്രസിദ്ധീകരിച്ചു. നെസ്തോർ ഇതിങ്കൽ കുപിതനായി തന്റെ ഒരു പട്ടക്കാരനായ അപ്പോദോസിനെക്കൊണ്ട് അതിനൊരു പ്രഖ്യാപനവും പുറപ്പെടുവിച്ചു. അപ്പോൾ വി. കൂറിലോസ്, നെസ്തോറിനു തന്നെ അയാളുടെ അബദ്ധങ്ങൾ വിശദീകരിച്ചു ഒരു ലേഖനമയച്ചു. നെസ്തോർ അതിലും വഴങ്ങിയില്ല. അനന്തരം വി. കൂറിലോസും നെസ്തോറും പരസ്പരം ഇതുസംബന്ധമായ പല ലേഖനങ്ങളും അയയ്ക്കുകയുണ്ടായി. ഈ തർക്കവും അതിൽനിന്നു ഉത്ഭവിച്ച കലാപങ്ങളും നിമിത്തം വലിയ തേവോദോസ്യോസ് ചക്രവർത്തി വി. സഭയുടെ ഒരു പൊതുസുന്നഹദോസ് എഫേസൂസിൽ കൂടത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്തു.

www.malankaralibrary.com



ക്രി. 431 ൽ സുന്നഹദോസ് എഫേസൂസിൽകൂടി വിശുദ്ധ കൂറിലോസായിരുന്ന സുന്നഹദോസിന്റെ അദ്ധ്യക്ഷൻ. ഏകദേശം 200 വിശുദ്ധ പിതാക്കന്മാരോളം ഇതിൽ സംബന്ധിച്ചിരുന്നു. നെസ്തോർ, സുന്നഹദോസ് മുമ്പാകെ ഹാജരാകണമെന്ന് സുന്നഹദോസ് ആവശ്യപ്പെട്ടുകൊണ്ട് ആാം അയച്ചു, എന്നാൽ അയാാം അതനുസരിച്ച് ഹാജരായില്ല. തദനന്തരം നെസ്തോറിന്റെ വേദവിപരീതത്തെപ്പററി കൂലങ്കഷമായി ചർച്ചചെയ്യുകയും, അതു് ശ്ലൈഹീകവും കാതോലികവുമയേ വിശ്വാസത്തിന് വിപരീതമാണെന്നുള്ള തീർപ്പു കല്പിക്കുകയും നെസ്തോറിനെയും അയാളുടെ ഈ അബദ്ധോപദേശത്തോട് ചേർന്നവരെയും ശപിച്ചു തള്ളുകയും ചെയ്തു. അതിനുപുറമെ പുത്രൻ തമ്പുരാനിൽ ഒരു ക്നൂമ്മായും (ആളത്വം) പൂർണ്ണദൈവത്വവും പൂർണ്ണമനുഷ്യത്വവും യോജിച്ചുള്ള ഒരു ക്യോനോയും (സ്വഭാവം) ആണ് ഉള്ളതെന്നും ആകയാൽ വിശുദ്ധമറിയാം ദൈവമാതാവാണെന്നുമുള്ള പൂർവ്വികവിശ്വാസത്തെ അവർ ഉറപ്പായി പ്രഖ്യാപിക്കുകയും ചെയ്തു. അതിനുപുറമെ മററു ചില നിശ്ചയങ്ങളും പാസ്സാക്കി.

അതിൽ പ്രധാനമായതു് എഫേസൂസ് സുന്നഹദോസിലെ നിശ്ചയങ്ങൾ സ്വീകരിക്കാത്ത എപ്പിസ്ക്കോപ്പന്മാർ സ്ഥാനത്തുനിന്നും തള്ളപ്പെടുകയും, അത്മായക്കാർ മുടക്കപ്പെടുകയും ചെയ്യണമെന്നുള്ളതായിരുന്നു. സുന്നഹദോസ് കഴിയാററായപ്പോൾ ആഗതനായ അന്ത്യോഖ്യായിലെ യൂഹാനോൻ പാത്രിയർക്കീസ്, നെസ്തോർ ഒരു സുറിയാക്കാരനായതിനാൽ ആദ്യം അല്പം ആലകൂല്യം നെസ്തോറിനോട് പ്രകടിപ്പിച്ചെങ്കിലും അവസാനം സുന്നഹദോസ് നിശ്ചയത്തിൽ അദ്ദേഹവും ഒപ്പുവയ്ക്കുകയുണ്ടായി. നെസ്തോറിനെ ചക്രവർത്തി നാടുകടത്തി. അദ്ദേഹത്തിനു പകരമായി കുസ്തന്തീനോസ് സിംഹാസനത്തിലേയ്ക്കു് വിശിഷ്ടനായ മക്സിമീനോസിനെ വാഴിച്ചാക്കി.

## എഫേസൂസിലെ രണ്ടാം സുന്നഹദോസ്

### (ക്രി. 449)

എഫേസൂസിലെ ഒന്നാം സുന്നഹദോസും നെസ്തോറിയന്റെ നാടുകടത്തലും കഴിഞ്ഞിട്ടും സമാധാനമായില്ല, കുസ്തന്തീനോപോലീസിലെ ഫ്ളാവിയൻ മുതലായവർ നെസ്തോറിയൻ ചാ

www.malankaralibrary.com



യ്‌വോടുകൂടി കലഹമുണ്ടാക്കിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ
കുസ്തന്തീനോപൊലീസിലെ ദയറാധിപനും പ്രസിദ്ധനുമായ എവു
ത്തിക്കോസ് എന്ന പട്ടക്കാരൻ അവരോടു ശക്തിയായി എതിർ
ത്തുവാദിച്ചിരുന്നു. പക്ഷെ അദ്ദേഹം വാദത്തിന്റെ മൂർദ്ധന്യത്തിൽ
മറ്റൊരു അബദ്ധവിശ്വാസത്തിൽ ചെന്നുചാടി. ക്രിസ്തുവിന്റെ
ഏകസ്വഭാവിശ്വാസത്തെ അദ്ദേഹം വ്യാഖ്യാനിച്ചുവന്നപ്പോൾ മനു
ഷ്യത്വം ദൈവത്വത്തിൽലയിച്ച് ഒരു സ്വഭാവമായി തീർന്നുവെ
ന്ന അബദ്ധത്തിലാണ് ചെന്നുപറ്റിയത്.

(സത്യവിശ്വാസം ഇതാണ്. ദൈവസ്വഭാവം ഭേദപ്പെട്ട് മനു
ഷ്യസ്വഭാവമായി തീരുകയോ തമ്മിൽ സമ്മിശ്രപ്പെടുകയോ, കൂ
ടികലർന്ന് വേറൊരു വസ്തുവായി തീരുകയോ ചെയ്യാതെ ദൈവ
ത്വവും മനുഷ്യത്വവും എന്നീ രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർ
തിരിയാത്തപ്രകാരം ദൈവത്വത്തിന്റെയും പാപമൊഴികെ മനു
ഷ്യത്വത്തിന്റെയും പൂർണ്ണ ലക്ഷണങ്ങളോടുകൂടി യോജിക്കപ്പെടുക
യും ചെയ്തു) എവുത്തിക്കോസിന്റെ അബദ്ധമായ ഉപദേശം പ്രസി
ദ്ധമായി തുടങ്ങി. ഇരുസ്വഭാവ വാദികളായ നെസ്തോറിയൻ പക്ഷ
ക്കാർക്ക് ഇദ്ദേഹത്തോട് എതിർക്കുവാൻ നിവൃത്തിയില്ലാതായി.
അവർ നെസ്തോറിയൻ അഭിപ്രായക്കാരായ ഫ്ളവിയന്റെ അടു
ക്കൽ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം ഭൂരിപക്ഷം പേരും നെ
സ്തോറിൻ ചായ്‌വുള്ള ഒരു സംഘം 30 എപ്പിസ്കോപ്പന്മാർ വി
ളിച്ചുകൂട്ടിക്കൊണ്ട് എവുത്തിക്കോസ് വന്ന് പ്രതിവാദിക്കുവാൻ
ആവശ്യപ്പെട്ടു.

അയാൾ ആദ്യം ചെന്നില്ലെങ്കിലും അവസാനം ആഗതനായി
നെസ്തോറിയൻ അഭിപ്രായപ്രകാരം രണ്ടു സ്വഭാവമെന്ന് സമ്മതി
ക്കുവാൻ അയാളെ വളരെ നിർബന്ധിച്ചുവെങ്കിലും സമ്മതിച്ചില്ല.
അവർ എവുത്തിക്കൂസിനെ മുടക്കി. അതിനുംപുറമെ, എഫേസൂസ്
സുന്നഹദോസ് നിശ്ചയിച്ചതിന് വിപരീതമായി യോജിപ്പിനു
ശേഷം ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടെന്നും അവർ തീരുമാനിച്ചു
എവുത്തിക്കൂസ് തന്റെ കാര്യം പുനരാലോചന ചെയ്യണമെന്ന്
ചക്രവർത്തിയോടും മററു മേലദ്ധ്യക്ഷന്മാരോടും ആവശ്യപ്പെട്ടു. എ
ഫേസൂസിൽവെച്ച് സുന്നഹദോസ് കൂടത്തക്കവണ്ണം ചക്രവർത്തി
റോമ്മായിലെ ലയോൺപാപ്പായ്ക്കും അലക്സന്ത്രിയായിലെ വി.
ദിയസ്കോറോസിനും, അന്ത്യോഖ്യായിലെ ദോമേനാസ് പാ
ത്രിയർക്കീസിനും, ഊർശ്ലേമിലെ യുവനാലിനും കുസ്തന്തീനോപോ

www.malankaralibrary.com



ലീസിലെ ഫ്ളബീയനും, എഫേസൂസിലെ സ്തേഫാനോസിനും
കൈസറിയാ എപ്പിസ്കോപ്പായ്ക്കും മററും ക്ഷണക്കത്തുകൾ അയച്ച
റോമ്മായിലെ ലയോൻപാപ്പാ ഒഴികെ മേൽപ്പറഞ്ഞവരെല്ലാവരും
(ഏകദേശം 130 എപ്പിസ്കോപ്പന്മാർ) സംബന്ധിച്ച ലയോ
ൻെറ പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. വി. ദീയസ്കോറസ്
ആദ്ധ്യക്ഷം വഹിച്ചു. ഇരു സ്വഭാവത്തെ സ്ഥാപിക്കുന്ന ഒരു ദീർ
ഘലേഖനം (ലയോൻെറ തൂംസാ Tome of Leo) ലയോൻപാപ്പാ
കൊടുത്തയിച്ചിരുന്ന എവുത്തിക്കൂസ് സുന്നഹദോസിൽ ഹാജരാ
യി, ചോദ്യം ചെയ്യപ്പോൾ സത്യവിശ്വാസത്തെ സമ്മതിച്ചും, അ
യാളുടെ അബദ്ധോപദേശത്തെ പരിത്യജിച്ചും പ്രസ്താവനകൾ ചെ
യ്കയാൽ തൽക്കാലത്തേയ്ക്ക് അയാളുടെ മുടക്കുതീർത്തു. എന്നാൽ
അയാൾ വീണ്ടും അബദ്ധോപദേശത്തെ മുറുകെ പിടിക്കുന്ന വേദ
വിപരീതിയെന്നു കാണുകയാൽ എവുത്തിക്കൂസിനെ ഭ്രഷ്ടനാക്കി.
എന്നാൽ എഫേസൂസ് തീരുമാനത്തിനെതിരായി 'മ്ശിഹായിൽ
ഇരു സ്വഭാവം എന്നുള്ള ലയോൻെറ അഭിപ്രായം അടങ്ങിയ ലേഖ
നവും അവിടെ വായിക്കപ്പെടുകയുണ്ടായില്ല.

ഇതിങ്കൽ ക്രുദ്ധനായിത്തീർന്ന റോമ്മായിലെ ലയോൻപാ
പ്പാ വൈരനിര്യാതനത്തിനു് സമയം പാർത്തിരുന്നു. നെസ്തോറി
നെ വി. സഭ എപ്രകാരം വേദവിപരീതിയെന്നു് ഗണിക്കുന്നു
വോ, അതേപ്രകാരം തന്നെ എവുത്തിക്കൂസിനെയും ഗണിക്കുകയും
ശപിക്കുകയും ചെയ്യുന്നു.

## കല്ക്കദോൻ സുന്നഹദോസ്

## (451)

എഫേസൂസ് സുന്നഹദോസിൽവെച്ച് റോമ്മായിലെ ല
യോൻപാപ്പായ്ക്കു് സംഭവിച്ച ക്ഷീണമാണ് കൽക്കദോൻ സുന്നഹ
ദോസിനു വഴിതെളിച്ചതു്. ക്രിസ്തുവിൽ ഏകസ്വഭാവം എന്നുള്ള
എഫേസൂസ് പൊതുസുന്നഹദോസ് സത്യത്തെ മുറുകെപിടിച്ചിരു
ന്നവനായ വി. ദീയസ്കോറോസിനെ നശിപ്പിക്കണമെന്നുള്ള ഉ
ദ്ദേശമാണ് ലയോൻപാപ്പായിൻ നിഗൂഢമായിരുന്നതു്. അക്കാല
ത്തു് തേവാദോസ്യോസ് ചക്രവർത്തിയുടെ ഭാര്യയും സഹോദരി
പുൾക്കെറിയായുംകൂടി റോമിൽ തീർത്ഥയാത്രയായിപോയി. വി.
പത്രോസ് പൗലൂസ്ശ്ളീഹന്മാരുടെ കബറിങ്കൽ അവർ ചെന്ന

www.malankaralibrary.com



പ്പോൾ ലയോൻപാപ്പാ കരഞ്ഞുകൊണ്ടു് കവിണ്ണുവീണു കിടക്കുന്ന
ഒരു കാഴ്ചയാണു് അവർ കണ്ടതു്. വിവരം ചോദിച്ചാറെ, അവ
രുടെ കാലത്തു് റോമാസിംഹാസനം എഫേസൂസ് രണ്ടാം സുന്ന
ഹദോസിൽവെച്ച് അധിക്ഷേപാർഹമായിപ്പോയല്ലോ എന്നും,
അതിനാൽ പൊതുസുന്നഹദോസ് കൂടണമെന്നും ലയോൻ അവ
രോടാവശ്യപ്പെടുകയും, അവർ വിവരം ചക്രവർത്തിയെ അറിയി
ക്കുകയും ചെയ്തു. എന്നാൽ ചക്രവർത്തിയാകട്ടെ എഫേസൂസ് ര
ണ്ടാം സുന്നഹദോസ് വളരെ ദൈവാശ്രയത്തോടും ക്രമമായും നട
ത്തപ്പെട്ടതാണെന്നു് തനിക്കു പൂർണ്ണബോദ്ധ്യമുണ്ടെന്നും, അതിനെ
തിരായി വേറൊരു സുന്നഹദോസ് കൂടേണ്ട ആവശ്യമില്ലെന്നും എ
ഴുതി അയച്ചു. നിരാശയും കോപവും അടക്കി ലയോൻപാപ്പാ രണ്ടു
കൊല്ലം കഴിച്ചുകൂട്ടി. അങ്ങനെയിരിക്കെ തേവോദോസ്യോസ്
ചക്രവർത്തി സന്തതിയില്ലാതെ മരിച്ചു.

അദ്ദേഹത്തിന്റെ സഹോദരിയായി മുമ്പു നാം കണ്ട പുൾക്കേ
റിയ ഒരു കന്യാവ്രതനേർച്ചയെടുത്ത ദയറാക്കാരിയായിരുന്നു. എ
ങ്കിലും സഹോദരൻ പിൻഗാമിയില്ലാതെ അന്തരിച്ചപ്പോൾ 'ഇരു
സ്വഭാവ' വാദികളായ ചില എപ്പിസ്കോപ്പന്മാർ അവളുടെ മന
സ്സു തിരിക്കയും നെസ്തോറിയതത്തോടു് ചായ്‌വുണ്ടായിരുന്ന മർ
ക്കിയാൻ എന്ന പ്രഭുവിനെ വിവാഹം കഴിപ്പാൻ ഉപദേശിക്കുക
യും ചെയ്തു. ഇങ്ങനെ കന്യാവ്രതം ഉപേക്ഷിച്ച് അവൾ മർക്കിയാ
നെ വിവാഹം ചെയ്തു. അക്കൊല്ലം തന്നെ രാജ്യഭരണവും മർക്കിയാ
ന്റെ കൈവശം വന്നുചേർന്നു. റോമിലെ ലയോൻപാപ്പാ കാത്തി
രുന്ന സമയം സമാഗതമായി. ബഹിഷ്കൃതരായിരുന്ന ഇരുസ്വ
ഭാവവാദികളായ ചില മെത്രാന്മാരെ ലയോൻ, മർക്കിയാന്റെ അ
ടുക്കൽ അയയ്ക്കുകയും, എഫേസൂസ് രണ്ടാം സുന്നഹദോസിന്റെ
നിശ്ചയങ്ങളും തീർപ്പുകളും പരിശോധിക്കേണ്ടതിനായി ഒരു സുന്ന
ഹദോസു കൂടുവാൻ അപേക്ഷിക്കുകയും ചെയ്തു. മർക്കിയാൻ ഇവരു
ടെ അഭിപ്രായക്കാരനായിരുന്നതിനാൽ സുന്നഹദോസ് കൂടുവാനു
ള്ള കല്പന ഇറക്കുകയും ചെയ്തു.

അങ്ങനെ 451 വൃശ്ചികത്തിൽ കൽക്കീദോനിൽവെച്ച് സുന്ന
ഹദോസ് ആരംഭിച്ചു. 685 ബിഷപ്പന്മാർ ഉണ്ടായിരുന്നതായി പറ
യപ്പെടുന്നു. ആരംഭത്തിൽ തന്നെ പാപ്പായുടെ പ്രതിനിധികൾ
വി. ദീയസ്കോറോസിനെ അപമാനിക്കാൻ മുതിർന്നു. വി.
ദീയസ്കോറോസ് സംഘത്തിൽ ഇരിപ്പാൻ പാടില്ലെന്നു അവർ

www.malankaralibrary.com



ആർത്തുതുടങ്ങി, എന്നാൽ പലർക്കും ഇതു തീരെ രസിച്ചില്ല. എങ്കി
ല്യ. ർക്കിയാൻെറ പ്രത്യേകതമൽനോട്ടത്തിൽ ലയോൻെറ ഇഷ്ടാനു
സാരണം നടത്തപ്പെടുന്ന സുന്നഹദോസാകയാൽ ആരും എതിർക്ക
വാൻ ധൈര്യപ്പെട്ടില്ല. വി. ദിയസ്ക്കോറോസ് ഒരു പുതിയ ത
ത്വം പ്രസംഗിച്ചുവെന്നോ, വേദവിപരീതം പഠിപ്പിച്ചുവെന്നോ ഉ
ള്ള കുററാരോപണവും ഇല്ലായിരുന്നു. ലയോൻ എഫേസൂസ് ര
ണ്ടാം സുന്നഹദോസിൽ കൊടുത്തയച്ച തൂംസാ (പ്രബന്ധം) വായി
ച്ചില്ലെന്നുള്ള ഏക അപരാധമാണ് അദ്ദേഹത്തിൻെറമേൽ ഉണ്ടാ
യിരുന്നത് എന്നാൽ എഫേസൂസ് പൊതുസുന്നഹദോസിൽ മ്ശി
ഹായിൽ ഏകസ്വഭാവം മാത്രമേ ഉള്ളൂ എന്ന് തീരുമാനിച്ചതിന്
വിപരീതമായിരുന്ന ലയോൻെറ തൂംസാ എന്നതും വിസ്മരിക്ക
രുത് എന്തായാലും വി. ദീയസ്ക്കോറോസിനെ അദ്ദേഹത്തിൻെറ
സിംഹാസനത്തിൽനിന്നും എഴുന്നേൽപിച്ച കുററക്കാരുടെ സ്ഥാന
ത്തിരുത്തി— അല്ല, അദ്ദേഹത്തെ ഒരു മുറിയിൽ ബന്ധനത്തിലാക്കു
കയാണ് ചെയ്തതെന്ന് പറയുന്നവരുമുണ്ട്.

മ്ശിഹായിൽ രണ്ടു സ്വഭാവമുണ്ടെന്ന് നെസ്തോറിൻെറ വാ
ദം തന്നെയാണു കൽക്കീദോൻ സുന്നഹദോസു പ്രഖ്യാപിച്ചതു. എ
ന്നാൽ രണ്ട് ആളത്വം ഉണ്ടെന്ന് അവർ പറഞ്ഞില്ല അതുമാത്രമാ
ണ് നെസ്തോറിയരും കൽക്കിദോന്യരുമായുള്ള വ്യത്യാസം. ഇപ്ര
കാരം മർക്കിയാൻെറ സഹായത്തോടുകൂടി വി. അത്താനാസ്യോസ്
മുതലായ പിതാക്കന്മാരുടെ സത്യവിശ്വാസത്തെ കൽക്കദോനിൽ
വെച്ച് അവർ ചവുട്ടിമെതിച്ചുകളഞ്ഞു. ഇരുസ്വഭാവവാദം ശക്തി
പ്പെട്ട് മ്ശിഹായുടെ ശരീരമാകുന്ന സഭയേയും അവർ രണ്ടായി
പിളർന്നതിനാൽ സർവ്വത്ര കലാപമായി ഇരുസ്വഭാവവാദികളിൽ
നിന്ന് അന്ത്യോഖ്യായിലെയും, അലക്സാന്ത്ര്യായിലെയും സിം
ഹാസനാധിപരായവർ ഓടിമാറി. വി. അത്താനാസ്യോസ്,
വി. കൂറിലോസ് മുതലായവർ ഉപദേശിച്ച ഏക സ്വഭാവവാദ
ത്തെ അവർ മുറുകെപ്പിടിച്ചു.

കൽക്കിദോൻ സുന്നഹദോസിനെപ്പോലെ റോമ്മാപാപ്പായുടെ
ആഗ്രഹം അതേപടി സാധിച്ച മറെറാരു സുന്നഹദോസ് അതുവ
രെ നടന്നിട്ടില്ലെന്ന് റോമ്മാസഭയിലെ ഒരു പണ്ഡിതനും ചരിത്ര
കാരനുമായ ഫോർട്ടസ്ക്യൂ തന്നെ പറയുന്നുണ്ട്. എന്നാൽ പ്രസ്തുത
സുന്നഹദോസിലെ 28-ാം കാനോൻ, റോമ്മായുടെ പരമാധികാര
വാദത്തെ ഖണ്ഡിക്കുന്നതായിരുന്നു. അതു കുസ്തന്തീനോപോലീസി

www.malankaralibrary.com



ലെ മൂന്നാം കണ്ട 3–ാം കാനോനെപ്പോലെ തന്നെ സാമ്രാജ്യത്തി
ന്റെ തലസ്ഥാനമെന്ന നിലയിൽ റോമ്മായ്ക്കുണ്ടായിരുന്ന പ്രാധാ
ന്യം പുതിയ റോമ്മായായ (New Rome) കുസ്തന്തീനോപ്പോലീ
സിനുണ്ടായിരിക്കുന്നതാണ് എന്നുള്ളതായിരുന്നു. ഇതിനാൽ അ
തിനെ ഒന്നുകൂടി ഉറപ്പിക്കയായിരുന്നു. കുസ്തന്തീനോപ്പോലീസി
ലെ മററെല്ലാതീർപ്പുകളും ആഹ്ളാദത്തോടെ അംഗീകരിച്ച റോ
മ്മാ പാപ്പാ ഈ 28–ാം കാനോൻ വളരെക്കാലത്തേയ്ക്കു സ്വീകരി
ക്കാതിരുന്നെങ്കിലും പിന്നീട് കാനോൻ സംഹിതയിൽ ചേർക്ക
പ്പെട്ടു. ആകയാൽ കല്ക്കദോൻ വരെയും സുന്നഹദോസുകളുടെ കാ
ലത്തുണ്ടായിരുന്ന മേൽപ്പട്ടക്കാർ, റോമ്മായുടെ പ്രാഥമ്യം— സാമ്രാ
ജ്യത്തിലെ ഒന്നാം പട്ടണം എന്നതുമൂലമുള്ള പ്രാഥമ്യം—മാത്രമാണെ
ന്നാണ് ശരിയായി വിചാരിച്ചിരുന്നതെന്നു തെളിയുന്നു. അല്ലാതെ
വി. പത്രോസിന്റെ പിൻഗാമിയെന്നുള്ള നിലയിൽ അവർ പ്രാ
ഥമ്യം സമ്മതിച്ചിരുന്നില്ലെന്നുള്ളത് സ്പഷ്ടമാണ്.

## കൽക്കദോനു ശേഷം

കൽക്കദോൻ സുന്നഹദോസിൽ ഒപ്പുവച്ച സർവ്വ എപ്പി
സ്ക്കോപ്പന്മാരെയും, അലക്സന്ത്ര്യാ, അന്ത്യോഖ്യാ എന്നീ സിം
ഹാസനത്തിലെ സർവ്വ പട്ടക്കാരും, ജനങ്ങളും പരിപൂർണ്ണമായി
പരിത്യജിച്ചു. ഇരുസ്വഭാവവാദികൾക്ക് ഈ രണ്ടു സിംഹാസന
പരിധിയിലും ഒരു സ്വാധീനവും ചെലുത്താൻ സാധിച്ചില്ല. അ
ന്ത്യോഖ്യാ പട്ടണത്തിലും അലക്സന്ത്ര്യാ പട്ടണത്തിലും ഉണ്ടായി
രുന്ന ഗ്രീക്കുകാർ മാത്രം കുസ്തന്തീനോപ്പോലീസിന്റെ നിയന്ത്രണ
ത്തിൽ ഇരുസ്വഭാവവാദികളായി സ്ഥിതിചെയ്തു. സുറിയാനി
ക്കാരും (അന്ത്യോഖ്യാ സിംഹാസനത്തിനു കീഴുള്ളവർ) ഈജിപ്താ
യക്കാരും (Coptics–അലക്സന്ത്ര്യാ സിംഹാസനത്തിനു കീഴുള്ള
വർ) മുഴുവനായി പഴയ വിശ്വാസത്തിൽ തന്നെ സ്ഥിതിചെയ്തു.
അർമ്മേനിയൻകാരും അവരുടെ സുന്നഹദോസ് വഴിയായി കൽ
ക്കദോനെ ശപിച്ചു. ഇങ്ങനെ പൗരസ്ത്യസഭകളെല്ലാം (കുസ്തന്തീ
നോപ്പോലീസ് സിംഹാസനവും ചിലപ്പോൾ ഇരുസ്വഭാവവാദി
കൾക്കും, ചിലപ്പോൾ സത്യവിശ്വാസികൾക്കും മാറി മാറി വന്നു
കൊണ്ടിരുന്നു ) പാശ്ചാത്യസഭയായ റോമ്മായോട് യാതൊരു
ബന്ധവുമില്ലാതെ സത്യവിശ്വാസത്തിൽ സ്ഥിതിചെയ്തു.

അന്ത്യോഖ്യായുടെ മക്സിമോസ് പാത്രിയർക്കീസിനു
ശേഷം കുറച്ചു കാലത്തേക്ക് കൽക്കദോന്യർക്കു ചിലരെ തൽ സ്ഥാ

www.malankaralibrary.com



നത്തു കയററുവാൻ സാധിച്ചു. അതു രാജശക്തി മൂലമായിരുന്നു.
ആകയാൽ അപ്രകാരം കയറിപ്പററിയവരെയും അവരെ അനുഗമി
ച്ചിരുന്ന പുരുക്കം ചിലരെയും 'രാജപക്ഷക്കാർ' എന്ന അത്ഥമുള്ള
'മൽക്കോയെ' എന്നു് സത്യവിശ്വാസികൾ വിളിച്ചുവന്നു.

ക്രി. 470–ൽ പത്രോസ് കാസോറോ എന്ന പുണ്യാത്മാവു്
അന്ത്യോഖ്യായിലെ യഥാർത്ഥ പാത്രിയർക്കീസായി. എന്നാൽ
471–ൽ ലായോൻ ചക്രവർത്തി വിശുദ്ധനെ നാടു കടത്തി മൽക്കാ
യക്കാരനെ (ഇരുസ്വഭാവവാദിയെ) തൽസ്ഥാനത്തു കയററി. എ
ന്നാൽ 475–ൽ സത്യവിശ്വാസിയായ ബസലിസ്ക്കോസ് ചക്ര
വർത്തി വി. പത്രോസിനെ തിരെ്യ വരുത്തി. ബസലിസ്ക്കോ
സ് ചക്രവർത്തിയുടെ കാലത്തു് അന്ത്യോഖ്യായുടെ മേല്പറഞ്ഞ
പത്രോസ് പാത്രിയർക്കീസിൻെറ അദ്ധ്യക്ഷതയിൽ കസ്തന്തീ
നോപ്പോലീസിൽ വച്ചു് 476–ൽ ഏകദേശം 500 എപ്പിസ്ക്കോ
പ്പന്മാർ സന്നിഹിതരായിരുന്ന സുന്നഹദോസിൽവച്ചു്, കൽക്ക
ദോൻ സുന്നഹദോസിനെയും ലായോൻെറ തുംസായേയും ശപിച്ചു
തള്ളി. ബസലിസ്ക്കോസ് വി. ദീയസ്ക്കോറോസിൻെറ തിരു
ശേഷിപ്പുകൾ അലക്സന്ത്ര്യായിലേക്കു വരുത്തി അത്യാഡംബര
പൂർവ്വം സംസ്കരിച്ചു.

അടുത്ത ചക്രവർത്തി മൽക്കായക്കാരെ വീണ്ടും പ്രവേശിപ്പി
ച്ചു. എന്നാൽ വീണ്ടും 590 മുതൽ 598 വരെ സത്യവിശ്വാസിയാ
യ പല്ലാദിയോസ് അന്ത്യോഖ്യാ പാത്രിയർക്കീസായി ഭരണം
നടത്തി. പിന്നീടു് ഫ്ളാവിയാനോസ് പാത്രിയർക്കീസായി.
ഇദ്ദേഹത്തിൻെറ അവസാനകാലങ്ങളിൽ ഇരുസ്വഭാവവാദത്തി
ലേക്കു് അല്പമൊരു ചായ്‌വുണ്ടാകയാൽ സ്ഥാനത്തുനിന്നു നീക്ക
പ്പെടുകയും 'സഭയുടെ വായും കിരീടം മല്പാനും' എന്നു് 5–ാം
തുബ്ദേനിൽ നാം സ്മരിക്കുന്ന വി. സേവേറിയോസ് പാ
ത്രിയർക്കാ സിംഹാസനത്തിൽ ആരൂഢനാകുകയും ചെയ്തു. (എ.
ഡി. 512)

വി. സേവേറിയോസിൻെറ വാഴ്ച കിഴക്കൻസഭകളിലെ
ല്ലാം എന്തെന്നില്ലാത്ത ആഹ്ളാദവും നവജീവനും പ്രദാനം
ചെയ്തു. ഇദ്ദേഹം 515–ൽ സോറിൽ ഒരു പ്രാദേശികസുന്നഹ
ദോസ് വിളിച്ചുകൂട്ടുകയും, സത്യവിശ്വാസത്തെ ഉറപ്പായി പ്രഖ്യാ
പിക്കുകയും കൽക്കദോൻ തീരുമാനങ്ങളെ വീണ്ടും ശപിക്കുകയും
ചെയ്തു. ക്രി. 518–ാമാണ്ടുവരെ യോഗ്യമായ രീതിയിൽ ഇദ്ദേഹം

www.malankaralibrary.com



സത്യവിശ്വാസികളുടെ നേതാവായി അന്ത്യോഖ്യായിൽ രണ്ടം
നടത്തി. എന്നാൽ ആ സംവത്സരത്തിൽ യുസ്തിനോസ് എന്ന
ആം കുസ്തന്തീനോപ്പോലീസിൽ ചക്രവർത്തിയായി. ഇയാം
കൽക്കദോന്യയോഗക്കാരനായിരുന്നു. സത്യവിശ്വാസികളെ കഠിന
മായി ഈ കശ്മലൻ ഉപദ്രവിച്ചുതുടങ്ങി. വിശുദ്ധ സേവേറി
യോസ് കൽക്കദോന്യവിശ്വാസം സമ്മതിച്ചു പ്രഖ്യാപനം ചെ
യ്യാത്തപക്ഷം അദ്ദേഹത്തിൻെറ നാവ് ഛേദിച്ചുകളയുമെന്ന്
യുസ്തിനോസ് ഉത്തരവു പുറപ്പെടുവിച്ചെങ്കിലും പിന്നീടതു നാടക
ടത്തലായി വ്യത്യാസപ്പെടുത്തി. ഇങ്ങനെ ആറുകൊല്ലം അന്ത്യോ
ഖ്യായെ ഭരിച്ചശേഷം താൻ അന്ത്യോഖ്യായുടെ യഥാർത്ഥ പാത്രി
യർക്കീസായിരിക്കെ അലക്സന്ത്ര്യായിലേക്കു നാടു കടത്തപ്പെട്ടു.
അന്ത്യോഖ്യായിൽ നിന്നുള്ള തൻെറ വിയോഗാവസരത്തിൽ സിം
ഹാസനപാലകനായി തെല്ലായുടെ മോർ യൂഹാനോനെ നിയമി
ച്ചിരുന്നു. അലക്സന്ത്ര്യായിൽനിന്നും വി. സേവേറിയോസ് സ
ത്യവിശ്വാസികൾക്കായി അനേകലേഖനങ്ങൾ അയച്ചുകൊണ്ടി
രുന്നു.

അന്ത്യോഖ്യാപട്ടണം കുസ്തന്തീനോപ്പോലീസ് ചക്രവർത്തി
മാരുടെ എളുപ്പമായ നിയന്ത്രണത്തിനു വിധേയമായിരുന്നതി
നാൽ പിന്നീടുള്ള പാത്രിയർക്കീസന്മാർ പ്രസ്തുത പട്ടണത്തിൽ
താമസിച്ചിരുന്നില്ല. വി. സേവേറിയോസ് അന്ത്യോഖ്യാ വിട്ട
പ്പോൾ പട്ടണത്തിൽ കഠിനമായ ഒരഗ്നിബാധ ഉണ്ടായതായും
പിന്നീട് ഏകദേശം ആറു മാസക്കാലത്തോളം അവിടവിടെയാ
യി അഗ്നിബാധകളും ഭൂകമ്പവും വസന്തയും ഉണ്ടായിക്കൊണ്ടി
രുന്നതായും ചരിത്രകാരന്മാർ പറയുന്നുണ്ട്. വിശ്വസ്തനും വിശുദ്ധ
നുമായ ഈ പിതാവിനു 20 കൊല്ലമാണ് വിദേശവാസം സഹി
ക്കേണ്ടിവന്നത്. ചക്രവർത്തി വിശുദ്ധനെ കുസ്തന്തീനോപ്പോലീ
സിലേക്കു വിളിച്ചു എങ്കിലും സമാധാനമുണ്ടായില്ല.

വി. സേവേറിയോസ് വീണ്ടും അലക്സന്ത്ര്യായിലേക്ക്
അയയ്ക്കപ്പെട്ടു. ക്രി. 538-ൽ 78 വയസ്സു പ്രായമുള്ള തപോവൃ
ദ്ധനായ പരിശുദ്ധൻ, തൻെറ സ്നേഹിതന്മാരിൽ സഹനത്തിൻെറ
യും ധൈര്യത്തിൻെറയും ആത്മാവിനെ ഊതിയശേഷം ക്രി. 539
കുംഭമാസം 8-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. വിശുദ്ധ
സഭ മുഴുവനും വിലാപംകൊണ്ടു നിറഞ്ഞു. എന്നാൽ ഈ സങ്കടം
ഇരട്ടിയാകത്തക്ക മറെറാരു നിര്യാണവും അക്കാലത്തു സംഭവിച്ചു.

www.malankaralibrary.com



അതായത് മുമ്പു നാം കണ്ട മാർ യൂഹാനോൻ (കർദസാസ് തെല്ല) അന്ത്യാഖ്യായിൽ സത്യവിശ്വാസത്തെപ്രതി ജയിലിൽ കിടന്ന് പീഡകളേററു നിര്യാതനായി.

---

## വി. സേവേറിയോസിനെ നാടുകടത്തിയതു മുതൽ

# വി. യാക്കോബ് ബുർദ്ദാനാവരെ

## (518–577)

വി. സേവേറിയോസിനെ നാടുകടത്തിയശേഷം കല്ക്കദോന്യർ പൗലൂസ് എന്ന പേരായ ഒരുവനെ (യൂദൻ എന്നു പറയപ്പെട്ടുന്നു) സ്ഥാനത്തു കയററി വി. സേവേറിയോസ് സിംഹാസനപാലകനായി നിയമിച്ചിരുന്ന വി. യൂഹാനോനെ ഇയാൾ വളരെ ഉപദ്രവിക്കുകയും തന്മൂലം വി. യൂഹാനോൻ അലഞ്ഞുതിരിയേണ്ടിവരികയും ചെയ്തു. പൗലോസ് സത്യവിശ്വാസികളെ എല്ലാം കഠിനമായി പീഡിപ്പിച്ചു സത്യവിശ്വാസികളുടെ പള്ളികളും ദയറാകളും പട്ടാളസഹായത്തോടെ ഇടിച്ചുനിരത്തിച്ചു ദയറാക്കാരെ കൊന്നു. തൂണിന്മേൽ തപസ്സുചെയ്തിരുന്ന പലരേയും പട്ടാളക്കാർ തള്ളി താഴെയിട്ടു. ഉറഹായിലെ വലിയ പള്ളിയും ദയറായും ഉന്മൂലം നശിപ്പിച്ചു. സന്യാസിമാരെ വധിക്കുകയും ചെയ്തു. എന്നാൽ പൗലോസിന് അധികകാലം ഈ വിധമുള്ള ക്രൂരതകൾ നടത്തുവാൻ സാധിച്ചില്ല. പൗലോസ് താമസംവിനാ ഭ്രഷ്ടനായി. വീണ്ടും ഒരു കല്ക്കദോൻ സ്ഥാനത്തു കയറി. അയാളും അവിടെ നീണ്ടുനിന്നില്ല. പിന്നീട് അപ്രേം എന്നൊരുവൻ സ്ഥാനത്തായി. ഇക്കാലമെല്ലാം വി. സേവേറിയോസ് യഥാർത്ഥ അന്ത്യോഖ്യാ പാത്രിയർക്കീസായി ജീവനോടെ ഇരിക്കയായിരുന്നുവെന്നത് നാം മറന്നുപോകരുത്. ഈ അപ്രേം പട്ടാളക്കാരോടുകൂടി പല പ്രസിദ്ധ ദയറാകളും നിലംപതിപ്പിച്ചു. ഒളിഞ്ഞും മറഞ്ഞും നടന്നിരുന്ന സത്യവിശ്വാസികളായ എപ്പിസ്കോപ്പന്മാരെയും ഇയാൾ പിടിച്ച് പീഡിപ്പിച്ചു. ഉഗ്രമായ ഈ പീഡയുടെ കാലത്ത് വി. തെല്ലായിലെ യൂഹാനോൻ (സിംഹാസനപാലകൻ) ഗുഹകളിലും മററും കഴിച്ചുകൂട്ടി. ഒരുവൻ കോഴ വാങ്ങിക്കൊണ്ട് വിശുദ്ധനെ പിടിച്ചുകൊടുത്തു.

www.malankaralibrary.com



വി. യൂഹാനോൻ വിശ്വാസം പരിത്യജിക്കുവാൻ അപ്രേം ആവശ്യപ്പെട്ടു. 'എന്ത്? നിറംമാറുക എന്നത് ഓന്തിന്റെ സ്വഭാവമല്ലയോ?' എന്നാണ് അദ്ദേഹം ചോദിച്ചത്. ആയതിനാൽ താൻ കാരാഗൃഹത്തിൽ അകപ്പെട്ടു. അവിടെവെച്ചും വിശ്വാസം മാററുവാൻ അദ്ദേഹം നിർബന്ധിക്കപ്പെട്ടു. എന്നാൽ സുധീരമായ മറുപടി ഇതായിരുന്നു. 'എന്ത്? കൂറിലോസിനെ ഞാൻ ഉപേക്ഷിക്കണമെന്നോ? ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ, എന്റെ പാത്രിയർക്കീസ് മാർ സേവേറിയോസ് തന്നെ വരട്ടെ. ക്രിസ്തുവിൽ യോജിപ്പിനുശേഷം രണ്ടു സ്വഭാവമെന്ന് അദ്ദേഹം പറഞ്ഞാൽ, ഞാൻ അദ്ദേഹത്തിനുപോലും മഹറോൻ പറയും.' ഇങ്ങനെ തുറുങ്കിൽ കിടന്ന്, മുമ്പ് നാം കണ്ടതുപോലെ 538 –ാമാണ്ട് ആ മഹാ വിശുദ്ധൻ കാലംചെയ്തു.

വി. അന്തീമോസ്. യുസ്തീനിയൻ ചക്രവർത്തി വി. സേവേറിയോസിനെ കുസ്തന്തീനോപോലീസിലേക്കു വിളിച്ചുവെന്നു മുമ്പ് നാം കണ്ടുവല്ലോ. അക്കാലത്തു ഭക്തനായ വി. അന്തീമോസായിരുന്നു കുസ്തന്തീനോപോലീസ് പാത്രിയർക്കീസ്. ചക്രവർത്തിനിയായ തേവോദോറാ സത്യവിശ്വാസികളുടെ ഒരു മിത്രമായിരുന്നു. ഒന്നുകിൽ കൽക്കദോന്യ വിശ്വാസത്തെ സ്വീകരിക്കുകയോ അല്ലെങ്കിൽ രാജിവെച്ചു മാറുകയോ ചെയ്യേണ്ടുന്ന ഒരു ഘട്ടം വന്നപ്പോൾ അന്തീമോസ് സ്ഥാനത്യാഗം ചെയ്തു. അദ്ദേഹം തടവിൽ അടക്കപ്പെട്ടു. ഈ തടവ് തേവോദോറാ രാജ്ഞിയുടെ സഹായത്താൽ അത്ര ഭയങ്കരമായ ഒന്നല്ലാതായിത്തീർന്നു. സത്യവിശ്വാസികളായ ആയിരം പട്ടക്കാരും മേല്പട്ടക്കാർപോലും അവിടെ അടക്കപ്പെട്ടിട്ടുണ്ട്. അലക്സാന്ത്ര്യാ പാത്രിയർക്കീസായി വി. തേവോദോസ്യോസും അതേ തടവിൽതന്നെ ഉണ്ടായിരുന്നു. കാണപ്പെടുന്ന സർവ്വ സത്യവിശ്വാസികളെയും തേടിപ്പിടിച്ച് ഈ തുറുങ്കിൽ അടയ്ക്കുക പതിവായിരുന്നു. സത്യവിശ്വാസികളുടെ പട്ടത്വം നിലച്ചുപോകുന്നതിനായി ഒരു മെത്രാനും പട്ടം കൊടുത്തുകൂടാ എന്നുള്ള രാജവിളംബരവും ഉണ്ടായിരുന്നു.

അന്തീമോസിനെ സ്ഥാനത്തുനിന്നും നീക്കിയശേഷം സ്ഥാനത്തുകയറിയ മെന്നാസ് എന്ന കൽക്കദോൻ ഒരു സംഘം കൂട്ടി. അന്തീമോസ് അപരാധിയാണെന്നുള്ള നിശ്ചയം പാസ്സാക്കി. ചക്രവർത്തി അതിനനുസരണമായ വിധിയും പ്രസ്താവിച്ചു. വിശുദ്ധ

www.malankaralibrary.com


സേവേറിയോസ് അലക്സന്ത്രിയായിലേയ്ക്കു മടങ്ങിപ്പോയി. 538-ൽ കാലംചെയ്തു. വി. അന്തീമോസ് മുമ്പു നാം കണ്ടതായ കാരാഗൃഹത്തിലും വാസം തുടർന്നു. ഇദ്ദേഹമാണ് നമ്മുടെ 5 ഠം തുബ്ദേനിൽ സ്മരിക്കപ്പെടുന്ന വി. അന്തീമോസ്.

സത്യവിശ്വാസത്തെ ഉന്മൂലനാശം ചെയ്യുവാനായി കൽക്കദോന്യ രാജാക്കന്മാർ റോമ്മാ പാപ്പാമാരുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചുകൊണ്ടിരുന്നു. സത്യവിശ്വാസികൾ ജീവൻ ഭയന്നു് ഒളിവിലും മറവിലുമായി കഴിഞ്ഞുകൂടിയിരുന്നു. മേല്പട്ടക്കാരെ വാഴിക്കുവാൻ നിവൃത്തിയില്ലാതെയായപ്പോൾ സഭാമക്കൾ ആശ്രയമില്ലാതെ ചിതറിത്തുടങ്ങി. സത്യവിശ്വാസം എന്നേക്കുമായി മറഞ്ഞുപോയേക്കുമോ എന്നുള്ള ഘട്ടമായി. എന്നാൽ എഫേസൂസ് വിശ്വാസം— സത്യവിശ്വാസം— ഏകസ്വഭാവവിശ്വാസം നശിച്ചു പോകുവാൻ സർവ്വശക്തൻ സമ്മതിച്ചില്ല. അപ്പോൾ സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മോർ യാക്കോബ് ബു്ർദ്ദാന' എന്നു് നാം അഞ്ചാം തുബ്ദേനിൽ പറയുന്ന വി. പിതാവിനെ ദൈവം എഴുന്നേല്പിച്ചു.

അത്ഭുതകരവും അക്ഷീണവുമായ അദ്ദേഹത്തിന്റെ നടപടികൾ സഭയ്ക്കു ജീവൻ പ്രദാനം ചെയ്തു. ബു്ർദ്ദാന എന്നതിന്റെ അർത്ഥം കീറിയവസ്ത്രം ധരിച്ചവൻ എന്നത്രെ. ക്രി. വ. 542 ൽ വി. യാക്കോബ് ബു്ർദ്ദാന കസ്തന്തീനോപോലീസിൽവെച്ച് മെത്രാനായി വാഴിക്കപ്പെട്ടു. പിന്നീട് സഭയ്ക്കുവേണ്ടി അദ്ദേഹം ചെയ്ത സേവനം അത്ഭുതാവഹമായിട്ടുള്ളതാണ്.

ഇദ്ദേഹം സിറിയാ, അർമ്മേനിയാ, കപ്പദോക്യ മെസ്രേൻ ലിബിയാ, അബിസീനിയാ മുതലായ രാജ്യങ്ങളിൽ ചുററിനടന്നു് മേല്പട്ടക്കാർ, ശെമ്മാശ്ശന്മാർ എന്നിവരെ നിയമിച്ചു് ഊണും ഉറക്കവുമില്ലാതെ, കാടും മേടും കയറി ഒളിഞ്ഞും തെളിഞ്ഞും നടന്നു്, വെറും കീറക്കുപ്പായം ധരിച്ചും പണമോ ആഹാരമോ ഇല്ലാതെയും ആകാശം വിരിപന്തലും ഭൂമി കിടക്കയും, കൈത്തണ്ടതലയിണയുമായി വിചാരിച്ചു് ശത്രുക്കളുടെ കണ്ണിൽ ഒരു സമയത്തും പെടാതെയും എല്ലായിടത്തും മിത്രങ്ങളുടെ കൺമുമ്പിൽ ഓടിനടന്നും അദ്ദേഹം സഹിച്ച ത്യാഗവും കഷ്ടപ്പാടും ദൈവംമാത്രം അറിയുന്നു. വെ4ം ഉണങ്ങിയ അപ്പം മാത്രം കുറെശ്ശെ ഭക്ഷിച്ചുകൊണ്ടു് ദിവസം [illegible] മൈൽ വീതം അദ്ദേഹം സഞ്ചരിച്ചിരുന്നു. മൂന്നാഴ്ച തുടർച്ച

www.malankaralibrary.com


യായി ഉപവാസം അനുഷ്ഠിക്കുക എന്നുള്ളത് അദ്ദേഹത്തിന്റെ ഒരു
സാധാരണ പതിവായിരുന്നു. ഇക്കാര്യമെല്ലാം ശത്രുക്കളായ കൽ
ക്കദോന്യർപോലും സമ്മതിച്ചിട്ടുള്ളവയാണ്. ചുരുക്കിപ്പറഞ്ഞാൽ
വി. ബുർദ്ദാനാ ഒരു അമാനുഷനായിരുന്നു. അദ്ദേഹത്തിന്റെ ശ
ക്തി മുഴുവൻ ദൈവീകവുമായിരുന്നു.

വി. യാക്കോബു ബുർദ്ദാനാ, ചിതറിക്കിടന്ന സത്യവി
ശ്വാസികളെ ധൈര്യപ്പെടുത്തി ഇരുസ്വഭാവവാദികളായ കൽക്ക
ദോന്യരുടെ ശക്തിയെ തീരെ ക്ഷയിപ്പിച്ചു. റോമ്മാ പാപ്പാന്മാരു
ടെ പ്രേരണമൂലം ചക്രവർത്തിമാർ ചെയ്ത കഠോര പീഡനങ്ങളാൽ
പാത്രിയർക്കീസന്മാരും എപ്പിസ്കോപ്പന്മാരും വധിക്കപ്പെടുകയും
തടവിലാക്കപ്പെടുകയും ചെയ്തപ്പോൾ ഇടയനില്ലാത്ത ആടുകളെ
പ്പോലെ ആയവർക്ക് നവജീവൻ കൊടുത്തു. ഇരുസ്വഭാവവാദിക
ളുമായി പരിതസ്ഥിതികൾക്കനുസരിച്ച് ചേർന്നവരെ വി. സഭ
യിലേയ്ക്കു പുനരൈക്യപ്പെടുത്തി. ചുരുക്കിപ്പറഞ്ഞാൽ വി. യാ
ക്കോബ് ബുർദ്ദാനാ ആദിമുതലുള്ള സത്യവിശ്വാസത്തെ ഉറപ്പി
ച്ചുകൊണ്ട് ഇരുസഭാവാദികളെ (റോമ്മാ പാപ്പായുടെ അഭിപ്രായ
ക്കാരെ) പരാജിതരാക്കി.

ഇതിൽ ഇരുസ്വഭാവവാദികൾ ക്രുദ്ധരായി രാജശക്തിയാൽ
പൈശാചികമായ പോരാട്ടം നടത്തിയെങ്കിലും നമ്മുടെ കർത്താ
വ് തന്റെ വാഗ്ദാനം അനുസരിച്ച് 'പാതാളവാതിലുകളി'ൽ
നിന്നും വി. സഭയെ രക്ഷിച്ചു. കല്ക്കദോന്യരുടെ ശക്തി അല
ക്സന്ത്ര്യാ, അന്ത്യോക്യാ എന്നീ സിംഹാസനപരിധികളിൽനി
ന്നും നാമാവശേഷമായി. ക്രുദ്ധരായ ഇരുസ്വഭാവവാദികൾ സ
ത്യവിശ്വാസികളെ 'യാക്കോബിനെ അനുഗമിച്ചവർ' എന്ന അർ
ത്ഥത്തിൽ 'യാക്കോബായക്കാർ' എന്നു പരിഹാസസൂചകമായി
വിളിച്ചുതുടങ്ങി.

www.malankaralibrary.com

## അദ്ധ്യായം VI

# പാത്രിയർക്കാ സിംഹാസനങ്ങൾ

നാലാം നൂററാണ്ടു മുതൽ 4 പാത്രിയർക്കാ സിംഹാസനങ്ങളാ
ണ് സഭയിലുണ്ടായിരുന്നതു് റോമ്മാ, അലക്സന്ത്ര്യാ, അന്ത്യോ
ഖ്യാ, കസ്തന്തീനോപ്പോലീസ്, കസ്തന്തീനോസ് ചക്രവർത്തിയു
ടെ ആസ്ഥാനമായതോടെ കസ്തന്തീനോപ്പോലീസിനു് 2—ാം സ്ഥാ
നം ലഭിക്കയുണ്ടായി. രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോ
സിൽവെച്ചത്രെ ഈ സ്ഥാനം അതിനു ലഭിച്ചതു്. 4 സിംഹാസന
ങ്ങളും ഉദ്ഭരണത്തിൽ സ്വതന്ത്രരായി കഴിഞ്ഞുകൂടി. സഭകളുടെ
മാതാവു് എന്ന നിലയിൽ യറുശലേമിലെ മേല്പട്ടക്കാരനു് 5—ാം
പാത്രിയാർക്കീസ് എന്നുള്ള ബഹുമാനം സഭ കൊടുത്തിരുന്നു. കി
ഴക്കിന്റെ കാതോലിക്കായെ കാതോലിക്കാ പാത്രീയർക്കീസെ
ന്നും സംബോധന ചെയ്യാറുണ്ടു്. (1 ാം തുബ്ദേൻ നോക്കുക) കി
ഴക്കിന്റെ കാതോലിക്കാസിംഹാസനം 231 ൽ സെലൂക്യയിൽ
സ്ഥാപിതമാകുകയും അതിൽ കാതോലിക്കോസായി യറുശലേം
സുന്നഹദോസ് അഹ്ദാബിയെ വാഴിക്കുകയും അദ്ദേഹം സെലൂക്യാ
ആസ്ഥാനമാക്കി ഭരണം നടത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ
പിൻതുടർച്ചയാണു് ഇന്നു പ. മാർതോമ്മാശ്ലീഹായുടെ പിൻഗാ
മിത്വമുള്ള മലങ്കരസഭയിലെ കിഴക്കിന്റെ കാതോലിക്കോസ്
മോറോൻ മാർ ബസ്സേലിയോസ്.

## വി: അന്ത്യോക്യ സിംഹാസനം

അപ്പോസ്തോലനായ വി. പത്രോസ് അന്ത്യോക്യായിൽ
ക്രൈസ്തവലോകത്തിൽ ഇദംപ്രഥമമായി സിംഹാസനം സ്ഥാപി
ച്ചു. ഇതേപ്പററി സഭാ ചരിത്രകാരനായ ഗ്രീഗോറിയോസ് ബാർ
എബ്രായ പറയുന്നതു് 'അദ്ദേഹം (പത്രോസ്) അന്ത്യോക്യയിൽ
ഒരു പള്ളിക്കു് അടിസ്ഥാനം ഇട്ടു. ഒരു മദ്ബഹാ സ്ഥാപിച്ചു അ
തിൽ ആദ്യത്തെ എപ്പിസ്കോപ്പാ ആയി ഔദ്യോസിനെ പട്ടം
കെട്ടി' എന്നാണു്. അറിയോസിന്റെ വേദവിപരീതകാലംവരെ
തീസ്സുടത്ത മോർ ഇഗ്നാത്യോസ് മുതലായ അതിപരിശുദ്ധ പി
താക്കന്മാർ അന്ത്യോക്യസിംഹാസനത്തെ അലങ്കരിച്ചിരുന്നു, അറി
യോസ് വേദവിപരീതം രാജശക്തിയാൽ കറച്ചൊന്നു ഉയർന്നകാ
ലത്തു് അറിയോസുകാരനായ ഒന്നരണ്ടുപേർ പാത്രിയർക്കാസ്ഥാ

www.malankaralibrary.com


നം പിടിച്ചെടുത്തെങ്കിലും അതു പെട്ടെന്നവസാനിച്ചു. അവരെ അന്ത്യോക്യാ പാത്രിയർക്കീസന്മാരായി വി. സഭ ഗണിക്കുന്നതേയില്ല. അതുപോലെതന്നെ കല്ക്കദോൻ സുന്നഹദോസിനു ശേഷം യഥാൎത്ഥ അന്ത്യോക്യാ പാത്രിയർക്കീസന്മാരെ നാടുകടത്തിയും പീഡിപ്പിച്ചുമിരുന്നു.

കുറച്ചുകാലം രണ്ടോ മൂന്നോ പേർ, യഥാൎത്ഥ സത്യവിശ്വാസിയായ പാത്രിയർക്കീസ് ജീവിച്ചിരിക്കുന്ന കാലത്തുതന്നെ സിംഹാസനത്തെ അപഹരിക്കുവാൻ ഇടയായിട്ടുണ്ട്. അവരെ വി. പാത്രിയർക്കീസന്മാരുടെ ഗണത്തിൽ വി. സഭ ഗണിക്കുന്നില്ല. വി. സേവേറിയോസും, അനന്തരം വി. യാക്കോബ് ബുർദ്ദാനായും വി. സിംഹാസനത്തെ സത്യവിശ്വാസത്തിൽ നിലനിർത്തിയശേഷം ഇക്കാലം വരെയും— വി. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കാലംവരെയും— അന്ത്യോക്യാസിംഹാസനത്തെ അപഹരിക്കുവാൻ ആർക്കും സാധിച്ചിട്ടില്ല. നമ്മുടെ കർത്താവിന്റെ ശിഷ്യനും ഇൻഡ്യയുടെ അപ്പോസ്തോലനുമായ വി. തോമാശ്ലീഹായിക്ക് പൗരോഹിത്യ നൽവരം ഇല്ല എന്ന് 207/70 നമ്പർ കത്തു മൂലം വേദവിപരീതമടങ്ങിയ ഒരു പ്രഖ്യാപനം ചെയ്ത ഈ യാക്കോബ് തൃതീയൻ പാത്രിക്കീസ് സ്വയം സഭയിൽനിന്ന് തള്ളപ്പെട്ടവനായി തീർന്നിരിക്കുകയാണ്. ഇത് മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ സഭയിൽ ആകമാനം സ്വീകരിക്കപ്പെട്ട പാത്രിയർക്കീസ് എന്ന സ്ഥാനം അദ്ദേഹം നഷ്ടപ്പെടുത്തി.

ലോകത്തിലെ ഏററവും പുരാതനമായ അന്ത്യോക്യാ സിംഹാസനത്തിൽ 144 പാത്രിയർക്കീസന്മാർ നാളിതുവരെ ഭരിച്ചിട്ടുണ്ട്.

## കുസ്തന്തീനോപ്പോലീസ് സിംഹാസനം

കസ്തന്തീനോസ് പട്ടണം പണികഴിപ്പിച്ചത് കസ്തന്തീനോസ് ചക്രവർത്തിയായിരുന്നു. കല്ക്കദോൻ സുന്നഹദോസിനുശേഷം പ്രസ്തുത സിംഹാസനം സത്യവിശ്വാസികൾക്കും ഇരു സ്വഭാവവാദികൾക്കും (ലയോൺ പാപ്പായുടെ കക്ഷിക്കാർ) മാറി മാറി ലഭിച്ചുകൊണ്ടിരുന്നു എങ്കിലും കാലക്രമേണ അത് ഇരു സ്വഭാവവാദികൾക്ക ലഭിച്ചു. കൽക്കദോൻകാരുമായി കസ്തന്തീനോ

www.malankaralibrary.com



പ്പോലീസ് ചിലപ്പോഴെല്ലാം ഐക്യത്തിലാണിരുന്നതെങ്കിലും അവർ തമ്മിലുള്ള ബന്ധം ഒരിക്കലും ദൃഢമായിരുന്നില്ല. കസ്തന്തീനോപ്പോലീസ് പുതിയ റോമ്മായാകയാൽ സിംഹാസനങ്ങളുടെ ഗണത്തിൽ രണ്ടാം സ്ഥാനം വേണമെന്ന് ആവശ്യപ്പെടുകയും അപ്രകാരം ചെയ്യുകയും ചെയ്തതായ കാലം മുതൽക്കേ ക്രി.381 മുതൽ റോമ്മാ പാപ്പാമാർ കസ്തന്തീനോപ്പോലീസിനോട് അകമെ അസൂയയും നീരസവുമായി കഴിയുകയായിരുന്നു. കസ്തന്തീനോപ്പോലീസ് സുന്നഹദോസിൽവച്ച് മുമ്പ് നാം കണ്ടതായ 28-ാം കാനോൻ പാസ്സാക്കിയപ്പോഴും റോമ്മായുടെ വൈരാഗ്യം വർദ്ധിച്ചു.

സത്യവിശ്വാസിയായ വി. ദീയസ്ക്കോറോസിനെ ഉപദ്രവിക്കണമെന്ന് ഒരു ദുരാഗ്രഹം ഇല്ലായിരുന്നുവെങ്കിൽ ആ സമയത്ത് ലെയോൺ അടങ്ങിയിരിക്കയില്ലായിരുന്നു. റോമാപാപ്പായ്ക്കു മേലധികാരമുണ്ടെന്ന സൂചനപോലും കസ്തന്തീനോപ്പോലീസ് സിംഹാസനത്തിന് സമ്മതമില്ലായിരുന്നു. ഇങ്ങനെ ഭരണപരവും സിംഹാസനാധികാരത്തിപരവുമായ കാരണങ്ങളാൽ ഇവർ തമ്മിൽ നീരസമായിരുന്നു.

അങ്ങനെയിരിക്കെ റോമ്മാസഭ, വിശ്വാസപ്രമാണത്തിൽ ഒരു തിരുത്തൽ വരുത്തുവാൻ 9-ാം നൂററാണ്ടിൽ നിശ്ചയിച്ചു. അതായത് അക്കാലംവരെയും ക്രൈസ്തവസഭ മുഴുവനും ഇന്നു നാം സത്യ സുറിയാനിക്കാർ— ഉപയോഗിക്കുന്ന വിശ്വാസപ്രമാണമാണ് ഉപയോഗിച്ചിരുന്നത്. അതിൽ വി. റൂഹായുടെ പുറപ്പാടിനെ സംബന്ധിക്കുന്ന ഭാഗത്ത് 'പിതാവിൽ നിന്നു പുറപ്പെട്ട' എന്ന സ്ഥാനത്ത് 'പിതാവിൽനിന്നും' പുത്രനിൽനിന്നും പുറപ്പെട്ട' എന്ന് റോമാ സഭ വ്യത്യാസപ്പെടുത്തി. കസ്തന്തീനോപ്പോലീസ് അതിനെ ശക്തിയായി എതിർത്തു. ഈ വഴക്ക് വളരെക്കാലം നീണ്ടുനിന്നു. അനന്തരം ഗ്രീക്കുസഭയും റോമ്മാ സഭയും തമ്മിൽ 1054—ൽ പിരിഞ്ഞു. പാപ്പാ, പാത്രിയർക്കീസിനെയും. പാത്രിയർക്കീസ്, പാപ്പായേയും മുടക്കി, ആ പിളർപ്പ് ഇന്നോളം നിലനിൽക്കുന്നു. ഇവരാണ് ഗ്രീക്ക് ഓർത്തഡോക്സ് (Pan Orthodox) എന്ന പേരിൽ അറിയപ്പെടുന്നത്. ഇവർ നമ്മോട് വിശ്വാസ ഐക്യമുള്ളവരല്ല. നമ്മുടെ കർത്താവിൽ രണ്ടു സ്വഭാവമുണ്ടെന്ന് വിശ്വസിക്കുന്ന ഇരുസ്വഭാവവാദികളാണവർ. കൽക്കദോൻ മുതലായി ഏഴു സുന്നഹദോസുകൾ പൊതുസുന്നഹദോസുകളായി അവർ വിശ്വസിച്ചുവരുന്നു. ഇന്നു സാധാരണമാ

www.malankaralibrary.com



യി 'ഓർത്തഡോക്സ്' എന്നു പറയപ്പെടുന്നവർ ഇവരാണ്. (മല
ങ്കര ഓർത്തഡോക്സ് എന്നറിയപ്പെടുന്നവർക്ക് ഇവരുമായി
ബന്ധമില്ല) ഈ ഓർത്തഡോക്സ് (ഗ്രീക്ക്) കാരുടെ ഇടയിൽ
റോമാ സഭ വേല ആരംഭിച്ചതിന്റെ ഫലമായി ഇക്കഴിഞ്ഞ നൂ
റ്റാണ്ടിൽ കുറെയൊക്കെ അവർക്കു പിടിച്ചെടുക്കുവാൻ സാധിച്ചു.

എന്നിരുന്നാലും ഇന്നു് ഗ്രീക്കുസഭയിൽ ഉള്ളതിന്റെ 25–ൽ
ഒരു ഭാഗം. മാത്രമെ അവരിൽനിന്നും റോമാസഭയിൽ ചേർന്നിട്ടുള്ളു.
ഗ്രീക്ക് ഓർത്തഡോക്സ് വിശ്വാസികളാണു ഗ്രീസ്. ബൾ
ഗേറിയാ, റുമേനിയാ, റഷ്യ, യൂഗോസ്ലേവിയാ ആദിയായ രാ
ജ്യങ്ങളിലെ സകലരും.

## അലക്സന്ത്റ്യൻ സിംഹാസനം

വി. മർക്കോസിന്റെ സിംഹാസനം എന്നാണ് അലക്സ
ന്ത്ര്യൻ സിംഹാസനം അറിയപ്പെടുന്നതു്. മോർ അത്താനാസ്യോ
സ്. മോർ കൂറിലോസ്, മോർ ദീയസ്ക്കോറോസ് മുതലായ
വിശ്വവിഖ്യാതരായ പിതാക്കന്മാർ ഭരിച്ച സിംഹാസനമാണിതു്.
ഇവരിൽ വി. അത്താനാസ്യോസ് അലക്സന്ത്ര്യ സിംഹാസനാ
ധിപനായിരുന്ന കാലത്താണ്, അബ്സീനിയാ എത്തിയോപ്പി
യാ (അല്ലെങ്കിൽ സുറിയാനിയിൽ 'കുശ്') യിലെ ശൈശവത്തി
ലിരുന്ന സഭക്കു് ഫ്റുമൻതിയോസ് എന്നയാളെ വി. അത്താനാ
സ്യോസ്. അബിസീനിയൻ (കൂശ്) സഭയുടെ മെത്രാനായി വാഴി
ച്ചതു്.

അബിസീനിയൻ സഭയുടെ ആരംഭം 4–ാം നൂറ്റാണ്ടിൽ ടേർ
(Tyre) കാരനായ ഫ്റുമൻതിയോസ്, അൽദേസിയസ് എന്നീ
രണ്ടുപേരുടെ പരിശ്രമഫലമാണ്. ഇവർക്കു അക്സുമിൽ അബ്
സീനിയൻ രാജാവിന്റെ അടുക്കൽ പ്രവേശനം ലഭിക്കുകയും. അവ
രിൽനിന്നും ക്രിസ്തുമതം അവിടെ പ്രചാരത്തിൽ വരികയും ചെയ്തു.
അങ്ങനെയിരിക്കവെയാണ് മുമ്പു നാം കണ്ടവിധത്തിൽ വി. അ
ത്താനാസ്യോസ് അദ്ദേഹത്തെ മെത്രാനായി വാഴിച്ചതും. അബി
സ്സീനിയൻ (എത്യോപ്യൻ) സഭ എത്യോപ്പ്യാക്കാരനായ ഒരു കാ
തോലിക്കോസിന്റെ കീഴിൽ ഇപ്പോഴും സ്വതന്ത്രസഭയായി നില
നിൽക്കുന്നു.

www.malankaralibrary.com



എത്യോപ്യയിലെ പ്രധാന മേൽപട്ടക്കാരനെ 'ആബൂനാ' എന്നു പറയുന്നു. അബിസീനിയാക്കാർ നമ്മുടെ വിശ്വാസമുള്ളവരും നമുക്ക് അവരിൽനിന്നും അവർക്ക് നമ്മിൽ നിന്നും വിശുദ്ധ കർബാന മുതലായ കൂദാശകൾ സ്വീകരിക്കാവുന്നതും ആകുന്നു. അബിസീനിയായെ ഭരിച്ചിരുന്ന ഓർത്തഡോക്സ് സഭാംഗമായ 'ഹെയിലി സലാസി' ചക്രവർത്തിയെക്കുറിച്ചു നിങ്ങൾ കേട്ടിരിക്കുമല്ലോ. ഇററലിയിലെ സ്വേച്ഛാധിപതിയായിരുന്ന മുസ്സോലിനി, അബിസീനിയൻ ചക്രവർത്തിയോട് യുദ്ധം ചെയ്ത് അദ്ദേഹത്തെ തോൽപ്പിക്കുകയും റോമ്മാ വിശ്വാസം അബിസീനിയായിൽ ശക്തിപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാരുടെയും മററും സഹായം നിമിത്തം ചക്രവർത്തി രാജ്യം വീണ്ടെടുത്ത് ഓർത്തഡോക്സ് വിശ്വാസം ഉറപ്പിച്ചു.

സഭാചരിത്രത്തിൽ അലക്സന്ത്ര്യൻ സിംഹാസനത്തിനുള്ള സ്ഥാനം വളരെ വലുതാണ്. ആദ്യ നൂററാണ്ടുകളിൽ റോമ്മാ വെറും നിസ്സാരമായിരുന്നു. അലക്സന്ത്ര്യാ സിംഹാസനാധിപൻ 'പാപ്പാ' എന്നു വിളിക്കപ്പെട്ടിരുന്നു. അരിയോസിൻെറ വേദവിപരീതത്തെ ശക്തിയായി എതിർത്തതു് അലക്സന്ത്ര്യായിലെ വി. അത്താനാസ്യോസ് ആയിരുന്നു. നെസ്തോറിയൻെറ വേദവിപരീതത്തിനെതിരായി പോരാടിയവരിൽ പ്രധാനിയും എഫേസൂസ് ഒന്നാം സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിച്ചതും അലക്സാന്ത്ര്യായിലെ വി. കൂറിലോസ് ആയിരുന്നു. ലിയോൻെറ ഇരുസ്വഭാവവാദത്തെ ശക്തിയായി എതിർത്തതും എഫേസൂസ് 2-ാം സുന്നഹദോസിൽ ആദ്ധ്യക്ഷം വഹിച്ചതും അലക്സന്ത്ര്യായിലെ വി. ദീയസ്കോറോസായിരുന്നു. വിശുദ്ധ ദീയസ്കോറോസിൻെറ പിൻഗാമികൾ ഉറച്ചു സത്യവിശ്വാസികളായി നിലനിന്നതിനാൽ ഇരുസ്വഭാവവാദികൾക്ക് (റോമാക്കാർക്കു) അലക്സന്ത്ര്യായിൽ ഒരു സ്ഥാനവും ആദ്യം മുതൽക്കേ ഇല്ലായിരുന്നു. വി. യാക്കൂബ് ബുർദ്ദാനാ സഹമെത്രാന്മാരൊന്നിച്ച് അലക്സന്ത്ര്യാ സിംഹാസനത്തിങ്കലേക്ക് ഒരു പാത്രിയർക്കീസിനെ വാഴിച്ചാക്കിയതും നാം കണ്ടുകഴിഞ്ഞല്ലോ. വി. അലക്സന്ത്ര്യൻ സിംഹാസനം ഇന്നും മലങ്കരയിലെ കാതോലിക്കാ സിംഹാസനവുമായി ഏകവിശ്വാസത്തിലും സംബന്ധത്തിലും കഴിയുന്നു. അലക്സന്ത്ര്യൻ സഭയ്ക്കു ഈഗുപ്തായസഭ (Coptic Church) എന്നും പേരുണ്ട്.

www.malankaralibrary.com



## അർമേനിയൻസഭ (അർമനിയസഭ)

അർമ്മനായ ദേശീയർ മുഴുവനും മൂന്നാം നൂററാണ്ടിൽ ക്രിസ്ത്യാനികളായി തീർന്നു. അർമേനിയായിലെ അക്കാലത്തെ രാജാവും ക്രിസ്തുമതം അവലംബിച്ചു. 7–ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വി. ഇസഹാക്കു്, വി. മെസ്റോപ്പ് എന്നീ പിതാക്കന്മാർകൂടി വി. വേദപുസ്തകവും വി. കർബാനതക്സാകളും അർമ്മേനിയൻ ഭാഷകളിലേയ്ക്കു തർജ്ജിമ ചെയ്യുകയുണ്ടായി. ഇവർ ആരംഭം മുതൽക്കേ സത്യവിശ്വാസത്തെ പാലിച്ചുകൊണ്ടു് നിൽക്കുന്നവരാണു്. കൽക്കദോനിയായിലെ സുന്നഹദോസിൽ ഇവർ സംബന്ധിച്ചില്ലെന്നു മാത്രമല്ല അവർ ഒരു പ്രാദേശിക സുന്നഹദോസ് കൂട്ടി കൽക്കദോൻ സുന്നഹദോസിനെ നിഷേധിക്കുകയും ശപിക്കുകയും ചെയ്തിട്ടുണ്ടു്. അതിനും പുറമെ അവർ സത്യവിശ്വാസത്തിൽ നിലനിന്നുകൊണ്ടു് സത്യവിശ്വാസസഭയിലെ ഒരു ഘടകമായിത്തന്നെ ഇന്നും വർത്തിക്കുന്നു.

അർമ്മേനിയർക്കു് ആരംഭകാലം മുതൽക്കേ പീഡകളും പ്രയാസങ്ങളും സഹിക്കേണ്ടിവന്നു. ഏകദേശം എഴുനൂറു വർഷത്തോളം പേർഷ്യരിൽനിന്നും അറബികളിൽനിന്നും അവർ പീഡനം അനുഭവിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു് റോമ്മാക്കാരുടെ ക്രൂശുയുദ്ധം ആരംഭിച്ചതു്. അതോടുകൂടി റോമ്മാസഭക്കാരായ ക്രൂശുയുദ്ധക്കാർ അർമ്മേനിയായെ റോമ്മാസഭയിൽ ചേർക്കുവാൻ തുടങ്ങി. കുറച്ചുപേരെ ആ അവസരത്തിൽ അവർക്കു ലഭിച്ചുവെങ്കിലും ക്രൂശുയുദ്ധം കഴിഞ്ഞതോടെ റോമ്മാസഭയിൽ ചേർന്നവർ സത്യവിശ്വാസത്തിലേയ്ക്കു തിരികെ പുനരൈക്യപ്പെട്ടു. എന്നാൽ വീണ്ടും ഡോമിനിക്കർ എന്ന റോമ്മാസന്യാസ സമൂഹം അർമ്മേനിയായിൽ വേലയാരംഭിച്ചു. ഇങ്ങനെ 1742 ൽ അതായതു് 235 കൊല്ലം മുമ്പ്, അർമ്മേനിയാസഭയിൽനിന്നും റോമ്മാസഭ കുറെപ്പേരെ അവരുടെ സഭയിലേയ്ക്കു് ആകർഷിച്ചു. ഇക്കാര്യത്തിൽ അവർ ഭയങ്കരമായ അക്രമം പ്രവർത്തിച്ചതു് ചരിത്രപ്രസിദ്ധമാണു്. അതായതു് അക്കാലത്തു് അർമ്മേനിയൻ സഭയെ ഭരിച്ചുകൊണ്ടിരുന്ന അവ്ദിക്കു് എന്ന അർമ്മേനിയൻ മേലദ്ധ്യക്ഷനെ ഫ്രഞ്ചുകാർ പിടിച്ചുകൊണ്ടുപോകുകയും ഫ്രാൻസിലെ ബന്ധനസ്ഥലത്തു് വച്ചു (Inquisition) അദ്ദേഹത്തെ അവർ കഥാവശേഷനാക്കുകയും ചെയ്തു. ഭയങ്കരമായ ലഹളയും ഇതുസംബന്ധിച്ചു് അർമ്മേനിയാ

www.malankaralibrary.com



യിൽ ഉണ്ടായി അതിൽവെച്ച് നിരപരാധികളായ അനേക സത്യ വിശ്വാസികളുടെ രക്തം അവർ ചിന്തി. ഈ വധത്തിൽ അർമ്മേ നിയൻ സഭയുടെ തുഛമായ ഭാഗത്തിൽ റോമ്മാവിശ്വാസം കടത്തി വിട്ടു. എന്നിട്ടും അതിവിപുലമായ അർമ്മേനിയൻസഭയിൽനിന്നും കാര്യമായി ആരെയും തന്നെ റോമ്മാസഭയ്ക്കു ലഭിച്ചില്ല. യഥാർത്ഥ അർമ്മനായ സഭ ഇന്നും ഓർത്തഡോക്സ് വിശ്വാസത്തിൽ സ്ഥി തിചെയ്യുന്നു. പുരാതന സഭകളായ ഈഗുപ്ത്യായ, എത്യോപ്യാ, സി റിയ, ഇൻഡ്യയിലെ നമ്മുടെ സഭ എന്നിവ ഉൾപ്പെട്ട ഓർത്ത ഡോക്സ് സഭാകുടുംബത്തിലെ (Oriental Orthodox Churches) അംഗസംഖ്യയിലും ധനപരമായും ഏറ്റവും വലിയ സഭയാണ് അർമ്മീനിയൻ സഭ.

## റോമാസിംഹാസനം

ആദിമസഭയിലെ നാലു പാത്രിയർക്കാസിംഹാസനങ്ങളിൽ ഒന്നത്രെ റോമാസിംഹാസനം. റോമൻ സാമ്രാജ്യത്തിന്റെ തല സ്ഥാനം എന്ന നിലയിൽ റോമ്മായിലെ സിംഹാസനത്തിന് ഒരു പ്രത്യേക പരിഗണന ആദിമസഭയിൽ നൽകപ്പെട്ടിരുന്നു. റോമ്മൻ സിംഹാസനത്തിലെ മേൽപ്പട്ടക്കാരുടെ പട്ടികയിൽ ഒന്നാമതായി കൊടുത്തിരിക്കുന്നത് പത്രോസ്, പൗലൂസ് ശ്ലീഹന്മാരുടെ പേ രുകളാണ്. നീറോചക്രവർത്തിയുടെ പീഡയുടെ കാലത്ത് ഒരു ദിവസം തന്നെ രണ്ടു ശ്ലീഹന്മാരെയും ചക്രവർത്തി വധിച്ചതാ യിട്ടാണ് പാരമ്പര്യം. റോമിന്റെ പ്രാധാന്യം പത്രോസ്ശ്ലീ ഹാ, ആ സിംഹാസനം സ്ഥാപിച്ചു എന്നുള്ളതാണെന്ന് റോമാ ക്കാർ വാദിക്കുന്നുണ്ടെങ്കിലും, തലസ്ഥാനനഗരി എന്നുള്ളതാണ് അ തിനു കാരണമെന്ന് കൽക്കദോനിയാ സുന്നഹദോസിന്റെ 28 ാം കാനോനും കുസ്തന്തീനോസ് സുന്നഹദോസും വിളിച്ചുപറയുന്നുണ്ട്. പൗരസ്ത്യസഭകളെ അലട്ടിക്കൊണ്ടിരുന്ന പല വേദവിപരീതികള ടെയും കോളിളക്കങ്ങളിൽ നിന്ന് മാറിനിൽക്കുവാൻ റോമ്മാസഭയ്ക്കു സാധിച്ചതുകൊണ്ട് പുരോഗമിക്കുവാനുള്ള സാദ്ധ്യതയും അതിനു കൂടുതലായിട്ടുണ്ടായിരുന്നു. ആദ്യത്തെ മൂന്നു പൊതുസുന്നഹദോസു കാലത്ത് പൗരസ്ത്യസഭകളോട് ഒന്നു ചേർന്ന് റോമ്മാസഭ പോക കയാണ് ചെയ്തത്. എന്നാൽ എഫേസൂസ് രണ്ടാമത്തെ സുന്നഹ ദോസിനു ശേഷം ലെയോൻപാപ്പാ സുന്നഹദോസ് തീരുമാനത്തോ ടു എതിർക്കുകയും വേറൊരു സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ ച

www.malankaralibrary.com



ക്രവർത്തിയെ സ്വാധീനം ചെയ്യുകയും ചെയ്തു. കൽക്കദോനിയ സുന്നഹദോസ് (451) അങ്ങനെ കൂടിയ ഒന്നാമണെന്നു് നാം കണ്ടു കഴിഞ്ഞു.

കൽക്കദോനിയാ സുന്നഹദോസിനുശേഷം സഭ രണ്ടായി പിരിഞ്ഞു. ഇതിനെ തുടർന്നു് പല നൂതന ഉപദേശങ്ങളും പുരാതന വിശ്വാസത്തിനെതിരായി ഓരോ നൂറ്റാണ്ടുകളിൽ റോമൻസഭ പ്രചരിപ്പിക്കാനും വിശ്വാസ സംഹിതയോടു് കൂട്ടിച്ചേർക്കുവാനും തുടങ്ങി. കന്യകമറിയാമിന്റെ അമലോത്ഭവം, പാപ്പായുടെ അപ്രമാദിത്വം, പരിശുദ്ധാത്മാവു് പിതാവിൽനിന്നു മാത്രമല്ല, പുത്രനിൽനിന്നും പുറപ്പെടുന്നു എന്നുള്ള ഉപദേശം, റോമ്മാ പാപ്പാ സർവ്വസഭകൾക്കുംമേലും അധികാരമുള്ള വികാരിയാണെന്നുള്ള സിദ്ധാന്തം ആദിയായ അവരുടെ ഉപദേശങ്ങൾ വേദപുസ്തകത്തിനും, ചരിത്ര സത്യങ്ങൾക്കും വിരുദ്ധമായിട്ടുള്ളവയത്രെ.

സഭകൾ തമ്മിലുള്ള ഭിന്നതയ്ക്കു് റോമ്മാസഭയും കാരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നു് അവർ ഇപ്പോൾ ഖേദപൂർവ്വം സമ്മതിക്കുന്നു. അടുത്തകാലത്തു് ദിവംഗതനായ ജോൺ മാർപാപ്പായും ഇപ്പോഴത്തെ പോൾ മാർപാപ്പായും ഈ അഭിപ്രായക്കാരത്രെ. സഭകളുടെ യോജിപ്പിനുവേണ്ടി വത്തിക്കാൻ കൗൺസിൽവഴിയായി റോമ്മാ സഭ ചെയ്തുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ സുവിദിതങ്ങളാണല്ലോ. ആധുനികയുഗത്തിൽ കാണപ്പെടുന്ന നിരീശ്വരത്വം, കമ്മ്യൂണിസം ആദിയായ പൈശാചിക ശക്തികളോടു് എതിർക്കുന്നതിനു് സഭകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണെന്നുള്ള ബോധം എല്ലാ സഭാവിഭാഗങ്ങൾക്കും ഏറെക്കുറെ ഉണ്ടായിട്ടുണ്ടു് എന്നുള്ളതു് ശുഭോദർക്കമാണു്. ഈ ശ്രമങ്ങൾ വിജയത്തിലെത്തിക്കുവാൻ നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണു്.

ദീയസ്കോറോസിനെതിരായി, യോജിച്ചുനിന്നു പ്രവർത്തിച്ച ഗ്രീക്ക് ഓർത്തഡോക്സ് സഭയും റോമ്മാസഭയും തമ്മിൽ ക്രി. 11-ാം ശതാബ്ദത്തിൽ പിരിപ്പിലിനുണ്ടായ സാഹചര്യം നാം മുമ്പു കണ്ടതാണു്. മിഖായേൽ കെറുലാറിയസ് എന്ന ഗ്രീക്ക് പാത്രിയർക്കീസിനെ എ. ഡി. 1054-ൽ ലയോൻ മാർപാപ്പാ (Leo IX) മുടക്കുകയും പാത്രിയർക്കീസ് മാർപാപ്പായെ മുടക്കുകയും ചെയ്തു. ആ ഭിന്നത നാളിതുവരെ നിലനിൽക്കുന്നു. റോമ്മാസഭയും ഗ്രീക്കുസഭയും തമ്മിലുള്ള യോജിപ്പിനുവേണ്ടി പല ശ്ര

www.malankaralibrary.com



ങ്ങൾ ഓരോ കാലത്തു നടത്തിയെങ്കിലും അവയെല്ലാം വിഫല
മാകുകയാണു ചെയ്തതു്. റോമ്മാസഭയ്ക്കു് എതിരായി 16 –ാം ശതാ
ബ്ദത്തിൽ ലൂഥറും അനുയായികളും നടത്തിയ നവീകരണശ്രമ
ങ്ങൾമൂലം ജർമ്മനി, ബ്രിട്ടൻ, സ്വിററ്സർലണ്ടു് ആദിയായ രാ
ജ്യങ്ങളിൽ ഒരു വലിയ വിഭാഗം ആളുകൾ റോമ്മാസഭ ഉപേക്ഷിക്കു
കയുണ്ടായി. പാപ്പായുടെ അപ്രമാദിത്വം, കന്യകമറിയാമിന്റെ
അമലോത്ഭവം ആദിയായ നൂതന ഉപദേശങ്ങളോടെതിർത്താണു്
19–ാം ശതാബ്ദത്തിൽ Old Catholics എന്ന കൂട്ടർ ജർമ്മനി
യിൽ, റോമ്മാസഭയിൽനിന്നു പിരിഞ്ഞുപോയതു്, റോമ്മാസഭ
യിൽനിന്നു് ഓരോ കൂട്ടർ പിരിഞ്ഞുപോകുമ്പോൾ മററു സഭകളിൽ
പെട്ട സഭാംഗങ്ങളെ പിടിച്ചെടുക്കുന്നതിനു് റോമാസഭയ്ക്കുള്ള സാമ
ർത്ഥ്യം ഒന്നു പ്രത്യേകമാണു്. കർത്താവു് സ്ഥാപിച്ച സഭ ഏകമാ
ണെന്നും, ആ ഏകസഭ റോമ്മാസഭയാണെന്നും അവിടെ മാത്രമെ
രക്ഷയുള്ളുവെന്നും മററുമുള്ള ഉപദേശങ്ങൾ സാമാന്യജനങ്ങളുടെ
ഇടയിൽ പ്രചരിപ്പിച്ചും ക്രിസ്തീയമല്ലാത്ത മാർഗ്ഗങ്ങൾ ഉപയോഗി
ച്ചും ഇതര സഭകളിൽപെട്ട ആളുകളെ ആകർഷിപ്പാനും വഞ്ചിപ്പാ
നും അവർ രാപകലില്ലാതെ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഒരു
യഥാർത്ഥ ക്രിസ്തീയ വീക്ഷണം അവർക്കു ലഭിക്കുവാൻ മററുള്ളവർ
പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

—:—

## അദ്ധ്യായം VII

# ആദിമസഭയിലെ വിശ്വാസാചാരങ്ങൾ

ആദിമസഭയിലെ വിശ്വാസങ്ങളും ആചാരങ്ങളും എന്തായിരു
ന്നു എന്നു നാം ഗ്രഹിക്കുന്നതു് പുതിയ നിയമഗ്രന്ഥങ്ങളിൽനിന്നും
സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നും സുന്നഹദോസ് നിശ്ച
യങ്ങളിൽനിന്നുമാണു്. പ. ശ്ലീഹന്മാരുടെയും വി. പിതാക്കന്മാ
രുടെയും ഗ്രന്ഥങ്ങളാണു് അവയ്ക്കുള്ള ആധാരം. ഇവ ഓരോന്നും സൂ
ക്ഷ്മമായി പഠിക്കുമ്പോഴാണു് നമ്മുടെ സഭ എത്രമാത്രം അവയിൽ
നിന്നും അണുപോലും വ്യതിചലിക്കാതെ അവയെ നാളിതുവരെ
യും മുറുകെ പിടിച്ചുകൊണ്ടുവരുന്നു എന്നു ഗ്രഹിപ്പാൻ സാധിക്കു
ന്നതു്.

www.malankaralibrary.com



## കിഴക്കോട്ട് അഭിമുഖമായിനിന്നുള്ള പ്രാർത്ഥന

കിഴക്കോട്ടഭിമുഖമായിനിന്ന പ്രാർത്ഥിക്കുന്ന പതിവ് ആദിമ കാലം മുതലെ ഉള്ളതാണ്. ക്രിസ്ത്യാനികൾ അങ്ങനെ ചെയ്യുന്നതിനെപ്പററി, സൂര്യഭഗവാനെ ക്രിസ്ത്യാനികൾ ആരാധിക്കയാണോ എന്ന് അക്രൈസ്തവർ സംശയിച്ചിരുന്നതായി തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ട്. (Apo Cap XVI) അലക്സന്ത്ര്യായിലെ വി. ക്ളീമ്മീസും (മൂന്നാം ശതാബ്ദം) ഈ ആചാരത്തെ സംബന്ധിച്ച പറയുന്നുണ്ട്. കിഴക്ക് സൂര്യോദയത്തെ നോക്കിക്കൊണ്ട് പ്രാർത്ഥന ക്രിസ്ത്യാനികൾ നടത്തുന്നു, എന്തെന്നാൽ കിഴക്ക ദിക്ക് ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ പ്രതിഛായയും അന്ധകാരത്തിൽ നിന്നു പ്രകാശം ഉദിക്കുന്ന സ്ഥാനവുമാണ് എന്നാണ്. അദ്ദേഹത്തിന്റെ സുപ്രസിദ്ധ ശിഷ്യനായ വി. ഒറിഗാനോസ് ഈ ആചാരത്തെ ശക്തിയായി പിന്താങ്ങി പ്രാർത്ഥന എന്ന തന്റെ കൃതിയിൽ എഴുതിയിട്ടുണ്ട്. (De Oratione Chap; 32)

കുട്ടികളെ മാമോദീസാ മുക്കുന്ന അവസരത്തിലും ത്രിത്വത്തിലുള്ള വിശ്വാസം ഏററുപറയുന്ന സമയത്തും കുട്ടികളെ കിഴക്കോട്ട് തിരിച്ചുനിർത്തുമായിരുന്നു എന്നു യറുശലേമിലെ മാർ കൂറിലോസ് പ്രസ്താവിക്കുന്നു. (Catecheses I ) വലിയവനായ മാർ ബസ്സേലിയോസ് പറയുന്നതു സൂക്ഷിക്കുക. 'പാരമ്പര്യത്തിൽനിന്നാണ് കുരിശുവരയും കിഴക്കോട്ടഭിമുഖമായുള്ള പ്രാർത്ഥനയും നാം പഠിച്ചതു്. അതുപോലെയാണ് മാമോദീസായിലെ കുഴകൽ കർബ്ബാനയിലെ വചനങ്ങൾ ആദിയായവയും നാം പഠിച്ചതു്.

നമ്മുടെ കർത്താവ് അവസാനനാളിൽ കിഴക്കുനിന്നു വെളിപ്പെടുമെന്നുള്ളതുകൊണ്ട് കിഴക്കോട്ട തിരിഞ്ഞുനിന്നു പ്രാർത്ഥിപ്പാൻ ശ്ളീഹന്മാർ ഉപദേശിച്ചിരുന്നു. 'മിന്നൽ കിഴക്കുനിന്ന് മിന്നി പടിഞ്ഞാറുവരെ കാണുന്നതുപോലെ മനുഷ്യപുത്രന്റെ വരവുമായിരിക്കും. അതുകൊണ്ട് അവൻ കിഴക്കുനിന്ന് പെട്ടെന്നു പ്രത്യക്ഷനാകുമെന്നു് നാം അറിയുകയും മനസ്സിലാക്കുകയും ചെയ്യണം' എന്ന് അപ്പോസ്തോലന്മാരുടെ പഠിപ്പിക്കൽ എന്ന പുസ്തകത്തിൽ പരിശുദ്ധ ക്ളീമ്മീസ് രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com



# കുരിശുവര

ആദിമ ക്രിസ്ത്യാനികൾ പ്രാർത്ഥനയ്ക്കു മാത്രമല്ല ഓരോ ജോലി ചെയ്വാനാരംഭിക്കുമ്പോഴും കരിശുവരയ്ക്കുന്ന പതിവുണ്ടായിരുന്നു എന്നു് വി. പിതാക്കന്മാരുടെ എഴുത്തുകളിൽനിന്നു കാണുന്നു. അവർ നോക്കുന്നിടത്തെല്ലാം കരിശിന്റെ ആകൃതി അവർക്കു് ദർശിപ്പാൻ കഴിയുമായിരുന്നു. പ. യുസ്തിനോസ് (ജസ്റ്റിൻ മാർട്ടിയർ) ജനങ്ങളെ ഉപദേശിച്ചതു്, കൃഷീവലന്റെ കലപ്പയിലും (കലപ്പയും നുകവും) മനുഷ്യരൂപത്തിലും, (കൈ രണ്ടു വശത്തേയ്ക്കു നീട്ടുമ്പോൾ) അമാലേക്യരെ തോല്പിച്ച മോശയുടെ കൈയുയർത്തിയുള്ള പ്രാർത്ഥനയിലും, തൊഴിലാളികളുടെ ആയുധങ്ങളിലും കരിശിന്റെ ആകൃതിയെ ദർശിക്കാമത്രെ.

തെർത്തുല്യൻ പ്രസ്താവിക്കുന്നതു് 'യാത്ര ചെയ്യുന്ന വേളയിലും, അകത്തുവരികയും പുറത്തുപോകുകയും ചെയ്യുമ്പോഴും കുളിക്കുമ്പോഴും ചെരിപ്പു ധരിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും, വിളക്കു കൊളുത്തുമ്പോഴും, കിടക്കുമ്പോഴും, ഏതു ജോലി ചെയ്യുമ്പോഴും ഞങ്ങൾ നെററിയിൽ കരിശുവരയ്ക്കുന്നു' എന്നാണു്.

(De Corona Militis Chap: III)

സാത്താനെ ജയിപ്പാനുള്ള ആയുധമാണു് കരിശും കരിശുവരയുമെന്നു് ഹിപ്പോലിററസിന്റെ കാനോനിൽ പറഞ്ഞിരിക്കുന്നു. ഒറിഗാനോസും കരിശുവരയുടെ ആവശ്യത്തെപ്പററി പഠിപ്പിക്കുന്നുണ്ടു്. പുറമെ കരിശുവരയ്ക്കുകയും അകമെ സാത്താനെ ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരുണ്ടെന്നു് അദ്ദേഹം പറയുന്നു.

കരിശുവര പരമ്പരാഗതമായി സഭയിൽ നിലനിൽക്കുന്ന ഒന്നാണെന്നുള്ള വി. ബസ്സേലിയോസിന്റെ അഭിപ്രായം നാം കണ്ടതാണു്.

കരിശുവര മൂഢഭക്തിയാണെന്നു ചിന്തിക്കുന്ന ഇക്കാലത്തെ യുവതലമുറ സഭാപിതാക്കന്മാരുടെ അഭിപ്രായം പഠിക്കാൻ മനു ശ്രമിക്കേണ്ടതാണു്.

കരിശു ധരിക്കുകയും കരിശിനെ വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുന്ന പതിവും ആദിമകാലം മുതലെ ഉള്ളതാണു്.

www.malankaralibrary.com



## ഉപവാസം

അപ്പോസ്തോലകാലം മുതലേ സഭയിൽ നടപ്പിലിരുന്ന ഒരാ ചാരമാണ് ഉപവാസം. യഹൂദസഭയിലെ സിദ്ധന്മാരെല്ലാവരും തന്നെ—മോശ, ഏലിയാ, ദാനിയേൽ, ദാവീദ് ആദിയായവരെല്ലം തന്നെ—ഉപവാസം അനുഷ്ഠിച്ചിരിക്കുന്നു. യോനയുടെ പ്രസംഗത്തിൽ നിനവ ക്കൂട്ടമായി ഉപവാസമനുഷ്ഠിച്ചു എന്നു കാണുന്നു. എല്ലാ യഹൂദരും ആഴ്ചയിൽ രണ്ടു ദിവസം (തിങ്കളും വ്യാഴവും) ഉപവസിക്കുന്ന പതിവുണ്ടായിരുന്നു.

ഈ ആചാരത്തിൽ വന്നു കൂടിയ ദുഷിപ്പിനെക്കുറിച്ച് നമ്മുടെ കർത്താവ് കുററപ്പെടുത്തുന്നുണ്ടെങ്കിലും, ഉപവാസം വേണ്ടെന്ന് ഒരിക്കലും അവിടുന്ന് കല്പിച്ചിട്ടില്ല. നേരെ മറിച്ച് പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ സാത്താൻ ഒഴിഞ്ഞുപോകുന്നതല്ലെന്നു കൽപ്പിക്കുകയും, താൻ തന്നെ 40 ദിവസം ഉപവസിച്ചു ശിഷ്യന്മാരെ അതിന്റെ ആവശ്യം മനസ്സിലാക്കുകയും ചെയ്തു. കർത്താവിനെ തുടർന്ന് തന്റെ ശിഷ്യന്മാരും ആദിമസഭയും ഉപവാസം അനുഷ്ഠിച്ചുപോന്നു (അ. പ്ര. 13.2–3) അവർ ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് ശൗലിന്റെ മേൽ കൈ വച്ചു.

അപ്പോസ്തോലന്മാരെ തുടർന്ന് ആദിമസഭ ഉപവാസത്തിനു വലിയൊരുസ്ഥാനം കൊടുത്തിരുന്നു എന്ന് കാണാവുന്നതാകുന്നു. കർത്താവിന്റെ കഷ്ടാനുഭവത്തെ ഓർത്തു് ആഴ്ചയിൽ ബുധനും വെള്ളിയും നോമ്പു നിഷ്കർഷമായി അവർ ആചരിച്ചു വന്നു. അപ്പോസ്തോല കാനോൻ (Apostolic Constitution) എന്ന ഗ്രന്ഥത്തിൽ പറയുന്നതു നോക്കുക. 'ആഴ്ചയിൽ നാലാം ദിവസവും (ബുധൻ) ഒരുക്ക ദിവസവും (വെള്ളി) നിങ്ങൾ ഉപവാസം ആചരിക്കുകയും, കിട്ടുന്ന മിച്ചം മുട്ടുള്ളവർക്കു കൊടുക്കുകയും ചെയ്യാൻ ഞങ്ങൾ ആജ്ഞാപിക്കുന്നു'. Didache പറയുന്നതു്, നിങ്ങളുടെ ഉപവാസം കപടഭക്തിക്കാരുടെ (യഹൂദപരീശർ) പോലെ തിങ്കളും വ്യാഴവും ആകരുതു്, പിന്നെയോ ആഴ്ചയിൽ നാലാം ദിവസവും ഒരുക്കനാളും ആയിരിക്കട്ടെ' എന്നാണു്.

ബുധനും വെള്ളിയും ഉപവസിക്കുന്ന പതിവിനെ സംബന്ധിച്ച്, തെർത്തുല്യനും, അലക്സന്ത്ര്യായിലെ വി. ക്ളീമ്മീസും വി. ഓറിഗനും അവരുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. കഷ്ടാനുഭവ ആഴ്ചയിൽ തിങ്കൾ മുതൽ വ്യാഴം വരെ ദിവസം ഒരു

www.malankaralibrary.com



നേരം മാത്രം— റൊട്ടിയും വെള്ളവും— കഴിക്കുകയും, ദുഃഖവെള്ളി
യാഴ്ചയും ദുഃഖശനിയാഴ്ചയും യാതൊന്നും കഴിക്കാതിരിക്കയും
ചെയ്യുന്ന പതിവിനെപ്പററി Didascalia —യിൽ രേഖപ്പെടുത്തി
യിട്ടുണ്ട്.

Aristides ൻെറ Apology എന്ന ഗ്രന്ഥത്തിൽ പറയുന്നതു്
(രണ്ടാം ശതാബ്ദം) "മുട്ടുള്ളവർക്കു് എന്തെങ്കിലും കൊടുത്തു സഹാ
യിപ്പാൻ നിവൃത്തിയില്ലാതെ വരുമ്പോൾ രണ്ടോ മൂന്നോ ദിവസം
ഉപവസിച്ചു മിച്ചമുണ്ടാക്കി അവരെ സഹായിക്കുമായിരുന്നു അന്ന
ത്തെ ക്രിസ്ത്യാനികൾ എന്നാണ്. എത്ര ആദരണീയമായ ഒരു മാ
തൃക.

കഷ്ടാനുഭവ ആഴ്ചമാത്രമല്ല, വലിയ നോമ്പു മുഴുവൻ 40
ദിവസവും ആചരിക്കുന്ന പതിവും ആദിമനൂററാണ്ടുമുതലെ സഭ
യിൽ നടപ്പിൽ വന്നു. വി. ഓറിഗൻ ഇപ്രകാരം പ്രസ്താവിക്കു
ന്നു. ഞങ്ങൾ ഉപവാസത്തോടുകൂടെ 40 ദിവസം നോമ്പാചരിക്കു
ന്നു. കൂടാതെ ആഴ്ചയിൽ 4–ാം ദിവസവും (ബുധൻ) 6–ാം ദി
വസവും (വെള്ളി) ഞങ്ങൾ ഉപവസിക്കുന്നു, (Hom: X in Levit)
40 നോമ്പാചരണത്തെ സംബന്ധിച്ച് ഈറേനിയോസും പ്രസ്താ
വിക്കുന്നുണ്ട്. നോമ്പാചരണത്തിൽ ചില വ്യത്യാസങ്ങൾ പൗര
സ്ത്യസഭയും പാശ്ചാത്യസഭയും തമ്മിലുണ്ടായിരുന്നെങ്കിലും മൈ
ത്രീബന്ധം അവർ തമ്മിൽ പുലർത്തിയിരുന്നു എന്നുള്ളതു് പ്രത്യേ
ക പ്രസ്താവ്യമത്രെ.

ഞായറാഴ്ച ആചാരം

ശ്ലീഹന്മാർ ആദ്യം യഹൂദരോടൊപ്പം യറുശലേം ദേവാലയ
ത്തിൽ ആരാധനയിൽ സംബന്ധിച്ചു പോന്നു. അ. പ്ര. 3:1 നോ
ക്കുക. 9–ാം മണി സമയ. പ്രാർത്ഥനാസമയത്തു് വി. പത്രോസും
യോഹന്നാനും ദേവാലയത്തിലേക്കു പോകുമ്പോൾ മുടന്തനെ കാണു
കയും സൗഖ്യമാക്കുകയും ചെയ്തു അതേസമയം. പ്രത്യേക പ്രാർത്ഥ
നയ്ക്കും കൂട്ടായ്മയ്ക്കുമായി വീടുംതോറും സമ്മേളിക്കുകയും
ചെയ്തുപോന്നു. അ. പ്ര2: 46. അവർ ദിനംപ്രതി വീട്ടിൽ അപ്പം
നുറുക്കി. 2: 42. അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂ
ട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും (കർബാന അനുഷ്ടിച്ചു)
പ്രാർത്ഥന കഴിച്ചുപോന്നു.

www.malankaralibrary.com



എ. ഡി. 70-ാമാണ്ട് യരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടപ്പോൾ മാത്രമാണ് ക്രിസ്ത്യാനികൾ പ്രത്യേകം പള്ളികൾ സ്ഥാപിച്ച് ആരാധന നടത്തുവാൻ തുടങ്ങിയത്. പെന്തിക്കൊസ്തി ദിനം പരിശുദ്ധാത്മാവ് ഇറങ്ങിയ മർക്കോസിൻെറ മാളിക പിൽക്കാലത്ത് ഒരു ദേവാലയമായി രൂപാന്തരപ്പെട്ടു. വിശുദ്ധയാക്കോബ് വി. കർബാന ആദ്യമായി അനുഷ്ഠിച്ചതു് അവിടെയാണെന്ന് വിശ്വസിക്കപ്പെടുന്നു.

കർത്താവു് ഉയിർത്തെഴുന്നേററ ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസം അതായതു് ഞായറാഴ്ച ശാബദിനു പകരം ക്രിസ്ത്യാനികൾ ആചരിക്കുന്ന രീതി അപ്പോസ്തോലകാലം മുതലേ നടപ്പിൽ വന്നു. അ. പ്ര. 20:7. ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൌലോസ് സംഭാഷിച്ചു പ്രസംഗിച്ചു ആഴ്ചവട്ടത്തിൻെറ ഒന്നാം നാൾ (ഞായറാഴ്ച) സാധുസംരക്ഷണാർത്ഥം ധനം ശേഖരിക്കുന്നതിനു് വി പൌലൂസ് കോരിന്ത്യാക്രിസ്ത്യാനികളെ ഉപദേശിക്കുന്നു (1 കോ. 16-1).

ക്രിസ്തുനാഥൻ അപ്പോസ്തോലന്മാരെ ഉപദേശിച്ചതനുസരിച്ചായിരിക്കണം ഞായറാഴ്ച അവർ ആചരിച്ചുവന്നതെന്നുവേണം വിചാരിക്കുവാൻ. ഉയിർപ്പിനുശേഷം ദൈവരാജ്യത്തെ സംബന്ധിച്ചു പലതും അവരെ കർത്താവ് പഠിപ്പിച്ചതായി നാം വായിക്കുന്നുണ്ട്.
(അ. പ്ര. 1:2)

ഞായറാഴ്ച ആരാധനയ്ക്കും വിശ്രമത്തിനുമുള്ള ദിവസമായി അവർ കരുതിയിരുന്നു. ആരാധനയിൽ സർവ്വപ്രധാനമായ ഘടകം പ്രാർത്ഥന, വേദവായന, വ്യാഖ്യാനം (പ്രസംഗം) വി. കർബാന അനുഷ്ഠാനം എന്നിവയായിരുന്നു. Didache (അപ്പോസ്തോലന്മാരുടെ ഉപദേശം) എന്ന ഗ്രന്ഥത്തിൽ പറയുന്നതു് 'കർത്തൃദിനത്തിൽ ഒരുമിച്ചുകൂടുക, അപ്പം മുറിക്കുക, (കർബാന അനുഷ്ഠിക്കുക) പാപങ്ങളേററു പറഞ്ഞു് സ്തോത്രം ചെയ്ക, അപ്പോൾ നിങ്ങളുടെ ബലി പരിശുദ്ധമായിരിക്കും. അപ്പോസ്തോല കാനോനിൽ (Didascalia) പറയുന്നതു്-കർത്തൃദിനത്തിൽ ഭവനം ഉപേക്ഷിച്ചിട്ടു് ദേവാലയത്തിലേക്കു് ഓടുക. എന്തെന്നാൽ ഇതു നിൻെറ മഹത്വമാണു്. പോകാതിരുന്നാൽ ജീവൻെറ വചനം കേൾക്കുന്നതിനോ നിത്യജീവങ്കലേക്കുള്ള ദിവ്യഭക്ഷണം (Divine Food) കഴി

www.malankaralibrary.com


ക്കുന്നതിനോ സാധിക്കാതെ വരും. അതിന് എന്ത് ഒഴിവുകഴിവുകൾ നിനക്കു നൽകുവാൻ കഴിയും? അനിത്യമായതിനുവേണ്ടി നിങ്ങൾ വെമ്പൽ കൊള്ളുന്നു. നിത്യമായതിനെ നിങ്ങൾ ഉപേക്ഷിക്കുന്നു. ആകയാൽ പള്ളിയിൽ സമ്മേളിക്കുന്നതിന് ജാഗ്രതയായിരിക്കുക.

ഞായറാഴ്ചയുടെ പ്രാധാന്യത്തെപ്പററി പ. യുസ്തിനോസ് പറയുന്നത്, പാഴായും അന്ധകാരമായും ഇരുന്ന നിലയിൽനിന്ന് ദൈവം ലോകത്തെ സൃഷ്ടിച്ച പ്രകാശത്തിലേക്കു കൊണ്ടുവന്ന ഒന്നാം ദിവസമായ ഞായറാഴ്ച എന്നാണ്.

സ്വർഗ്ഗത്തിൽ നിന്ന് മന്നാ ആദ്യമായി വർഷിച്ചതു് ഞായറാഴ്ചയാണെന്ന് ഓറിഗൻ വ്യാഖ്യാനിക്കുന്നു. 6 ദിവസം മന്നാ വർഷിച്ചു, 7–ാം ദിവസം വർഷിക്കാതിരുന്നു.

'കർത്തൃദിനത്തെ ശരിയായ നിലയിൽ ആചരിക്കുന്നതു് ജോലി കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി, ആത്മീയ കാര്യങ്ങളിൽ ഏർപ്പെടുന്നതുമൂലവും പള്ളിയിൽ പോയി വി. ഗ്രന്ഥങ്ങൾ വായിക്കുന്നതു ശ്രദ്ധിക്കുകയും, ന്യായവിധിയെക്കുറിച്ചും ഭാവിയെക്കുറിച്ചും ഉള്ള ചിന്ത മനസ്സിൽ ഉദിപ്പിക്കയും, പ്രാപഞ്ചിക കാര്യങ്ങൾ വിസ്മരിച്ച് അദൃശ്യമായ സ്വർഗ്ഗീയ കാര്യങ്ങൾ സ്മരിക്കയും ചെയ്യുന്നതുമൂലവും ആകുന്നു' എന്ന് ഓറിഗൻ ഉപദേശിക്കുന്നു.

ഞായറാഴ്ച സന്തോഷത്തിന്റെ ദിനമാകയാൽ കുമ്പിടുകയോ ഉപവസിക്കുകയോ വേണ്ടതില്ലെന്ന് സഭ നിഷ്കർഷിച്ചിരിക്കുന്നു.

## വി. കുർബാന

ആരാധനയുടെ മകുടമായിരുന്ന വി. കുർബാന ദിവസംതോറും ശ്ലീഹന്മാർ അനുഷ്ഠിച്ചുവന്നതായി നാം കണ്ടു. സ്നേഹവിരുന്നുമായി (Agape) യോജിച്ചു വി. കുർബാന ആദ്യം അർപ്പിച്ചു വന്നു. അതിൽ കടന്നുകൂടിയ ദുഷിപ്പുമൂലം ( 1കോരി 11:20-23) അവ വേർതിരിക്കപ്പെടുകയാണു ചെയ്തതു്. അഗാപ്പെയുടെ ഓർമ്മയെ നിലനിർത്തുന്ന ഒന്നത്രെ, നമ്മുടെ ബുർക്ക്സാ ഭക്ഷണം വി. കുർബാനയോടു കൂടെ കൊടുക്കുന്ന വാഴ്വിന്റെ അപ്പം)

വി. കുർബാന അനുഷ്ഠിക്കുകയും, അതിൽ സംബന്ധിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിൽ ആദിമ സഭ എത്രമാത്രം ജാഗരൂകരായിരുന്നു എന്നു നമുക്കു കാണുവാൻ കഴിയും. പീഡയുടെ കാല

www.malankaralibrary.com


ങ്ങളിൽ പരസ്യാരാധന സാധ്യമല്ലാതെ വന്നപ്പോഠ, ഗൃഹകളി ലും ഭൂമിക്കടിയിലും വി. കർബാന അർപ്പിച്ചു പോന്നു. ദേവാലയത്തിൽ വരുവാൻ നിവൃത്തിയില്ലാത്ത രോഗികഠക്കും കാരാഗൃഹവാസികഠക്കും ശെമ്മാശ്ശന്മാർ വി. കർബാന കൊണ്ടുചെന്നു കൊടുക്കമായിരുന്നു.

വി. കർബാന കർത്താവിൻെറ സാക്ഷാൽ ശരീരരക്തങ്ങളാണെന്നും ആദിമ സഭ വിശ്വസിച്ചിരുന്നു എന്നതിനു ധാരാളം തെളിവുകഠ ഉണ്ട്.

## വി: ഇഗ്നാത്തിയോസ് (എ. ഡി. 107)

നാം മരിക്കാതെ എന്നാളും ക്രിസ്തുവിൽ ജീവിപ്പാൻ ദൈവത്തിൻെറ അപ്പം നമുക്ക ഒരു ഔഷധമാണ്. ക്രിസ്തുവിൻെറ ശരീരമാകുന്ന ദൈവത്തിൻെറ അപ്പം അമർത്യതയുടെ ഒരു ഔഷധമാകുന്നു (Medicine of immortality)

'വി. കർബാനയിൽ സംബന്ധിക്കുന്നതു വളരെ സൂക്ഷ്മതയോടു വേണം അവിടെ കർത്താവിൻെറ ശരീരവും അവൻെറ രക്തമുള്ള പാനപാത്രവും ഒരു ബലിപീഠവും അധികാരമുള്ള ആചാര്യനുമുണ്ട്.

അലക്സന്ത്രിയായിലെ ക്ളീമ്മീസ്;—ഒരു മാതാവു തൻെറ കുഞ്ഞുങ്ങളെ സ്വന്തദേഹംകൊണ്ടു പോഷിപ്പിക്കുന്ന പ്രകാരം കർത്താവിൻെറ ശരീരരക്തങ്ങളാൽ വിശ്വാസികളെ പോററുന്നു. ദൈവചനം അപ്പത്തെ ശരീരവും വീഞ്ഞിനെ രക്തവുമാക്കുന്നു. അവയെ വിശ്വാസത്തോടെ അനുഭവിക്കമൂലം ആ ശരീരങ്ങഠ പരിപോഷിപ്പിക്കപ്പെടുന്നു.

ഒറിഗാനോസ്—'മഹാപുരോഹിതനായ ക്രിസ്തു പീഡാനുഭവത്തിനു മുമ്പു സ്ഥാപിച്ച് പഠിപ്പിച്ച പ്രകാരം, സഭ. ശരീരരക്തങ്ങളാകുന്ന തൻെറ യാഗം അർപ്പിക്കുന്നു, ഈ സമയം രക്തസാക്ഷികളുടെയും പരിശുദ്ധന്മാരുടെയും നിർമ്മല ആത്മാക്കളുടെയും സാന്നിദ്ധ്യവും സംബന്ധവും അതിൽ ഉണ്ടായിരിക്കും.

കാർത്തേജിലെ മെത്രാപ്പോലീത്തായായിരുന്ന വി. കപ്രിയാനോസ് സാക്ഷിക്കുന്നതു് (എ. ഡി. 304) 'കർത്താവിനു സമർപ്പിച്ച അപ്പവീഞ്ഞുകളെ തൻെറ ശരീരരക്തങ്ങളെന്നു താൻ വിളിച്ചു ആകയാൽ തൻെറ നിയോഗപ്രകാരം ആചാര്യൻ അണയ്ക്കുന്ന അപ്പം, കർത്താവിൻെറ ശരീരവും വീഞ്ഞ് തൻെറ രക്തവുമാ

www.malankaralibrary.com


കുന്നു. നമ്മുടെ കർത്താവും ദൈവവുമായ മിശിഹാ സ്വയമേ ദൈവത്തിൻെറ പ്രധാന പുരോഹിതനാണ്. താൻ സ്വയം യാഗമായി പിതാവിനു സമർപ്പിച്ചു. അതിൻെറ ഓർമ്മയ്ക്കായി ഈ യാഗം നടത്തുവാൻ താൻ കൽപ്പിച്ചു. ആകയാൽ ക്രിസ്തുവിൻെറ സ്ഥാനാപതിയായ പുരോഹിതൻ തൻെറ സ്ഥാനത്തു് ഈ യാഗം കഴിക്കുന്നു. ക്രിസ്തു ചെയ്തതായി കണ്ട പ്രകാരം പിതാവായ ദൈവത്തിന്ന ക്രിസ്തുവിനെത്തന്നെ യാഗമായി അർപ്പിക്കുന്നു. മരിച്ച വിശ്വാസികൾക്കുവേണ്ടി ആണ്ടുതോറും ക്രിസ്തുവിൻെറ യാഗം അർപ്പിക്കേണ്ടതാകുന്നു. വി. കുർബാന ഒരു ബലിയാണെന്നും മരിച്ചവരെ ഉദ്ദേശിച്ച് അതു് അർപ്പിക്കപ്പെടേണ്ടതിൻെറ ആവശ്യം എത്രമാത്രമുണ്ടെന്നും സ്പഷ്ടമായി വി. കപ്രിയാനോസ് ഉപദേശിച്ചിരിക്കുന്നു.

## വി. അത്താനാസ്യോസ് (4-ാം ശതാബ്ദം)

ശുശ്രൂഷക്കാർ കൊണ്ടുവന്നു ബലിപീഠത്തിൽ വയ്ക്കുന്ന അപ്പവും, തയാറാക്കുന്ന വീഞ്ഞും സാധാരണമായതാണെന്നു നിങ്ങൾ കരുതുന്നു. എന്നാൽ ആചാര്യന്മാർ ശുദ്ധീകരിച്ചു കഴിഞ്ഞാൽ അവ കർത്താവിൻെറ ശരീരവും രക്തവുമാകുന്നു.

'യാഗവേദിയിൽ അർപ്പിക്കപ്പെടുന്നതിനു മുമ്പ് അവ അപ്പവീഞ്ഞുകളും തന്നെയാണ്. എന്നാൽ അവിടെ ശുദ്ധീകരിക്കപ്പെട്ട ശേഷം അവ കർത്താവിൻെറ ജീവദായകമായ ശരീരരക്തങ്ങളാകുന്നു. അതിനെ യോഗ്യമായി ഭക്ഷിക്കുന്നവർ മരിക്കാതെ ജീവിക്കും.'

'സ്വാഭാവിക കുഞ്ഞാടിനെയല്ല കർത്താവേശുമിശിഹായായ സ്വർഗ്ഗീയകുഞ്ഞാടിനെയാണ് നാം യാഗമായി അർപ്പിക്കുന്നതു്.

ജോൺ ക്രിസോസ്റ്റം;-(ഡി. 400)-ൻെറ അഭിപ്രായം പ്രത്യേകം ശ്രദ്ധേയമാണ്. ശുദ്ധീകരിക്കപ്പെട്ട അപ്പം, ബലിപീഠത്തിൽ സമർപ്പിക്കപ്പെട്ട ദൈവ കുഞ്ഞാടു്, പാനപാത്രത്തിലെ വീഞ്ഞ് കർത്താവിൻെറ തിരുവിലാവിൽനിന്നൊഴുകിയ രക്തവുമാകുന്നു. ആകയാൽ വിശ്വാസി വിനയത്തോടും കർത്താവിൻെറ തിരുശരീര രക്തങ്ങളെ അനുഭവിക്കേണ്ടതാകുന്നു.'

'കർത്താവിൻെറ തിരുശരീരം വിഭജിക്കുന്ന കൈയ് സൂര്യരശ്മിയേക്കാൾ നിർമ്മലമായിരിക്കണം. ആത്മീയ അഗ്നിയെ

www.malankaralibrary.com


കൈക്കൊള്ളുന്നവയും വിസ്മയകരമായ രക്തംകൊണ്ടു ചുവക്കുന്ന നാവും എത്രയോ പരിശുദ്ധമായിരിക്കണം. പുരോഹിതന്റെ മദ്ധ്യസ്ഥതയിൽ ദൈവാത്മാവു് അതിനെ ശുദ്ധീകരിച്ചശേഷം അതിനെ അപ്പം എന്നു നാം പറയുന്നില്ല. അപ്പവീഞ്ഞുകളുടെ രൂപത്തിൽ കാണപ്പെടുന്നെങ്കിലും, യഥാർത്ഥത്തിൽ കർത്താവിന്റെ ശരീരരക്തങ്ങളായിട്ടുതന്നെ നാം വിശ്വസിക്കുന്നു. കർത്താവിനെപ്പറ്റി രണ്ടു് ആൾ (ദൈവം മനുഷ്യൻ) എന്നു നാം പറയാത്തപ്രകാരം അപ്പത്തിൽ ദൈവവും സ്ഥിതിചെയ്യുന്നതിനാൽ രണ്ടെന്നു നാം പറയുന്നില്ല. വി. കർബ്ബാനയിൽ മരിച്ചവരെ നാം ഓർക്കുന്നതു് ആദിമുതലുള്ള പതിവാണു്. കർത്താവിന്റെ യാഗം ജീവനുള്ളവർക്കുവേണ്ടി മാത്രമല്ല. മരിച്ചുപോയവർക്കും ജീവനുള്ളവർക്കും ജനിപ്പാനുള്ളവർക്കും വേണ്ടിയാണു്. ആകയാൽ അതുമൂലമുള്ള പ്രയോജനം മരിച്ചുപോയവർക്കും സിദ്ധിക്കുന്നതാണു്,

'യാഗമില്ലാതെ പുരോഹിതൻ ഇല്ല. ക്രിസ്തുവിനു് ഒരു യാഗം സ്വർഗ്ഗത്തിലുണ്ടു്. അതിന്റെ രൂപത്തിൽ ഭൂമിയിലും നടക്കുന്നു. തന്റെ യാഗശുശ്രൂഷ സ്വർഗ്ഗത്തിലും ഭൂമിയിലും നടക്കുന്നു. തന്റെ പ്രതിപുരുഷന്മാർക്കു് സ്വർഗത്തിന്റെയും ഭൂമിയുടെയും താക്കോൽ കെട്ടുവാനും അഴിക്കുവാനും കൊടുത്തിട്ടുണ്ടു്. അവർ ഇവിടെ നടത്തുന്നതും തന്റെ ബലി തന്നെയാണു്.

'പലരും ഈ യാഗത്തിൽനിന്നു് ആണ്ടിലൊരിക്കൽ മാത്രം കൈക്കൊള്ളുന്നു. ചിലർ രണ്ടു പ്രാവശ്യവും ചുരുക്കം ചിലർ എന്നും ഇതിനെ അനുഭവിക്കുന്നുണ്ടു്.

വി. കർബ്ബാന വേറൊരു ദിവസത്തേക്കു ത്രോണോസിന്മേൽ എഴുന്നെള്ളിച്ചു സൂക്ഷിക്കുന്ന പതിവു് രോഗികൾക്കു കൊടുക്കുന്നതിനായി. അക്കാലത്തുണ്ടായിരുന്നു എന്നും അതുകൊണ്ടു് വി. കർബ്ബാനയ്ക്കു് യാതൊരു ശക്തിക്കുറവും ഉണ്ടാകുന്നില്ലെന്നും അലക്സന്ത്ര്യായിലെ വി. കൂറിലോസ് വാദിക്കുന്നു.

പുളിപ്പുള്ള അപ്പമാണു്, പൗരസ്ത്യസഭകൾ ആദ്യകാലം മുതൽ ഉപയോഗിച്ചുവന്നതു്. പെസഹാ ദിവസം കർത്താവു് എടുത്തു വാഴ്ത്തി അനുഗ്രഹിച്ചു ശിഷ്യന്മാർക്കു കൊടുത്തതു പുളിപ്പുള്ള അപ്പം. (ലഹമോ) ആണെന്നാണു് സുറിയാനി ഏവൻഗേലിയിൽ കാണുന്നതു്. അതിനെ അടിസ്ഥാനപ്പെടുത്തി ഓർത്തഡോക്സ് സുറിയാനിക്കാർ വി. കർബ്ബാനയ്ക്കു് പുളിപ്പുള്ള അപ്പം ഉപയോ

www.malankaralibrary.com



ഗിക്കുന്നു. രോഗികളെ ഉദ്ദേശിച്ച് വി. കർബാന പള്ളിയിൽ സൂക്ഷിക്കുന്ന പതിവും നമുക്കുണ്ട്.

## അദ്ധ്യായം VIII

## ഏഴു കൂദാശകൾ

കൂദാശകൾ ഏഴും ആദ്യകാലം മുതലെ സഭയിൽ നടപ്പിലിരുന്നു എന്നു ചരിത്രം ഘോഷിക്കുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ, പട്ടക്കാരനോ മേൽപട്ടക്കാരനോ നടത്തി വന്നു. വെള്ളത്തിൽ മുക്കിയും, വെള്ളം തലയിൽ കോരി ഒഴിച്ചും, ചിലപ്പോൾ (രോഗികളുടെ മേൽ) വെള്ളം തളിച്ചും മാമോദീസ നടത്തിയിട്ടുണ്ട്.

## ശിശുസ്നാനം

ശിശുക്കളെ മാമോദീസ മുക്കുന്ന പതിവിനെപ്പററി ശ്ലീഹന്മാരുടെ കാനോനകളിലും, വി. കപ്രിയാനോസ്, വേദശാസ്ത്രജ്ഞനായ ഓറിഗൻ ആദിയായവരുടെ കൃതികളിലും സ്പഷ്ടമായി പ്രതിപാദിച്ചു കാണുന്നു.

യുസ്തിനോസ് (ജസ്റ്റിൻ മാർട്ടിയർ) ബാല്യകാലം മുതൽ ക്രിസ്തുവിൻെറ ശിഷ്യരായിത്തീർന്ന സ്ത്രീ പുരുഷന്മാരെ സംബന്ധിച്ച് അദ്ദേഹത്തിൻെറ Apology എന്ന ഗ്രന്ഥത്തിൽ വിവരിച്ചു കാണുന്നു.

ഇറാനിയോസ് പറയുന്നതു്—ശത്രുക്കളും, കുഞ്ഞുങ്ങളും കുട്ടികളും, യുവാക്കന്മാരും. പ്രായം ചെന്നവരും വീണ്ടും ജനിച്ചു രക്ഷ പ്രാപിക്കുന്നു,' എന്നാണ്.

ശിശുക്കളെ മാമോദീസ മുക്കുന്നതിനു് 8—ാം ദിവസം വരെ കാത്തിരിക്കേണ്ട ആവശ്യമില്ല എന്നു വി. കപ്രിയാനോസ് ഉപദേശിക്കുന്നു. പ്രായമുള്ളവരെ മാമോദീസക്കുവേണ്ടി തൊട്ടിയിലേക്ക കൊണ്ടുവരുന്നു എങ്കിൽ പാപം ചെയ്യാത്ത കുഞ്ഞുങ്ങ

www.malankaralibrary.com



ങ്ങളെ എത്ര അധികമായി കൊണ്ടുവരണം. ആദാമ്യസന്തതി എന്നുള്ള നിലയിലുള്ള കറ മാത്രമെ അവർക്കുള്ളല്ലൊ.

അപ്പോസ്തോല കാനോനിൽ പറയുന്നതു് 'കുഞ്ഞുങ്ങളെ മാമോദീസാ മുക്കുവിൻ. ക്രിസ്തുവിൻെറ ഉപദേശത്തിൽ അവരെ വളർത്തുവിൻ' എന്നാണു്.

ഒറിഗാനോസ്:— 'സഭയിലെ പൂർവ്വ പതിവു് അനുസരിച്ച് കുഞ്ഞുങ്ങളെയും ഞങ്ങൾ മാമോദീസാ മുക്കുന്നു.

'അപ്പോസ്തോലന്മാരിൽനിന്നു ലഭിച്ച പാരമ്പര്യം അനുസരിച്ചാണു ഞങ്ങൾ ശിശുക്കളെ മാമോദീസാ മുക്കുന്നതു'' എന്നു് അദ്ദേഹം പറയുന്നു. 'The Church has received it as a tradition from the apostles to administer baptism even to infants.'

തെർത്തുല്യൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണു്. ആത്മാവിൻെറ കറകൾ പോക്കുന്നതിനു് ശരീരം (മാമോദീസായിൽ) കഴുകപ്പെടുന്നു. ആത്മാവു ശുദ്ധീകരിക്കപ്പെടുന്നതിനുവേണ്ടി ശരീരം അഭിഷേകം ചെയ്യപ്പെടുന്നു. ആത്മാവു് കാക്കപ്പെടുന്നതിനുവേണ്ടി ശരീരം, കർത്താവിൻെറ ശരീരവും രക്തവും അനുഭവിക്കുന്നു.'

മാമോദീസായോടുകൂടെ മൂറോനഭിഷേകവും നടത്തിവന്നു. മാത്രമല്ല, മാമോദീസാക്കുശേഷം ശിശുക്കൾക്കു വി. കർബാനയും കൊടുത്തുവന്നു. ശിശുക്കൾ ഏററുപറയേണ്ട ഭാഗങ്ങൾ ഏററുപറയുന്നതിനു അവരെ സത്യവിശ്വാസത്തിൽ വളർത്തുന്നതിനും മദ്ധ്യസ്ഥന്മാരെ നിയോഗിച്ചിരുന്നു. പുറജാതികൾ മാമോദീസാ സ്വീകരിക്കുന്നതിനു മുമ്പു് രണ്ടു മൂന്നു വർഷം വിശ്വാസം പഠിക്കുന്ന രീതിയാണു് ഉണ്ടായിരുന്നതു്. വി. കർബാനയുടെ ആദ്യഭാഗത്തു മാത്രമെ അവരെ സംബന്ധിപ്പിച്ചിരുന്നുള്ളു. വി. കർബാന അനുഭവിക്കുന്നതിനും അതിൽ മുഴുവനും സംബന്ധിക്കുന്നതിനും മാമോദീസാ കൈക്കൊണ്ടവർക്കുമാത്രമെ അനുവാദം നല്കിയിരുന്നുള്ളു.

## വി. മൂറോൻ

തൈലാഭിഷേകം പഴയനിയമകാലം മുതലേ നടപ്പിലിരുന്നതാണു്. ആചാര്യന്മാരെയും, രാജാക്കന്മാരേയും തൈലംകൊണ്ടു് അക്കാലത്തു് അഭിഷേകം ചെയ്യുമായിരുന്നു. ഈ രീതി പുതിയനിയമകാലത്തും നടപ്പിലിരുന്നു. പ്രധാന മേല്പട്ടക്കാർ ശുദ്ധീകരിക്കുന്ന തൈലമാണു് മൂറോൻ. പരിശുദ്ധാത്മാവിൻെറ അഭിഷേകം

www.malankaralibrary.com



ഇതുമൂലം വിശ്വാസികൾക്ക ലഭിക്കുന്നു. 'മാമോദീസാ കഴിഞ്ഞാലുടൻ ഈ തൈലംകൊണ്ട്, പുരോഹിതന്മാർ വിശ്വാസികളെ അഭിഷേകം ചെയ്തിരുന്നു' എന്നു തെർത്തുല്യൻ സാക്ഷിക്കുന്നു. പഴയ കാലത്ത് കൊമ്പിൽനിന്നു തൈലം ഒഴിച്ച് ആചാര്യന്മാർ അഭിഷേകം ചെയ്യപ്പെട്ടിരുന്നതുപോലെ, മാമോദീസാതൊട്ടിയിൽനിന്നു പുറത്തുവരുന്ന ഉടനെ ഞങ്ങൾ വി. തൈലംകൊണ്ട് അഭിഷേകം ചെയ്യപ്പെടുന്നു' ഈ പതിവ് ശ്ലീഹന്മാരുടെ കാലംമുതൽ നടപ്പിലിരുന്നു എന്നുവേണം വിചാരിക്കുവാൻ.

ലാവോദിക്യാ സുന്നഹദോസ്— 'മാമോദീസാ കൈക്കൊള്ളുന്നവർ, മാമോദീസാശേഷം മൂറോൻ (സ്വർഗ്ഗീയതൈലം) കൊണ്ട് അഭിഷേകം ചെയ്യപ്പെട്ട് മിശിഹാതമ്പുരാന്റെ രാജ്യത്തിൽ സംബന്ധികളായി തീരേണ്ടതാകുന്നു എന്ന് ഒരു നിശ്ചയം ചെയ്തതായി ഏദായ കാനോനിൽ കാണുന്നു.

## കുമ്പസാരം

കർമ്മപാപങ്ങളെ ഏറ്റുപറഞ്ഞ് പാപമോചനം സമ്പാദിക്കുന്ന കൂദാശയാകുന്നു കുമ്പസാരം. ആദ്യകാലങ്ങളിൽ സഭയുടെയും പട്ടക്കാരന്റെയും മുമ്പിൽ പരസ്യമായി പാപങ്ങളെ ഏറ്റുപറയുന്ന പതിവായിരുന്നു ഉണ്ടായിരുന്നത്. അതിനുള്ള ശിക്ഷകളും പരസ്യമായി നല്കപ്പെട്ടിരുന്നു. പരസ്യപാപങ്ങൾക്ക് പരസ്യശിക്ഷയാണ് നല്കിയിരുന്നത്. അനുതാപകാലം കഴിയുന്നതുവരെ അവരെ വി. കർബാനയിൽ സംബന്ധിപ്പിക്കുകയോ വി. കർബാന നല്കുകയോ ചെയ്തിരുന്നില്ല. പരസ്യ ഏറ്റുപറച്ചിലിന്റെ ചില ദൂഷ്യങ്ങൾ മനസ്സിലാക്കി സഭ രഹസ്യ കുമ്പസാരം— പട്ടക്കാരന്റെ മുമ്പിൽ രഹസ്യമായി ഏറ്റുപറയുന്ന രീതി— നടപ്പിൽ വരുത്തി.

അനുതാപി പട്ടക്കാരന്റെ മുമ്പിൽ നിലത്തു മുട്ടുകുത്തി നിലവിളിക്കയും പാപപൊറുതി യാചിക്കയും ചെയ്യുന്ന പതിവിനെപ്പറ്റി തെർത്തുല്യൻ പ്രസ്താവിക്കുന്നുണ്ട്. വി. കപ്രിയാനോസും ഓറിഗനും ഈ പതിവിനെ സാധൂകരിക്കുന്നുണ്ട്.

ഓറിഗൻ പറയുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. 'നിന്റെ പാപങ്ങളെ ഏറ്റുപറയുന്നതിന്, കൊള്ളാവുന്ന ഒരാളെ കണ്ടുപിടിക്കുന്നതിനു ശ്രമിക്കുക. പണ്ഡിതനും കാരുണ്യവാനുമായ ഒരു വൈദ്യനെ— നിന്റെ രോഗത്തിന്റെ ശരിയായ നില മനസ്സിലാക്കാൻ

www.malankaralibrary.com



കഴിവുള്ള ഒരു വൈദ്യനെ— കണ്ടുപിടിക്കുക..' 'നമ്മുടെ പാപങ്ങൾ ദൈവത്തോടു മാത്രമല്ല നമ്മുടെ മുറിവുകൾക്കും പാപങ്ങൾക്കും സൗഖ്യം നൽകുവാൻ കഴിവുള്ള ഒരു വൈദ്യനോടും അവയെ വെളിപ്പെടുത്തിയാൽ അവ മായിക്കപ്പെടുന്നതാണ്.

'ഒരുവൻ തന്റെ പാപങ്ങളെ ഏററുപറയാതെ ഉള്ളിൽ ഒളിച്ചു വച്ചാൽ അസ്വസ്ഥതയ്ക്കു കാരണമാകുന്നതും, സ്വയം കുററപ്പെടുത്തി അവയെ ഏററുപറഞ്ഞ് ഉപേക്ഷിച്ചാൽ— ദഹിക്കാത്ത വസ്തുക്കളെ ഛർദ്ദിച്ചു പുറംതള്ളിയാൽ ഉണ്ടാകുന്ന ആശ്വാസംപോലെ മനസ്സമാധാനം ലഭിക്കുന്നതുമാണ്. നിന്റെ രോഗവിവരം കേൾക്കേണ്ട വൈദ്യൻ എങ്ങനെയുള്ളവൻ എന്നു് ആദ്യമായി പരിശോധിക്കുക. കരയുന്നവരുടെ കൂടെ കരയുകയും, ബലഹീനനോടു ബലഹീനനായിരിക്കയും, കനിവോടുകൂടെ ശിക്ഷണം നൽകുകയും ചെയ്യാൻ കഴിയുന്ന സമർത്ഥനും കരുണാനിധിയുമായ ഒരാൾ ആയിരിപ്പാൻ പ്രത്യേകം സൂക്ഷിക്കുക. അയാൾ നൽകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും നീ ശിരസ്സാവഹിക്കണം. നിന്റെ രോഗവിവരവും പ്രതിവിധിയും സഭയുടെ മുമ്പാകെ പരസ്യമാക്കി രോഗശാന്തി വരുത്തേണ്ടതെങ്കിൽ അങ്ങനെ ചെയ്യേണ്ടതാകുന്നു, അതു മററുള്ളവർക്കും പ്രയോജനപ്രദമായിരിക്കും.

കുമ്പസാരത്തിന്റെ ആവശ്യത്തെയും കുമ്പസാരം കേൾക്കുന്ന പട്ടക്കാരനുണ്ടായിരിക്കേണ്ട മനഃസ്ഥിതിയേയും പററിയുള്ള ഓറിഗന്റെ ഉപദേശം എത്രമാത്രം ശ്രദ്ധേയമായിരിക്കുന്നു.

## പട്ടത്വം

കൈവയ്പുമൂലം പട്ടത്വത്തിന്റെ നൽവരം ലഭിക്കുന്നതായി ആദിമസഭ വിശ്വസിച്ചിരുന്നു. വി. പൗലോസ്, തീമോത്തിയോസിനു് എഴുതുമ്പോൾ 'എന്റെ കൈവയ്പിനാൽ നിനക്കു ലഭിച്ച ആത്മീയ നൽവരം ജ്വലിപ്പിച്ചുകൊള്ളുക (2തീ. 1: 6 )എന്നു പറയുന്നു. കൈവയ്പിന്റെ നൽവരം ലഭിക്കുന്നവരായി മേൽപ്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശ്ശന്മാർ എന്നിങ്ങനെ മൂന്നു സ്ഥാനികൾ ശ്ലീഹന്മാരുടെ കാലംമുതൽ സഭയിലുണ്ടായിരുന്നു. അപ്പോസ്തോലന്മാർ ഏഴു ശെമ്മാശ്ശന്മാർക്കു പട്ടംകൊടുക്കുകയും (അ. പ്ര. 6. 6) വി. പൗലൂസ് സഭ സ്ഥാപിച്ച പട്ടണങ്ങളിലെല്ലാം പട്ടക്കാരെ നിയമിക്കയും ചെയ്തതായി അ. പ്രവൃത്തിയിൽ നാം വായിക്കുന്നു (അ. പ്ര. 14: 23) . തീമോത്തിയോസിനെ എഫേസൂസി

www.malankaralibrary.com



ലെയും, തീത്തൂസിനെ ക്രേത്തയിലെയും എപ്പിസ്കോപ്പന്മാരാരായി വി. പൗലൂസ് വാഴിച്ചു നിയമിച്ചിരുന്നു.

പട്ടം കൊടുക്കുന്നതിനുള്ള അധികാരം മേൽപ്പട്ടക്കാർക്കു മാത്രമെ ഉണ്ടായിരുന്നുള്ളു. മേൽപ്പട്ടക്കാരെ വാഴിക്കുന്നതിന് സാധാരണനിലയിൽ മൂന്നു മേൽപ്പട്ടക്കാർ വേണ്ടിയിരുന്നു. കാതോലിക്കോസിനെയും പാത്രിയർക്കീസിനെയും എപ്പിസ്കോപ്പൽ സുന്നഹദോസ് അതതു സ്ഥാനത്ത് അവരോധിക്കുകയാണു ചെയ്യുന്നത്. കോറെപ്പിസ്കോപ്പന്മാർ ആദിമസഭയിൽ ഗ്രാമപ്രദേശങ്ങളിലെ ബിഷോപ്പന്മാരായിരുന്നു.

എപ്പിസ്കോപ്പന്മാരെ കൂടാതെ സഭയില്ല എന്നു വി. ഇഗ്നാത്തിയോസ് പറയുമ്പോൾ എപ്പിസ്കോപ്പൽ സ്ഥാനത്തിന്റെ മാഹാത്മ്യവും അധികാരവും നമുക്കു മനസ്സിലാക്കാവുന്നതാകുന്നു. ആടുകളെ മേയിക്കുന്നതിന് കർത്താവിൽനിന്ന് നേരിട്ടധികാരം ലഭിച്ചവരത്രെ മേല്പട്ടക്കാർ. പട്ടക്കാർ മേൽപ്പട്ടക്കാരുടെ പ്രതിനിധികളും അവരുടെ ആജ്ഞാനുസരണം പ്രവർത്തിക്കുന്നവരും, പ്രവർത്തിക്കേണ്ടവരുമാകുന്നു.

## വിവാഹം

വിവാഹം ഒരു പരിശുദ്ധ കൂദാശയായി സഭ ഗണിച്ചുപോകുന്നു. മേൽപ്പട്ടക്കാർ അല്ലെങ്കിൽ പട്ടക്കാർ ആ കർമ്മം നടത്തണമെന്നു നിഷ്കർഷിച്ചിരുന്നു. യഹൂദസഭയിലെ വെപ്പാട്ടി സമ്പ്രദായം നിറുത്തൽചെയ്ത്, ഏകഭാര്യാത്വം സഭയിൽ നടപ്പിൽ വരുത്തി. ഒരു ഭാര്യ മരിച്ചശേഷം വേറൊരാളെ പരിഗ്രഹിക്കുന്നതിന് അനുവദിച്ചിരുന്നു. ഭാര്യയെ ഉപേക്ഷിക്കുന്നതിനോ ഭാര്യ ജീവനോടിരിക്കുമ്പോൾ വേറൊരാളെ പരിഗ്രഹിക്കുന്നതിനോ അനുവദിച്ചിരുന്നില്ല.

## രോഗികളുടെ തൈലാഭിഷേകം

രോഗികളുടെ സൗഖ്യത്തിനും പാപമോചനത്തിനും വേണ്ടി രോഗികളെ തൈലംപൂശി പ്രാർത്ഥന നടത്തുന്ന സമ്പ്രദായം അപ്പോസ്തോലിക കാലം മുതലെ സഭയിൽ നടപ്പിലിരുന്നതാണ് (യാക്കോ. 5. 14). പട്ടക്കാർ എണ്ണ പൂശുകയും വി. കുമ്പസാരം നടത്തി കർബാന കൊടുക്കുകയും ചെയ്യുന്ന പതിവ് ആദിമസഭ മുതലെ ഉള്ളതാകുന്നു.

www.malankaralibrary.com



## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

തെർത്തുല്യൻ:– 'ആണ്ടുതോറും മരണദിവസം, മരിച്ചവർക്കു വേണ്ടി ഞങ്ങൾ ബലിയർപ്പിക്കുന്നു.'

ഓറിഗൻ:– സത്യവിശ്വാസത്തിൽ മരിക്കുന്ന സ്നേഹിതന്മാർക്കും, മാതാപിതാക്കന്മാർക്കും, വിശുദ്ധന്മാർക്കും വേണ്ടി ഞങ്ങൾ ഭക്തിയോടെ ഓർമ്മ കഴിക്കുന്നു'.

മരിച്ച ആത്മാക്കൾക്കു് ആത്മശക്തി നൽകുവാൻ ശവകുടീരങ്ങളിൽ (Cata Combs) രേഖപ്പെടുത്തിയിട്ടുണ്ടു്.

Kalemers– 'May God refresh thy spirit'

Themothea–'Mayest thou have eternal light in Christ

ആദിമസഭയിൽ പ്രചാരത്തിലിരുന്ന എല്ലാ കുർബാനകളിലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ചേർത്തിട്ടുണ്ടു്. വി. യാക്കോബു് സ്വർണ്ണനാവുകാരൻ ഈവാനിയോസ് ആദിയായവരുടെ തക്സാ നോക്കുക.

## വിശ്വാസപ്രമാണം

ത്രിത്വത്തിലുള്ള വിശ്വാസം പ്രധാനമായി ക്രോഡീകരിക്കപ്പെട്ടിരുന്ന ഒന്നത്രെ നിഖ്യാവിശ്വാസപ്രമാണം. പിതാവിനേയും പുത്രനെയും വി. റൂഹായേയും സംബന്ധിച്ച മേൽപ്പറഞ്ഞ ഉപദേശം ക്രോഡീകരിച്ചതു് ആദ്യത്തെ രണ്ടു പൊതുസുന്നഹദോസുകളിലും വച്ചാണെങ്കിലും അതിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളും തത്വങ്ങളും അപ്പോസ്തോലകാലം മുതലെ സഭയുടെ ഓരോ ഭാഗങ്ങളിൽ പ്രചാരത്തിൽ ഇരുന്നവയത്രെ. പ്രചാരത്തിലിരുന്ന വിശ്വാസത്തിനു് സുന്നഹദോസുകൾ രൂപം കൊടുത്തു എന്നു മാത്രമെയുള്ളു. അതിന്റെ ഒന്നാം ഭാഗം പിതാവായ ദൈവത്തെ സംബന്ധിച്ചും, രണ്ടാം ഭാഗം പുത്രൻ തമ്പുരാനെ സംബന്ധിച്ചും, മൂന്നാം ഭാഗം വിശുദ്ധ റൂഹായേയും സഭയേയും സംബന്ധിച്ചും, നാലാം ഭാഗം മാമോദീസായേയും പുതിയ ജീവനേയും സംബന്ധിച്ചും ഉള്ളതാകുന്നു.

———

www.malankaralibrary.com

# വി. കുർബാന-ലഘു. പാഠം

## നാലാം ഭാഗം

## വി. കുർബ്ബാനയെന്നാൽ എന്താണ്?

കുർബാനയെന്ന വാക്കിന് കാഴ്ചയെന്നും സമ്മാനമെന്നുമുള്ള
അർത്ഥമാണ് നേരത്തെ ഉണ്ടായിരുന്നത്. പിന്നീട് ബലിയെന്ന
അർത്ഥവും ഉണ്ടായി. ഇപ്പോൾ കർത്താവിന്റെ തിരുബലിയിൽ
പങ്കാളികളായിത്തീരുന്നതിന് നടത്തുന്ന ആരാധനയ്ക്ക് കുർബാന
യെന്ന് പറയുന്നു. വി. കുർബാനയെ സംബന്ധിച്ച് വി. പൗലോ
സ് ശ്ലീഹാ പറയുന്നത് ഇതു തന്നെയാണ്. 'അങ്ങനെ നിങ്ങൾ
ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊ
ക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കു
ന്നു.' (1 കൊരി. 11;26)

കർത്താവ് അപ്പവീഞ്ഞുകളെ വാഴ്ത്തി തന്റെ ശരീരമെന്നും
രക്തമെന്നും അരുളിച്ചെയ്യുകയും (വി. മത്താ. 26:26–29, വി. മർ
ക്കോ. 14:22–25, വി, ലൂക്കോ. 22 15-20, 1 കൊരി. 11:23-26)
തന്റെ ഓർമ്മക്കായി ചെയ്യണമെന്ന് കല്പിക്കുകയും (വി. ലൂക്കോ.
22:19, 1 കൊരി. 11:24-25) ചെയ്തതിനാൽ തന്റെ തിരുബലി
യിലെ ശരീരരക്തങ്ങൾ, അപ്പവീഞ്ഞുകൾ വാഴ്ത്തുന്നതിൽ കൂടെ
നമുക്ക് ലഭിക്കുന്നു. അവ അനുഭവിക്കുമ്പോൾ കർത്താവിന്റെ
കാൽവരിയിൽനടന്നതും ഇപ്പോൾ തന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ
കൂടെ സ്വർഗത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതുമായ ബലിയിൽ
നാം പങ്കാളികളായിത്തീരുകയും ചെയ്യുന്നു.

കർത്താവിന്റെ കുരിശുമരണം പാപപരിഹാരബലിയും,
പെസഹാബലിയും, പുതിയനിയമബലിയും, ഹോമബലിയുമായ
തിനാൽ, വി. കുർബാനയും അതെല്ലാമാണ്. കർത്താവിന്റെ തി
രുബലിയിൽക്കൂടെ നമുക്കു പുത്രത്വവും (1 പത്രോ. 1:3,4) മണവാ
ട്ടിസ്ഥാനവും (എഫേ. 5:26–27) നൽകിയതിനാൽ വി. കുർബാന
യിൽ ഇവ പൂർത്തിയാകുന്നു. കർത്താവ് [illegible] ച്ച് [illegible]
വന്റെ അപ്പമെന്ന് പറഞ്ഞിരിക്കുന്നതിനാലും (വി. യോഹ.
6:35) വി. കുർബാനയിൽക്കൂടെ കർത്താവ് തന്നെത്തന്നെ തരുന്ന
തിനാലും (വി. യോഹ. 6:53—56) വിശുദ്ധ കുർബാന ജീവ

www.malankaralibrary.com



ന്റെ അപ്പമാണ്. കർത്താവ് സ്തോത്രം ചെല്ലി വാഴ്ത്തിയതുപോലെ നാമും വിശുദ്ധ കർബാനയിൽ സ്തോത്രം ചൊല്ലി വാഴ്ത്തുന്നതിനാൽ വി. കർബാന സ്തോത്രശുശ്രൂഷയുമാണ്. കർത്താവിന്റെ തിരുബലി ലോകത്തിന് മുഴുവനും വേണ്ടിയുള്ള ബലിയും മദ്ധ്യസ്ഥപ്രാർത്ഥനയുമായതിനാൽ വി. കർബാന മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും ഉപകരിക്കുന്നു.

1) കർത്താവിന്റെ കുരിശുമരണവും തന്മൂലം കർബാനയും പാപപരിഹാരബലിയാണ്. കർത്താവിന്റെ കുരിശുമരണം പാപപരിഹാരബലിയാണെന്ന് താഴെ കാണുന്ന വാക്യങ്ങൾകൊണ്ട് മനസ്സിലാക്കാം. യോഹന്നാൻ സ്നാപകൻ പറഞ്ഞു 'കണ്ടാലും ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്,' (വി. യോഹ. 1.29) വീഞ്ഞു വാഴ്ത്തിയപ്പോൾ കർത്താവ് പറഞ്ഞു. 'ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയപ്പെടുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം.' (വി. മത്താ. 26.28) 'ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട്, കൈപ്പണിയല്ലാത്തതായി, എന്നുവെച്ചാൽ, ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി, വലുപ്പവും തികവുമേറിയ ഒരു കൂടാരത്തിൽകൂടി, ആട്ടുകൊററന്മാരുടെയും, പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽതന്നെ, ഒരിക്കലായിട്ട് വി. മന്ദിരത്തിലേക്കു പ്രവേശിച്ച് എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിച്ചു.' (എബ്രാ. 9:11,12) എന്ന് എബ്രായ ലേഖനകർത്താവ് പറയുന്നു. ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്തു് പ്രവേശിച്ച് കൃപാസനത്തിന്മേൽ യാഗരക്തം തളിച്ചിരുന്നതു് കർത്താവിന്റെ തിരുബലിയുടെ നിഴലായിരുന്നെന്നാണ് എബ്രായ ലേഖനകർത്താവ് പറയുന്നത്. പാപപരിഹാരബലിയുടെ രക്തം കൃപാസനത്തിൽ തളിക്കുന്നതു് ലേവ്യ. 16: 11–17–ൽ കാണാം.

വി. കർബാന നൽകുമ്പോൾ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും' എന്ന് പറയുന്നുണ്ടല്ലോ. അതിനാൽ കർത്താവിന്റെ ബലിയുമായി ബന്ധപ്പെടുന്ന വി. കർബാന, പാപപരിഹാരബലിയാണ്.

2) കർത്താവിന്റെ കുരിശുമരണം പെസഹാബലിയാണ്. വി. പൗലോസ് ശ്ലീഹ ഇക്കാര്യം വ്യക്തമായി പറയുന്നു. 'നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുതന്നെ.'

www.malankaralibrary.com



(1 കൊരി. 5:7) ഇസ്രായേല്യർക്ക് സംഹാരദൂതനിൽ നിന്നും ഫറവോന്റെ അടിമത്തത്തിൽനിന്നും വിടുതൽ ലഭിച്ചതുപോലെ ലോകം, ജഡം, പിശാച് എന്നിവയുടെ അടിമത്തത്തിൽനിന്നും പാപത്തിന്റെ ശമ്പളമായ മരണത്തിൽനിന്നും നാം രക്ഷ പ്രാപിച്ച് സ്വർഗ്ഗീയകനാനിലേക്ക് യാത്രയാകുന്നത് തന്റെ ബലിയിൽക്കൂടെയാണ്. പെസഹാക്കുഞ്ഞാടിനെ അറുത്തത് പുറ. 12;1—36 ൽ കാണാം. കർത്താവിൽക്കൂടെ ലഭിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് കർത്താവ് പറയുന്നത് ഇപ്രകാരമാണ്. 'സത്യമായും സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസനാകുന്നു. ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല. പുത്രനോ എന്നേക്കും വസിക്കുന്നു. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും.' (വി. യോഹ 8:34—36) കർത്താവിൽ കൂടെ ലഭിക്കുന്ന ഈ സ്വാതന്ത്ര്യം വി. കുർബാനയിൽ കൂടെ നാം പുതുക്കിക്കൊണ്ടിരിക്കുന്നു.

3) കർത്താവിന്റെ കുരിശുമരണം പുതിയ ഉടമ്പടിയുടെ (നിയമം) ബലിയാണ്. 'ഇതു് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ ഉടമ്പടിക്കുള്ള എന്റെ രക്തം.' (വി. മത്ത. 26:28) എന്നാണ് വി. കുർബാന സ്ഥാപിച്ചപ്പോൾ കർത്താവ് പറഞ്ഞത്. പഴയ ഉടമ്പടി പുറ. 24:6—8—ൽ കാണാം 'യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ച് നടക്കുമെന്ന് അവർ പറഞ്ഞു. അപ്പോൾ മോശ രക്തം എടുത്ത് ജനത്തിന്മേൽ തളിച്ചു. ഈ സകല വചനങ്ങളും ആധാരമാക്കി യഹോവ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ രക്തം ഇതാ എന്ന് പറഞ്ഞു.' രക്തം ചിന്തേണ്ടിവന്നാലും പിൻമാറുകയില്ലെന്ന പ്രതിജ്ഞയാണ് രക്തത്തിലെ ഉടമ്പടിയിൽ അടങ്ങിയിരിക്കുന്നത്. ഇസ്രായേല്യർ ഈ ഉടമ്പടിയെ ലംഘിച്ച് പാപം ചെയ്തു. അതിനാൽ പുതിയ ഒരു ഉടമ്പടിയെക്കുറിച്ച് യിരെമ്യാപ്രവാചകൻ മുഖാന്തരം ദൈവം അരുളിച്ചെയ്തു. യിരെ. 31;31—34 നോക്കുക. 'ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും.' എന്ന് പറഞ്ഞിരിക്കുന്നത് പുതിയ ഉടമ്പടിയുടെ പ്രത്യേകതയാണ്. അതിന്റെ അർത്ഥം പരിശോധിക്കാം.

പഴയ ഉടമ്പടിയിൽ കാളയുടെ രക്തമാണ് ചിന്തിയതെങ്കിൽ, പുതിയ ഉടമ്പടിയിൽ നമ്മേപ്പോലെ മനുഷ്യനായിതീർന്ന കർത്താവിന്റെ നിർദ്ദോഷരക്തമാണ്, സ്വമേധയായി ചിന്തിയ

www.malankaralibrary.com



ത്തു് (വി. യോഹ. 10: 18) താൻ രക്തം ചിന്തിയതു് നിത്യമായ നാശത്തിൽനിന്നു് നമ്മെ രക്ഷിക്കുന്നതിനാണു്. അതിനാൽ തനിക്കുവേണ്ടി ജീവിക്കണമെന്ന ആഗ്രഹവും ചിന്തയും നമ്മുടെ ഹൃദയങ്ങളിൽ അങ്കുരിക്കുന്നു. അങ്ങനെ ന്യായപ്രമാണം നമ്മുടെ ഹൃദയത്തിൽ എഴുതപ്പെടുന്നു. വി. പൗലോസ് ശ്ലീഹാ ഈ അനുഭവത്തെക്കുറിച്ചു് പറയുന്നതു് ഇപ്രകാരമാണു്. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു. എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കുവേണ്ടി മരിച്ചു് ഉയിർത്തവനായിട്ടു തന്നെ ജീവിക്കേണ്ടതിനു് അവൻ എല്ലാവർക്കുംവേണ്ടി മരിച്ചു.' (2 കൊരി. 5:14-15) വീണ്ടും അദ്ദേഹം പറയുന്നു. 'ഞാൻ ക്രിസ്തുവിനോടുകൂടെ കുരിശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു്.' (ഗലാ, 2:20) 'ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ നാം കർത്താവിനായി മരിക്കുന്നു' (റോമ. 1. 4;8) എന്നും അദ്ദേഹം പറയുന്നു. റോമ 8:35-39 ഉം നോക്കുക.

ഈ പുതിയ ഉടമ്പടിയിലേയ്ക്കു നാം പ്രവേശിക്കുന്നതു് വി. മാമോദീസായിലും വി. കുമ്പസാരത്തിലുമാണു്. വി. മാമ്മോദീസയിൽകൂടെ കർത്താവിന്റെ മരണത്തിൽ നാം പങ്കാളികളായിത്തീരുന്നു എന്നാണല്ലോ വി. പൗലോസ് ശ്ലീഹ പറയുന്നതു്. (റോമ. 6:3) വി. മാമ്മോദീസായിൽ നാം സാത്താനെ ഉപേക്ഷിക്കുന്നതായും മ്ശിഹാതമ്പുരാനിൽ വിശ്വസിക്കുന്നതായും ഏറ്റുപറയുന്നതു് ഒരു ഉടമ്പടിയാണു്. മേലാൽ സാത്താന്റെ അടിമയാകാതെ കർത്താവിന്റെ അടിമയായിരിക്കുമെന്നു് പ്രതിജ്ഞ ചെയ്തു കർത്താവിനോടുകൂടെ മരിച്ചു് കർത്താവിനോടുകൂടെ ഉയിർക്കുന്നതാണു് മാമ്മോദീസ. മാമ്മോദീസ മുങ്ങിയ ആൾക്കു് വി. കർബ്ബാനയിൽ പുതിയ ഉടമ്പടിയുടെ രക്തം നൽകുന്നു. അങ്ങനെ ഉടമ്പടിയെ ഉറപ്പിക്കുന്നു. മാമ്മോദീസായിലെ ഉടമ്പടിയെ പുതുക്കുകയാണു് ഓരോ കുമ്പസാരത്തിലും ചെയ്യുന്നതു്. വി. കുമ്പസാരത്തിൽ പാപങ്ങളെയും കടങ്ങളെയും ഏറ്റുപറഞ്ഞു് അവ കൂടാതെ ജീവിക്കുന്നതിനായി പ്രതിജ്ഞ ചെയ്യുന്നുണ്ടല്ലോ. കുമ്പസാരിച്ച ആൾക്കും പുതിയ ഉടമ്പടിയുടെ രക്തം നൽകുന്നു.

www.malankaralibrary.com



പുതിയ ഉടമ്പടിയെ പാലിക്കുന്നതിനുള്ള ശക്തിയും കർത്താവ് വി. കർബ്ബാനയിൽക്കൂടെ നമ്മിൽവന്ന് വസിച്ച് നമുക്കു തരുന്നു.

4. കർത്താവിന്റെ കുരിശുമരണം ഹോമബലിയാണ്. കർത്താവിന്റെ ജീവിതവും കുരിശുമരണവും ഹോമബലിയായിരുന്നു. 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നത്.' (വി. മർക്കോ. 10;45) എന്ന് കർത്താവു പറയുന്നു. ഇപ്രകാരമുള്ള ജീവിതത്തിനായി വി. കർബ്ബാനയിൽക്കൂടെ നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിക്കേണ്ടിയിരിക്കുന്നു.

'ആത്മശരീരമനസ്സുകളാം
എന്നുടെ തിരുമുൽ കാഴ്ചകളെ
താതസുതാശ്വാസപ്രദനെ
അൻപോടു കൈക്കൊണ്ടീടണമെ.'

'ആകയാൽ നിങ്ങൾ തിന്നാലും, കുടിച്ചാലും, എന്തു ചെയ്താലും, എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ' (1 കൊരി. 10: 31) എന്ന് വി. പൗലോസ് ശ്ലീഹാ ഉൽബോധിപ്പിക്കുന്നു.

5. കർത്താവ് ജീവന്റെ അപ്പമാണ്. അതിനാൽ തന്നെത്തന്നെ നമുക്കു തരുന്ന വി. കർബാനയും ജീവന്റെ അപ്പമാണ്. വി. യോഹ. 6: 32–58 നോക്കുക. 'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' (വി. യോഹ. 6:56) എന്നും 'എന്നിൽ വസിപ്പിൻ. ഞാൻ നിങ്ങളിലും വസിക്കും .. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല' (വി. യോഹ. 15: 4–5) എന്നും കർത്താവു പറയുന്നു. വി. കർബാനയിൽക്കൂടെ കർത്താവിനെ സ്വീകരിച്ച് നാം ശക്തിപ്രാപിക്കേണ്ടതിന്റെ ആവശ്യം ഇതിനേക്കാൾ ശക്തിയായ ഭാഷയിൽ പറയാനില്ലല്ലോ.

അഞ്ചപ്പത്തെയും രണ്ടു മീനിനെയും വാഴ്ത്തി അയ്യായിരം പുരുഷന്മാരെയും അനവധി സ്ത്രീകളെയും പൈതങ്ങളെയും തൃപ്തിപ്പെ

www.malankaralibrary.com



ടങ്ങി ബാക്കി വരുത്തിയതു് വി. കർബാനയിലെ ആത്മീയ അനുഭവത്തിന്റെ മുൻകുറിയായിരുന്നു.

6. വി. കർബാന സ്തോത്രശുശ്രൂഷയാണു് (എവുക്കാരിസ്റ്റിയ)

സ്തോത്രം ചൊല്ലിയെന്നും വാഴ്ത്തിയെന്നും പറയുന്നതു് ഒരേ അർത്ഥത്തിലാണെന്നു കാണുന്നു. 'അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു' (വി. മത്താ. 26: 26) എന്നും 'പിന്നെ പാനപാത്രം എടുത്തു് സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു' (വി. മത്താ. 26: 27) എന്നും നാം വായിക്കുന്നു.

ലോകത്തിന്റെ സൃഷ്ടിപ്പിനെക്കുറിച്ചും പരിപാലനത്തെക്കുറിച്ചും കർത്താവിൽക്കൂടെയുള്ള രക്ഷയെക്കുറിച്ചും പട്ടക്കാരൻ രഹസ്യമായി സ്തോത്രം ചൊല്ലിയതിനു് ശേഷമാണു് അപ്പവീഞ്ഞുകളെ വാഴ്ത്തുന്നതു്. 'ലോകങ്ങളുടെ രാജാവേ, നീ സത്യമായി വിശുദ്ധനും ശുദ്ധീകരിക്കുന്നവനുമാകുന്നു. നിന്റെ പുത്രൻ ഞങ്ങളുടെ കർത്താവേശു മ്ശിഹായും വിശുദ്ധനാകുന്നു. നിന്റെ രഹസ്യങ്ങളെ പരിശോധിക്കുന്നവനായ നിന്റെ പരിശുദ്ധറൂഹായും വിശുദ്ധനാകുന്നു. മണ്ണിൽനിന്നു് മനുഷ്യനെ നീ സൃഷ്ടിക്കുകയും പറുദീസായിൽ നീ അവനെ ആക്കുകയും ചെയ്തു. അവൻ നിന്റെ കല്പനയെ ലംഘിച്ചുവെങ്കിലും വഴിതെറ്റിപ്പോകുവാനായി നീ അവനെ ഉപേക്ഷിച്ചുകളഞ്ഞില്ല. എന്നാലോ ദീർഘദർശികൾ മുഖാന്തിരം അവനെ വഴിനടത്തി. അവസാനത്തിൽ നിന്റെ ഏകപുത്രനെയും ലോകത്തിലേയ്ക്കു് നീ അയച്ചു. താൻ പരിശുദ്ധറൂഹായിൽനിന്നും കന്യകമറിയാമിൽനിന്നും ശരീരം ധരിച്ചുകൊണ്ടു് പഴകിപ്പോയ നിന്റെ സാദൃശ്യത്തെ പുതുതാക്കിത്തീർത്തു.' (മാർ യാക്കോബിന്റെ തക്സാ)

'യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ എന്തു് അവനു പകരം കൊടുക്കും?' (സങ്കീ. 116: 12) എന്നു് സങ്കീർത്തനക്കാരൻ ചോദിക്കുന്ന അതേ കൃതജ്ഞത നമ്മിലും ഉണ്ടായി. സ്തോത്രത്തോടുകൂടെ നമ്മെ പൂർണ്ണമായും എന്നേക്കുമായും സമർപ്പിക്കുകയാണു് വി. കർബാനയിൽ നാം ചെയ്യേണ്ടതു്.' 'ഞങ്ങൾ നിനക്കും നിന്റെ ഏകജാതനായ പുത്രനും നിന്റെ വി. റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും കരേറ്റു

www.malankaralibrary.com



മാറാകുന്നമെ' എന്നു് വി. കർബാനയിൽ വീണ്ടും വീണ്ടും നാം ചൊല്ലുന്നതിൽ ഈ ആശയമാണു് കാണുന്നതു്.

ഹോശൊവബ്കുലസ്ബാൻലഒൽമീൻ' എന്ന പ്രാർത്ഥനകളുടെ ഒടുവിൽ പറയുന്നതിന്റെ അർത്ഥം 'ഇപ്പോഴും എല്ലായ്പോഴും എന്നേക്കും.' എന്നാണു്.

7. വി. കർബാനയിൽ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കു് വലിയ സ്ഥാനമുണ്ടു്. കർത്താവു് പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു് പ്രാർത്ഥിക്കുന്നതു് (റോമ. 8: 34) തന്റെ ബലിയുടെ സുപ്രധാനഭാഗമാണല്ലോ. തന്റെ ബലിയോടു് നാം ഏകീഭവിക്കുമ്പോഴും തന്നോടുചേർന്നു് നാമും മദ്ധ്യസ്ഥപ്രാർത്ഥന അർപ്പിക്കുന്നു. ക്രിസ്ത്യാനികൾക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കും (1 തിമൊ. 2:1) വേണ്ടി പ്രാർത്ഥിക്കുന്നു. ജീവിച്ചിരിക്കുന്നവർക്കുവേണ്ടി മാത്രമല്ല, വാങ്ങിപ്പോയവർക്കും വേണ്ടിയും പ്രാർത്ഥിക്കുന്നു. 'സർവ്വസൃഷ്ടികൾക്കും' വേണ്ടിയും പ്രാർത്ഥിക്കുന്നു. കർത്താവിന്റെ പ്രാർത്ഥന സകലർക്കും വേണ്ടിയാണല്ലോ.

വാങ്ങിപ്പോയ പരിശുദ്ധന്മാരും വി. കർബാനയിൽ സംബന്ധിക്കുന്നതിനാൽ അവരുടെ മദ്ധ്യസ്ഥതയ്ക്കായി വി. കർബാനയിൽ നാം അപേക്ഷിക്കുകയും ചെയ്യുന്നുണ്ടു്.

www.malankaralibrary.com

# രണ്ടു പുസ്തകങ്ങൾ

## 1. കുടുംബാരാധനക്രമം

സണ്ടേസ്കൂറം കുട്ടികറംക്കു പഠിക്കുന്നതിനും കുടുംബങ്ങളിൽ പ്രാത്ഥനയ്ക്കായി ഉപയോഗിക്കുന്നതിനുമായി പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തയ്യാറിക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു വിശിഷ്ട ഗ്രന്ഥം. വില. 1 രൂപാ.

## 2. വി. കുർബാനയുടെ ലഘുപഠനം

സണ്ടേസ്കൂസ്കൂറം 5 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികറംക്കു പഠിക്കുന്നതിനായി വി. കുർബാനയുടെ ഒരു ലഘുപഠനം അഭിവന്ദ്യ ബർന്നബാസ് മെത്രാപ്പോലീത്താ തിരുമേനി തയ്യാറാക്കിയിട്ടുള്ളതു്. വില. 2 രൂപ.

പുസ്തകങ്ങറം സണ്ടേസ്കൂറം കേന്ദ്രാഫീസിൽ നിന്നും ഡിപ്പോകളിൽനിന്നും ലഭിക്കുന്നതാണു്.

Publication Officer
OSSAE Office
Kottayam–686 038